## അദ്ധ്യായം 7

# മരിച്ചു എന്നാൽ ക്രിസ്തുവിനോട് ചേർന്നു

റോമർ 7-ാം അദ്ധ്യായത്തിൽ 'വിശുദ്ധീകരണത്തെക്കുറിച്ചുള്ള' ഒരു ചർച്ച തുടരുന്നു. ഇതാണ് ദൈവത്താൽ വേർതിരിക്കപ്പെടുകയും പിന്നീട് ആ പദവിയ്ക്കനുസരിച്ച് ഒരു സ്ഥിരതയോടുകൂടിയ ജീവിതം നയിക്കുവാൻ സാധിക്കുകയും ചെയ്യുന്നത്. 6-ാം അദ്ധ്യായത്തിൽ പൗലൊസ് രണ്ട് സാദൃശ്യങ്ങൾ പ്രയോഗിക്കുന്നുണ്ട്. അതിലെ സത്യങ്ങൾ വ്യക്തമാക്കുന്നതിനായി നിങ്ങൾ പാപത്തിൽ മരിച്ചിരിക്കുന്നു (അതിനുതക്കവണ്ണം) നിങ്ങൾ ദൈവത്തിന്റെ അടിമകളാണ് (അതിനു ചേരുംവണ്ണം *പ്രവർത്തിക്കുക*) 7-ാം അദ്ധ്യായത്തിൽ പൗലൊസ് മൂന്നാമത് ഒരു സാദൃശ്യം കൊണ്ടുവരുന്നു. നിങ്ങൾ ക്രിസ്തുവിനോട് വിവാഹിതരായിരിക്കുന്നു (അതനുസരിച്ച് *പ്രവർത്തിക്കുക*).

നേരത്തെ സൂചിപ്പിച്ചതുപോലെ റോമർ 6 ക്രിസ്ത്യാനിക്ക് പാപവുമായുള്ള ബന്ധത്തെ ആസ്പദമാക്കിയുള്ള ബന്ധമാണ് വിഷയം. 7-ാം അദ്ധ്യായത്തെക്കുറിച്ച് ജോൺ ആർ. ഡബ്ല്യു സ്റ്റോട്ട് എഴുതിയത്. നിയമം, കല്പന, എഴുതപ്പെട്ട പ്രമാണം എന്നതിലൊന്ന് ഈ അദ്ധ്യായത്തിലെ എല്ലാ 14 വാക്യങ്ങളിലും സ്പർശിച്ചിട്ടുണ്ട് ആ ഭാഗത്ത് 35 പ്രാവശ്യം പറഞ്ഞിട്ടുണ്ട് (7:1-8:4).[1] ന്യായപ്രമാണം എന്ന് പൊതുവായി പറയാമെങ്കിലും പൗലൊസ് മോശെയുടെ ന്യായപ്രമാണമാണ് ഉദ്ദേശിച്ചിരിക്കുന്നത് (7:7).

യഹൂദന്മാർ ന്യായപ്രമാണത്തെ ദൈവത്തിന്റെ ഏറ്റവും ഉന്നതമായ ദാനമായി ഗണിച്ചിരുന്നു.[2] ദാവീദുരാജാവ് ഇങ്ങനെ എഴുതി (സങ്കീ. 19;7) "യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു. അത് അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു." എന്നിരുന്നാലും, പൗലൊസ് റോമർക്ക് തന്റെ ലേഖനം എഴുതുമ്പോൾ ന്യായപ്രമാണത്തെക്കുറിച്ചാണ് കൂടുതലായി വിവരിക്കുന്നത്.:

> "ന്യായപ്രമാണത്തിന്റെ പ്രവർത്തിയാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല" (3:20).
>
> ന്യായപ്രമാണം കോപത്തിന് ഹേതുവാകുന്നു (4:15).
>
> എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു (5:20).
>
> നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപക്കത്രെ അധീനരാകുന്നു (6:14).

പൗലൊസ് ദൈവത്തിന്റെ ഏറ്റവും വലിയ ദാനത്തെ നിരസിക്കുകയാണെന്ന് പൗലൊസിന്റെ വായനക്കാർക്ക് തോന്നിക്കാണും. ന്യായപ്രമാണ

ത്തെകുറിച്ചുള്ള പ്രസ്താവനകൾ വിശദീകരിച്ചും വ്യക്തത വരുത്തിയും കൊടുക്കുവാൻ സമയമായി. അത് താൻ 7-ാം അദ്ധ്യായത്തിൽ ചെയ്യുന്നു.

## ന്യായപ്രമാണത്തിന്റെ താല്ക്കാലിക സ്വഭാവം (7:1-6)

### വിവാഹ സാദൃശ്യം (7:1-3)

**1സഹോദരന്മാരെ ന്യായപ്രമാണം അറിയുന്നവരോടല്ലോ ഞാൻ സംസാ
രിക്കുന്നത് മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തൊക്കെയും ന്യായപ്രമാ
ണത്തിന് അവന്റെ മേൽ അധികാരമുണ്ടെന്ന് നിങ്ങൾ അറിയുന്നില്ലയോ.
2ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന
്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവളായി. 3ഭർത്താവും ജീവിച്ചിരിക്കു
മ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്ന് പേർ വരും.
ഭർത്താവു മരിച്ചു എങ്കിലോ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണ
ത്തിൽ നിന്നും സ്വതന്ത്രയാകുന്നു.**

പല സ്ഥാനങ്ങളിൽ പൗലൊസ് കർത്താവും അവന്റെ സഭയും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കുവാൻ വിവാഹബന്ധത്തെ ഉപയോഗിച്ചിട്ടുണ്ട്. 2 കൊരിന്ത്യർ 11 ന്റെ രണ്ടാം വാക്യത്തിൽ ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു. 1 കൊരി. 6:17-ൽ ക്രിസ്തുവിനോടു ചേരുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തന്റെ സർവ്വസാധാരണയായി അറിയപ്പെടുന്ന സാദൃശം എഫസ്യർ 5-ാം അദ്ധ്യായത്തിലാണ്:

> ഭാര്യമാരെ, കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം.
>
> ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലി

യത്; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രെ പറയുന്നത് (എഫെസ്യർ 5:22-32).

**വാക്യം 1.** അദ്ധ്യായം 7 ീ്യ എന്ന വാക്കിൽ തുടങ്ങുന്നു. മുൻപിലത്തെ, വിശുദ്ധീകരണത്തെക്കുറിച്ചുള്ള ഭാഗവുമായി ബന്ധിപ്പിക്കുന്നു. "**നിങ്ങൾ അറിയുന്നില്ലയോ**" എന്ന് മൂന്നാമത്തെ പ്രാവശ്യമാണ് പൗലൊസ് ചോദിക്കുന്നത്. (6:3, 16). ഓരോ പ്രാവശ്യവും ചോദ്യം ചോദിച്ച് ക്രിസ്ത്യാനി ഒരു വിശുദ്ധീകരിക്കപ്പെട്ട ജീവിതം നയിക്കുന്നതിനെക്കുറിച്ച് ഒരു ചിന്ത അവതരിപ്പിക്കുവാൻ ശ്രമിക്കുകയാണ്. പൗലൊസ് പഠിപ്പിക്കാനാഗ്രഹിക്കുന്ന തത്വം അവർക്ക് നേരത്തേ അറിയാവുന്ന ഒരു കാര്യത്തിൽ അടിസ്ഥാനപ്പെടുത്തി പറയുകയാണ്.

1:13 കഴിഞ്ഞതിൽ പിന്നെ ഇതുവരെയും **സഹോദരന്മാരെ** എന്നു പൗലൊസ് വിളിക്കുന്നില്ല. ഈ പാഠത്തിൽ രണ്ടു പ്രാവശ്യം അതു കാണുന്നു (7:1, 4 ). 7-ാം അദ്ധ്യായത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളോട് തന്റെ അടുത്തു വരുമ്പോൾ അവരുമായിട്ടുള്ള ബന്ധം ബലപ്പെടുത്തുവാനാണെന്നു വിചാരിക്കാം.

പൗലൊസ് അവതരിപ്പിക്കുവാൻ തുടങ്ങുന്ന കാര്യങ്ങൾ സഹോദരന്മാർ മനസ്സിലാക്കുമെന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. ന്യായപ്രമാണം അറിയുന്നവരോടല്ല ഞാൻ സംസാരിക്കുന്നത്. ഗ്രീക്കു പാഠത്തിൽ ന്യായപ്രമാണത്തിനു മുൻപായി definite article ചേർത്തിട്ടില്ല. ലാറി ഡീസന്റെ അഭിപ്രായത്തിൽ 7-ാം അദ്ധ്യായത്തിൽ പൗലൊസ് സംസാരിക്കുന്നത് പ്രത്യേകമായി മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചും (7:7).[3] ഒന്നാം വാക്യത്തിലെ തത്വം മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചും പൊതുവേ നിയമങ്ങളെക്കുറിച്ചും ആകുന്നു.

ഏതു തത്വമാണ്? **ഒരാൾ ജീവിച്ചിരിക്കുന്ന കാലത്തോളമേ ന്യായപ്രമാണത്തിന് അവന്റെ മേൽ അധികാരമുള്ളൂ?** ആറാം അദ്ധ്യായത്തിൽ പൗലൊസ് വാദിക്കുന്നു മരണം നിയമങ്ങളെ റദ്ദു ചെയ്യുന്നുവെന്ന് (6:7). ഇപ്പോൾ ആ സത്യത്തെ വീണ്ടും ശക്തീകരിച്ചു പറയുന്നു. നിയമപ്രകാരമുള്ള ഈ സിദ്ധാന്തം സാർവ്വലൗകികമായി സ്വീകരിയ്ക്കപ്പെട്ടതും വെല്ലുവിളിയില്ലാത്തതുമാണ്.[4] പൗലൊസിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. മരിച്ച ഒരാൾ കരം കൊടുക്കേണ്ടതില്ല. അല്ലെങ്കിൽ മരിച്ച ഒരാൾ അയാൾ ചെയ്ത കുറ്റങ്ങൾക്ക് വിസ്തരിയ്ക്കപ്പെടേണ്ടതില്ല. എന്നാൽ തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ദൈനംദിന ജീവിതത്തിൽ നിന്നുള്ള ഏറ്റവും തക്കയോഗ്യമായ ഒന്ന് ഉപയോഗിച്ചു: വിവാഹം.

**വാക്യം 2. ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ ബന്ധിയ്ക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവളായി,** ഈ വാക്യം ഇംഗ്ലീഷിൽ for (γάρ, *gar*) എന്ന വാക്കിൽ തുടങ്ങുന്നു. അതിന്റെ കാരണം കാണിക്കുക എന്ന അർത്ഥത്തിൽ പല പരിഭാഷയിലും for example എന്നും (NIV; CEV; NCV; NEB; REB; NLT) ചിലതിൽ ളീ്യ ശിമെേീരല എന്നും (JB; AB) ആണ്. രണ്ടാം വാക്യത്തിലെ ഒമ്യൃശലഗ ീമി ഭർത്താവുള്ള സ്ത്രീ എന്നത് പുതിയ നിയമത്തിൽ ὕπανδρος (hupandros) ഇവിടെ മാത്രം കാണുന്നു. മനുഷ്യൻ (ἀνδρός, *andros*, from ἀνήρ, *anēr*) എന്നും ൗിറലൃ (ὑπό, *hupo*) എന്നും ഉള്ളതിന്റെ അർത്ഥം ഒരു മനുഷ്യന്റെ അധീനതയിൽ ഉള്ള സ്ത്രീ എന്നാണ്. മനുഷ്യനെക്കുറിച്ചുള്ള നിയമം എന്നാൽ ഭർത്താവിന്റെ നിയമം എന്നാണർത്ഥം അതായത് ഭാര്യയെ ഭർത്താവുമായി ബന്ധിയ്ക്കുന്ന നിയമം എന്നർത്ഥം. പൗലൊസിന്റെ മനസ്സിൽ

മോശെയുടെ ന്യായപ്രമാണത്തിലെ ഉപദേശങ്ങളായിരിക്കാം ഉണ്ടായിരുന്നത്. പല സമുദായങ്ങൾക്ക് വിവാഹനിയമങ്ങൾ ഉണ്ടായിരുന്നു. ആ നിയമങ്ങൾ ഭാര്യയെ ഭർത്താവുമായി ബന്ധിച്ചുനിർത്തി. അവൻ ജീവിച്ചിരുന്ന കാലത്തോളം എന്നാൽ അവൻ മരിച്ചാൽ അവൾ ആ നിയമത്താൽ ബന്ധിയ്ക്കപ്പെട്ടവളല്ലാ യിരുന്നു. യേശു പറഞ്ഞത് ഈ ലോക ജീവിതം കഴിഞ്ഞാൽ പിന്നെ മനു ഷ്യർ വിവാഹം കഴിക്കുന്നില്ല വിവാഹത്തിന് കൊടുക്കപ്പെടുന്നുമില്ല എന്നാണ് (മത്താ. 22:30).

**വാക്യം 3**. തന്റെ ഉദാഹരണം വിശാലമാക്കിക്കൊണ്ട് പൗലൊസ് പറഞ്ഞ ത്, **ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭി ചാരിണി എന്ന് പേർവരും. ഭർത്താവു മരിച്ചു എങ്കിലോ അവൾ വേറെ പുരു ഷന് ആയാൽ വ്യഭിചാരിണി എന്നു പേർ വരാതവണ്ണം ന്യായപ്രമാണത്തിൽ നിന്നു സ്വതന്ത്രയാകുന്നു.** രണ്ടുകാര്യങ്ങളിലും, 'അന്യോന്യം ചേർക്കുന്നതിന്' ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് γίνομαι (*ginomai*) എന്ന ബഹുത്വത്തിനു ഉപയോഗിക്കുന്ന "ആകുന്നു" എന്ന സാഹചര്യാർത്ഥത്തി ലാണ്. ഈ ഒരു സാഹാചര്യത്തിൽ 'ഒരു മനുഷ്യന്റെ ഭാര്യയാകുന്നു' എന്നതാണ്. അത് വിവാഹം കഴിക്കുക എന്നാണ് (KJV, NKJV, NIV കാണുക).

രണ്ടു സ്ഥാനത്തും joined to എന്നത് become (ആയാൽ) ഇവിടെ ഒരു മനുഷ്യന് അയാൾ (ഭാര്യ ആയാൽ) അതായത് വിവാഹം കഴിക്കുക ഇതിനു പകരം അവനോടു കൂടെ ജീവിയ്ക്കുക അല്ലെങ്കിൽ അവളെ വിട്ടുകൊടുക്കുക എന്നാണ്. (euphemisms എന്നതിന് ലൈംഗീകബന്ധം പുലർത്തുക എന്നാ ണർത്ഥം.) വാക്യത്തിന്റെ അവസാനഭാഗത്ത് *ginomai* എന്ന വാക്ക് അതുപേ ാലെയുള്ള വാക്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അവിടെയും വിവാഹം ആണ് വിവക്ഷ. ആദ്യത്തെ *ginomai* യെ Leon Morris സൂചിപ്പിച്ചിട്ടുള്ളത് വിവാഹം ആണ്. പൗലൊസ് വിവാഹം എന്നുപയോഗിക്കുന്നില്ലെങ്കിലും ചുരുക്കത്തിൽ പൗലൊസിന്റെ ഊന്നൽ പുരുഷൻ ജീവിച്ചിരിക്കുന്നിടത്തോളം സ്ത്രീക്ക് പുരുഷനുമായി ബന്ധമുണ്ട്.[5] അവൻ മരിച്ചാൽ അവൾക്ക് വിവാഹം വേറൊരു പുരുഷനുമായി നടത്താം എന്നാണ്.

## ന്യായപ്രമാണത്തിൽ മരിക്കുക ക്രിസ്തുവിനോട് ചേരുക (7:4-6)

**4അതുകൊണ്ട് സഹോദരന്മാരെ നാം ദൈവത്തിനു ഫലം കായ്ക്കു മാറ് മരിച്ചിട്ടുയർത്തെഴുന്നേറ്റവനായ വേറൊരുവന് ആകേണ്ടതിന് നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തിരം ന്യായപ്രമാണ സംബന്ധമായി മരിച്ചി രിക്കുന്നു. 5നാം ജഢത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരോഗങ്ങൾ മരണത്തിനു ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയ വങ്ങളിൽ വ്യാപരിച്ചുപോന്നു. 6ഇപ്പോഴോ നമ്മെ പിടിച്ചടക്കിയിരുന്ന ന്യായ പ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സ്നേഹിക്കേണ്ടതിന് നാം ന്യായപ്രമാണ ത്തിൽ നിന്നും ഒഴിവുള്ളവരായിരിക്കുന്നു.**

സാദൃശത്തിൽ നിന്നും പണിയുവാൻ പൗലൊസ് ഒരുങ്ങുന്നു. മരണ ത്താൽ പാപികൾ സ്വതന്ത്രരാക്കപ്പെട്ടു. അവർക്ക് പുതിയ ഭർത്താവിനെ വിവാഹം ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ട് എന്നാൽ നാം പ്രതീക്ഷിക്കുന്നതുപേ

ാലെ പൗലൊസ് അത് പ്രയോഗിക്കുന്നില്ല. അദ്ദേഹത്തിന്റെ ഉദാഹരണത്തിൽ *ഭർത്താവു* മരിക്കുന്നു. എന്നാൽ പ്രയോഗത്തിൽ *ഭാര്യയാണ്* മരിച്ചത്.[6] ഇത് എങ്ങനെ വന്നു എന്നു നോക്കിയാൽ അദ്ദേഹത്തിന്റെ മുമ്പിലത്തെ ശക്തീകരണത്തിൽ ക്രിസ്ത്യാനി പാപത്തിനു *മരിയ്ക്കുക* എന്ന (6:2, 7, 8, 11) ചിത്രത്തിൽ ഒരു switch ഉണ്ടെന്നുവരികിലും വിഷയം അതുപോലെ നിൽക്കുന്നു.[7] മരണം വിവാഹത്തെ അലിയിച്ചുകളഞ്ഞ ഒരാൾക്ക് വീണ്ടും വിവാഹം ചെയ്യുവാൻ സാധിക്കും.

**വാക്യം 4. അതുകൊ് സഹോദരന്മാരെ നാം ദൈവത്തിൽ ഫലം കായ്ക്കുമാറ് മരിച്ചുയർത്തെഴുന്നേറ്റവനായ വേറൊരുവന് ആകേതിന് ക്രിസ്തുവിന്റെ ശരീരം മുഖാന്തിരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു.** ഗ്രീക്ക് രേഖകളിൽ ''ന്യായപ്രമാണം'' എന്ന വാക്കിന്റെ മുമ്പിലായി ഒരു വ്യക്തത തരുന്ന പദമുണ്ട്. NASB യിലും മറ്റു ചില പരിഭാഷകളിലും L എന്ന വലിയക്ഷര ത്തിലാണ് ലോ എന്ന വാക്ക് തുടങ്ങുന്നത്. അത് മോശെയുടെ ന്യായപ്രമാണ ത്തെയാണ് പൗലൊസ് വിവക്ഷിക്കുന്നത് എന്നതിന്റെ തെളിവാണ്.

വ്യാഖ്യാതാക്കൾ പറയും യഹൂദർ ന്യായപ്രമാണവുമായി വിവാഹം ചെയ്തില്ല. ദൈവവവുമായിട്ടാണ് ചെയ്തതെന്ന്. (യിരമ്യ. 31:32) ന്യായപ്രമാണം വിവാഹനിയമങ്ങൾ മാത്രമായിരുന്നു. അതു ശരിയാണ് പക്ഷെ യഹൂദർ ന്യായപ്രമാണത്തെ വളരെ ഉയർത്തിയിട്ട് അതിനോടാണ് അവർ വിവാഹ ബന്ധം ചെയ്തിരിക്കുന്നത് എന്ന് തോന്നും (7:6 കാണുക) അവർ അതിനോട് കെട്ടപ്പെട്ടവരായിരുന്നു.

ഇപ്പോൾ പൗലൊസ് പറയുന്നത് **യേശുക്രിസ്തുവിന്റെ ശരീരം മുഖാന്തരം** ആ ബന്ധത്തിൽ നിന്നും സ്വതന്ത്രരായി തീർന്നു എന്നാണ്. നാം എങ്ങനെയാണ് ആത്മീയ സ്വാതന്ത്ര്യം പ്രാപിക്കുക എന്നു പറയുന്നതിന്റെ പതിവില്ലാത്ത ഒരു രീതിയാണ്. ക്രിസ്തുവിന്റെ സഭയെ അവന്റെ ശരീരം എന്നു വിളിക്കുന്നതുകൊണ്ട് (എഫെ. 1:22, 23; കൊലൊ. 1:18; 1 കൊരി. 12:27) ചിലർ വിചാരിക്കുന്നത് പൗലൊസ് നാം രക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തെക്കുറിച്ചാണ് ഈ പറയുന്നത്. റോമർ 7:4–ൽ CEV യും TEV യും പറയുന്നത് ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ സഭയുടെ ഭാഗമാണെന്നത്രേ. പൗലൊസ് യേശുവിന്റ ശരീരമാകുന്ന സഭയെക്കുറിച്ചാണ് പറയുന്നതെന്നാണ്. ആണികൾ തറയ്ക്കപ്പെട്ട ആ ശരീരത്തെക്കുറിച്ച് AB യിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരത്തിൽ കൂടി തീ മരണം സഹിച്ചു. എഫേ. 2:15–ൽ ''അവൻ ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഢത്തിൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു എന്നു പറയുന്നു.

റോമർ 7:4–ൽ NEB യിൽ ക്രിസ്തുവിന്റെ ശരീരത്തോട് ഏകീഭവിച്ചിട്ട് നിങ്ങൾ ന്യായപ്രമാണത്തിനു മരിച്ചുവെന്നാണ്. നാം സ്നാനപ്പെട്ടപ്പോൾ ക്രിസ്തുവിന്റെ ശരീരത്തോട് ഏകീഭവിച്ചു. മോറിസ് അഭിപ്രായപ്പെട്ടത് യേശുക്രിസ്തുവിന്റെ ശരീരത്തിൽ കൂടി എന്നത് പൗലൊസ് 6–ാം അദ്ധ്യായത്തിൽ പറഞ്ഞതിനെ ബലപ്പെടുത്തി പറയുകയായിരുന്നു. ''അവന്റെ മഹത്വത്തിൽ പങ്കാളികളായി തീർന്ന സ്നാനത്തിൽ നാം അവനോടു കൂടെ കുഴിച്ചിടപ്പെട്ടു'' (6:4, 5).[8] വില്ല്യം ബാർക്ലെ പറഞ്ഞു സ്നാനത്തിൽ നാം യേശുവിന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു.[9]

യേശുക്രിസ്തുവിന്റെ ശരീരത്തിൽ കൂടി. നാം ന്യായപ്രമാണത്തിന് മരിച്ചു നാം വേറൊരുത്തന്റെ വകയാകേണ്ടതിന് ചിലർ വിചാരിക്കുന്നത് പൗലൊസ് ഇവിടെ തന്റെ ചിത്രം യജമാനനും ദാസനും എന്ന അവസ്ഥയിലേക്ക് മാറ്റുക

യാണെന്ന് അത്രെ. എന്നാൽ നാലാം വാക്യത്തിലെ ചേരുക എന്ന പദം മൂന്നാം വാക്യത്തിൽ വിവാഹം എന്ന പദം തന്നെയാണ്. അതുകൊണ്ട് പൗലൊസ് വിവാഹസാദൃശ്യം തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് തോന്നും (KJV; NKJV; SEB).

നാം ആരായാണ് വിവാഹം ചെയ്യുന്നത്? **മരണത്തിൽ നിന്ന് ഉയർത്തവനായ ഒരുത്തന് അത് ക്രിസ്തുവാണ്.** സ്നേഹമുള്ള ഒരു ഭാര്യയും ഭർത്താവും തമ്മിൽ നിലനിൽക്കുന്ന അടുത്ത ബന്ധത്തെക്കാൾ വലിയ ഒരു ബന്ധം ഇല്ല. ക്രിസ്തുവിനും അവന്റെ സഭയ്ക്കും തമ്മിലുള്ളതിനേക്കാൾ കൂടിയ ഒരു ആത്മീക ബന്ധം ഇല്ല. ഈ വിധത്തിൽ പൗലൊസ് ക്രിസ്തുവുമായുള്ള പ്രത്യേക ബന്ധത്തെ തെളിയിച്ചു കാട്ടി. അത് നിഗൂഢമായതും കീഴ്പ്പെടുന്നതും സ്ഥിരമായതുമായ നമ്മുടെ ക്രിസ്തുവുമായുള്ള ബന്ധം.[10]

ന്യായപ്രമാണത്തിന് മരിക്കുക എന്ന ഉടനെയുള്ള ഉദ്ദേശ്യം യേശുക്രിസ്തുവിനോട് ചേരുവാൻ ഉള്ളതാണ്: **നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിനാണ്** (καρποφορέω, *karpophoreō*). ഏറെ നാളുകൾക്ക് മുമ്പ് ദൈവം ആദാമിനോടും ഹവ്വയോടും കൽപ്പിച്ചു. ''നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവീൻ'' ഉൽപ്പത്തി. 1:28. വിവാഹത്തെക്കുറിച്ച് ദൈവത്തിന്റെ ഒരു ഉദ്ദേശം സന്താനങ്ങളെ ഉൽപാദിപ്പിക്കുക എന്നതാണ്. അതുപോലെ നമ്മുടെ വിവാഹത്തിലും ദൈവത്തിനായി ഫലം പുറപ്പെടുവിക്കണം (യോഹ. 15:1, 2).

നാം പുറപ്പെടുവിക്കുന്ന ഫലം എന്താണ്. പൗലൊസിന് സുവിശേഷീകരണമാണ് മനസ്സിലുണ്ടായിരുന്നത് എന്ന് പറവാൻ പരീക്ഷിക്കപ്പെടുന്നു. ഭർത്താവിനും ഭാര്യയ്ക്കും കുട്ടികൾ ജനിക്കുന്നതുപോലെ നാം ക്രസ്തുവിൽ ശിശുക്കളെ ഉൽപാദിപ്പിക്കണം (1 കൊരി. 3:1; KJV). ഓറഞ്ച് മരത്തിന്റെ ഫലം ഓറഞ്ചും ആപ്പിൾ മരത്തിന്റെ ഫലം ആപ്പിളുമായിരിക്കുന്നതുപോലെ ഒരു ക്രിസ്ത്യാനിയുടെ ഫലം വേറൊരു ക്രിസ്ത്യാനിയായിരിക്കണം.

ഈ സാഹചര്യത്തിൽ കുറെക്കൂടി വിശാലമായ ഒരു പ്രയോഗം ആവശ്യമാണ്. 6-ാം അദ്ധ്യായത്തിൽ ഫലം എന്നതിന് പ്രയോജനം καρπός (*karpos*, "fruit") എന്നും അർത്ഥമുണ്ട്. 6:21, 22ലും 7-ാം അദ്ധ്യായത്തിലും വാക്യം 4ന്റെ ഫലം വാക്യം 5 ലെ മരണത്തിന്റെ ഫലം എന്നതിന് വിപരീതമാണ്. അതുകൊണ്ട് നാലാം വാക്യത്തിലെ ഫലത്തെ നീതിയുടെ ഫലം എന്നോ അതുപോലെ എന്തെങ്കിലുമെന്നോ കരുതാം (ഫിലി. 1:11).

ഇങ്ങനെയുള്ള ഫലം എങ്ങനെയാണ് പുറപ്പെടുവിക്കുന്നത്. ഒന്നാമത് ശരിയായ *മനോഭാവം* ഉണ്ടായിരിക്കുന്നതിൽ നമുക്ക് ആവശ്യമായ മനോഭാവത്തെ കുറിച്ച് പൗലൊസ് എഴുതിയത്. ആത്മാവിന്റെ ഫലമോ സ്നേഹം സന്തോഷം സമാധാനം ദീർഘക്ഷമ ദയ പരോപകാരം വിശ്വസ്തത സൗമ്യത ഇന്ദ്രിയജയം ഇവയാണ് (ഗലാ. 5:22, 23). രണ്ടാമത് ശരിയായ പ്രവർത്തികൾ. പൗലൊസ് കൊലൊസിലുള്ള സഹോദരൻമാരെ വെല്ലുവിളിക്കുന്നു ''കർത്താവിന് യോഗ്യമാംവണ്ണം നടന്ന് അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കണം'' (കൊലോ. 1:10).

ഇത് സുവിശേഷീകരണത്തെ ഒഴിവാക്കുകയാണോ? അല്ല. 1-ാം അദ്ധ്യായത്തിൽ പൗലൊസ് പറഞ്ഞു അവൻ റോമിലേക്ക് യാത്ര ചെയ്തു വരണമെന്നു ആഗ്രഹിച്ചു. അവിടെയുള്ള ആളുകളിൽ നിന്നും ചില ഫലം ഉണ്ടാകുവാൻ (1:13) പുതിയ ആത്മാക്കളെ നേടുന്ന കാര്യമാണ് പൗലൊസ് ഉദ്ദേശിച്ചത് എന്ന് മിക്ക എഴുത്തുകാരും പറയുന്നു (മത്താ. 28:19). ഫലപ്രദമായ ജീവിതത്തിന്റെ സജീവ ഭാഗമാണ്. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനു

ഷ്യപുത്രൻ വന്നത് (ലൂക്കൊ. 19:10) എന്ന് യേശു പറഞ്ഞു. നാം അവന്റെ പാത പിൻതുടരണം (1 പത്രൊ. 2:21).

**വാക്യം 5.** എന്തുകൊണ്ടാണ് നാം ഫലം കായ്ക്കുന്നത്? ദൈവത്തിന് ആവശ്യം എന്തുകൊണ്ടെന്നാൽ നാം ക്രിസ്തുവുമായി വിവാഹം ചെയ്യുന്നതിന് മുമ്പെ അത് അസാധ്യമായിരുന്നു. **നാം ജഢത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരോഗങ്ങൾ മരണത്തിന് ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പോന്നു.** ഇവിടെ ജഢത്തിൽ എന്നത് നമ്മുടെ ശരീരം അല്ല പൗലൊസിനെ കേൾക്കുന്നവർ ശരീരത്തിലുള്ളവരായിരുന്നു. എന്നാൽ അവർ ജഢീകന്മാർ അല്ലായിരുന്നു. ജഢം എന്നുള്ളത് പിന്നീട് വിശദീകരിയ്ക്കാം (7:14 ലെ വിശദീകരണം കാണുക). ഇപ്പോൾ അവരുടെ മുമ്പിലത്തെ ക്രിസ്തുവിനെ കൂടാതെയുള്ള ആത്മീക നിലവാരം എന്ന് ചിന്തിക്കുക.

അവർ അന്നത്തെ ദയനീയ സ്ഥിതിയിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ ഉണ്ടായിരുന്നു. നമ്മിൽ അധികം പേർക്കും ഒരു മത്സരത്തിന്റെ ചായ്‌വുണ്ട്. കല്പനകളെ അനുസരിക്കാതിരിയ്ക്കാൻ ഉള്ള ഒരു മനസ്സ്. അതുകൊണ്ട് ന്യായപ്രമാണം അനുസരിക്കാൻ പറയുമ്പോൾ "നീ ചെയ്യരുത് എന്നു" കല്പിക്കുമ്പോൾ ജഢം ശക്തിയോടെ മത്സരിച്ച് ഫലത്തിൽ എന്തു ചെയ്യണമെന്ന് നിനക്ക് പറയുവാൻ പറ്റുകയില്ല എന്നു പറയുകയും പാപം സംഭവിക്കുകയും ചെയ്തു.

അഞ്ചാം വാക്യത്തിലെ പൗലൊസിന്റെ സങ്കല്പം ജഢത്തിൽ പ്രതിഫലനത്തിന്മേൽ അടിസ്ഥാനപ്പെട്ടതാണ് (യാക്കൊബ് 1:14,15). അതുപോലെയുള്ള സങ്കല്പങ്ങൾ. ഒരു സ്ത്രീയും പുരുഷനും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുവാൻ സാധിക്കാതെ വരുമ്പോൾ പാപം (ദുർന്നടപ്പ് ഉണ്ടാകാം). ഒരു ഫലം, വേണ്ടാത്ത ഒരു ഗർഭം ആയിരിക്കും. അതുപോലെ നാം ജഢത്തിലായിരുന്നപ്പോൾ നമ്മുടെ പാപം നിറഞ്ഞ വികാരങ്ങൾ ഉണർന്നെഴുന്നേൽക്കുകയും നാം പാപം ചെയ്യുകയും ചെയ്തു. ഒരു സ്ത്രീയുടെ ശരീരത്തിൽ ഒരു പൈതൽ വളർന്നു വരുന്നതുപോലെ ദോഷകരമായ വികാരങ്ങൾ നമ്മുടെ ശരീരത്തിൽ പ്രവർത്തിക്കും (REB, JB കാണുക). ജീവനെ ജനിപ്പിക്കുന്നതിന് പകരം നാം മരണത്തെ പ്രസവിച്ചു. MSG യിൽ "അവസാനം നമുക്ക് കാണിപ്പാൻ സാധിച്ചത് ഗർഭമലസലും ചാപിള്ള പിറവിയും മാത്രം."

വിവാഹം സാദൃശ്യം അത്രത്തോളം മുന്നോട്ട് കൊണ്ടുപോകുന്നതിനെ ചിലർ എതിർത്തേക്കും. പൗലൊസ് അത്രത്തോളം ഉദ്ദേശിച്ച് കാണുകയില്ല. അങ്ങനെയാണെങ്കിൽ പോലും ഇത്രത്തോളം നമുക്ക് അതിനോട് യോജിക്കുവാൻ സാധിക്കും. "നാം ക്രിസ്ത്യാനികൾ ആകുന്നതിനുമുമ്പെ ദൈവത്തിന് ഫലം കായ്ക്കുവാൻ സാധിച്ചില്ല എന്നും കായിച്ചത് മരണത്തിന്റെ ഫലമായിരുന്നു എന്നും ഉള്ളതിനോട് യോജിക്കുവാൻ സാധിക്കും.

**വാക്യം 6.** ഒരിക്കൽ പൗലൊസിന്റെ വായനക്കാർ പാപത്തിന്റെ ദാസന്മാരായിരുന്നു. (6:17) **എന്നാൽ ഇപ്പോൾ നാം ന്യായപ്രമാണത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണത്തിനു മരിച്ചിരിക്കുന്നു.** ടല്യ്യല δουλεύω (*douleuō*) എന്ന വാക്ക് റീൗഹീ δοῦλος (*doulos*) എന്ന ഗ്രീക്ക് ക്രിയയിൽ നിന്നു വന്നതാണ്. അതിനർത്ഥം 'അടിമ' എന്നാണ്. ചിലർ ചിന്തിക്കുന്നത് പൗലൊസ് തന്റെ വിവാഹ സാദൃശ്യം മാറ്റിയിട്ട് തന്റെ അടിമത്വം എന്ന സാദൃശ്യത്തിലേക്ക് (6:16–23) മാറുകയാണ് എന്നാണ്. 7:6–ൽ ചില ചിത്ര

ങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും മാറുന്നുണ്ടായിരിക്കാം. എന്നാൽ പൗലൊസ് നേരത്തെ ഉപയോഗിച്ച പേരുകളും മറ്റും ഇപ്പോഴും ഉപയോഗിക്കുന്നു. 4-ാം വാക്യത്തിൽ നാം ന്യായപ്രമാണത്തിന് മരിച്ചിരിക്കുന്നു എന്നു പറയുന്നു. ഇപ്പോൾ 6-ാം വാക്യത്തിൽ നമ്മെ ബന്ധിച്ചിരുന്ന ന്യായപ്രമാണം സംബന്ധിച്ച് നാം മരിച്ചിരിക്കുന്നു എന്നാണ്. അത് ന്യായപ്രമാണമാണെന്ന് വ്യക്തമായി പൗലൊസ് തന്റെ വിവാഹസാദൃശ്യത്തിൽ തുടരുകയാണ്.

ആദിയിൽ ദൈവം ഒരു സ്ത്രീയെ സൃഷ്ടിച്ചത് മനുഷ്യന് ഒരു തക്ക തുണ ഉണ്ടാകേണ്ടതിനാണ് (ഉല്പത്തി 2:18). ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലക്ക് നാം അവനെ അധികമായി സഹായിച്ചു സേവിക്കേണ്ടതാണ്. അതിനർത്ഥം എപ്പോഴും അവന്റെ ഇഷ്ടം ചെയ്യുവാൻ ഒരുങ്ങിയിരിക്കണം എന്നാണ്. അവന്റെ ഇഷ്ടം എന്തുതന്നെയായിരുന്നാലും രണ്ടാം വാക്യത്തെക്കുറിച്ച് നാം മുൻപെ പറഞ്ഞത് വിവാഹസ്ഥയായ സ്ത്രീ എന്നാൽ മനുഷ്യന്റെ അധികാരത്തിൻ കീഴുള്ള സ്ത്രീ. ക്രിസ്തുവിന്റെ മണവാട്ടിയായ നാം അവന്റെ അധികാരത്തിൻ കീഴിലാണ്. വിസ്ഥാരമാക്കപ്പെട്ട വിവാഹ സാദൃശത്തിൽ എഫെ. 5ൽ പൗലൊസ് ക്രിസ്തുവാണ് സഭയുടെ തല എന്നെഴുതി. സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കണമെന്നും (എഫെ. 5:23, 24).

സ്നേഹപൂർണ്ണയായ ഒരു ഭാര്യ അവളുടെ ഭർത്താവിനെ പ്രസാദിപ്പിക്കുന്നതുപോലെ ഒരു അടിമ വൈമനസ്യത്തോടെ യജമാനനെ സേവിക്കുന്നതുപോലെയല്ല - നാം ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കണം. **അക്ഷരത്തിന്റെ പഴക്കത്തിലല്ല** γράμμα, (*gramma*) **ആത്മാവിന്റെ പുതുക്കത്തിൽ** πνεῦμα, (*pneuma*) തന്നെ നാം കർത്താവിനെ സേവിക്കണം എന്ന് പൗലൊസ് പറയുന്നു. ഈ വാക്കുകളുടെ അർത്ഥം ചർച്ച ചെയ്യുന്നതിനു മുമ്പായി അവ എന്ത് അർത്ഥമാക്കുന്നില്ല എന്ന് ചിന്തിക്കണം. ന്യായപ്രമാണത്തിന്റെ ആത്മാവിനെ എന്നു പറയാറുണ്ട്.[12] ന്യായപ്രമാണത്തിന്റെ ആത്മാവും അക്ഷരവും എന്ന വ്യത്യാസമല്ല പൗലോസിന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്ന് സ്റ്റോട്ട് പറയുന്നുണ്ട്. ഡഗ്ലസ് ജെമൂ യോജിക്കുന്നുമുണ്ട്. പൗലൊസ് തന്റെ ഭാഷയെയോ അക്ഷരത്തെക്കുറിച്ച് ഒരു സഹായവും തരുന്നില്ല (റോമ. 2:29, 7:6; 2 കൊരി. 3:6-7).[13]

റോമർ 7:6 ന്റെ അവസാനഭാഗത്ത് രണ്ടു വൈരുദ്ധ്യങ്ങൾ കാണിച്ചിട്ടുണ്ട്. ഒന്നാമത്തേത് പുതുക്കവും പഴക്കവും തമ്മിലാണ്. അഥവാ പുതുവഴി, പഴയവഴി എന്ന വാക്കുകളിലാണ്. ഇതിൽ പഴയ നിയമവും പുതിയനിയമവും എന്നത് തമ്മിലുള്ള വൈരുദ്ധ്യമായി കാണാതിരിക്കുവാൻ പ്രയാസമാണ് (എബ്ര. 8:7-13, 9:15). പൗലൊസ് ആത്മാവ് അക്ഷരമെന്ന വൈരുദ്ധ്യം മൂന്നുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെതായതോ റോമർ 2:29 ന്റെ സന്ദർഭം അനുസരിച്ച് അക്ഷരം എന്നത് മോശെയുടെ ന്യായപ്രമാണത്തെ കാണിക്കുന്നു (2:29 നെക്കുറിച്ചുള്ള വ്യാഖ്യാനം വായിക്കുക). 2 കൊരി. 3:6, 7 അക്ഷരം എന്നത് കല്ലിൽ കൊത്തിയിരുന്ന അക്ഷരത്തെക്കുറിച്ച് ആണ്. അത് 10 കല്പനകളെ സംബന്ധിച്ചുള്ളതാണ്. അതുപോലെ റോമർ 7:6ൽ അക്ഷരം പ്രാഥമികമായി മോശയുടെ ന്യായപ്രമാണത്തെ ആസ്പദമാക്കിയുള്ളതാണ് (7:7). തന്മൂലം ഞങ്ങൾ ഈ വൈരുദ്ധ്യ പുതുമയും പഴക്കവും തമ്മിലുള്ളത് പഴയ നിയമവും പുതിയനിയമവും തമ്മിലുള്ളതാണന്ന് തീരുമാനിക്കുന്നു.

രണ്ടാമത് ഒരു വൈരുദ്ധ്യം 6-ാം വാക്യത്തിന്റെ അവസാന ഭാഗത്ത് ആത്മാവും അക്ഷരവും തമ്മിലൊരു വൈരുദ്ധ്യം ചൂണ്ടികാണിക്കപ്പെടുന്നു. ജെ.ഡി. തോമസ്, പൗലൊസ് വെറുതെ പഴയനിയമത്തെയും പുതിയ നിയമ

ത്തെയും എതിരായി കാണിക്കുകയല്ല, അവയിലെ *തത്വങ്ങളെയാണ്* വൈരുദ്ധ്യങ്ങളായി കാണിച്ചിരിക്കുന്നത് എന്നു പറയുന്നു.[14]

Spirit എന്ന വാക്ക് വലിയ അക്ഷരത്തിൽ തുടങ്ങണമോ ചെറിയ sൽ തുടങ്ങിയാൽ മതിയോ എന്ന സംശയവും നിലനിൽക്കുന്നു. പല പരിഭാഷകളിലും വലിയ s ഉപയോഗിച്ചിരിക്കുന്നു. ചിലരിൽ ചെറിയ s ഉപയോഗിച്ചിട്ടുണ്ട് (KJV; NEB; SEB). പൗലൊസ് പരിശുദ്ധാത്മാവിന്റെ പ്രവർത്തികളെ ശക്തീകരിച്ചു പഠിപ്പിക്കുന്ന 8-ാം അദ്ധ്യായത്തോട് നാം സമീപിക്കുകയാണ്. S വലിയത് ചെറുതിനെക്കാൾ ഇഷ്ടപ്പെട്ടേക്കും.[15] പരിശുദ്ധാത്മാവിനെയാണു ഉദ്ദേശിച്ചതെങ്കിൽ ശുശ്രൂഷക്ക് സഹായകമായ പുതിയൊരു ഉദ്ദേശ്യം തരുക മാത്രമല്ല കൂടുതൽ ശ്രേഷ്ടമായ ശുശ്രൂഷയ്ക്കുള്ള മുഖാന്തിരവും പ്രതീക്ഷിക്കുകയാണ് (8:13, 26).

പൗലൊസ് അർത്ഥമാക്കിയത് പരിശുദ്ധാത്മാവിനെയാണെങ്കിലും മാനുഷികമായ ആത്മാവിനെയാണെങ്കിലും തന്റെ വാക്കുകളുടെ ആദ്യ ഉപയോഗം വലിയ വ്യത്യാസം വരുത്തുന്നില്ല. അക്ഷരത്തിന്റെ പഴക്കത്തിൽ സേവിക്കുക എന്നതിനെ ഒരു നിയമപ്രകാരമുള്ള വേലയുടെ ക്രമീകരണത്തിൽ നീതീകരിക്കപ്പെട്ട് സേവിക്കുന്നതിനെ കുറിക്കുന്നു. അങ്ങനെയുള്ള ഒരു രീതി എഴുതപ്പെട്ട ഒരു നിയമ സംഹിത ആഗ്രഹിക്കുന്നു. അഥവാ നിർബന്ധമാക്കുന്നു. ആ പ്രമാണത്തിന്റെ ലക്ഷ്യം *പരിപൂർണ്ണമായി* അതിലെ നിയമങ്ങൾ അനുസരിക്കുക എന്നുള്ളതാണ്. മാനുഷികമായി അസാധ്യവുമാണ്. ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുക എന്നു പറഞ്ഞാൽ ദൈവേഷ്ടം സന്തോഷത്തോടെ ചെയ്ത് നാം വിശ്വാസത്താലും കൃപയാലും നീതീകരിക്കപ്പെട്ടിരിക്കുന്നു എന്ന അറിവിലും നിലനിന്ന് പോരുക എന്നാണ്. നമ്മുടെ പൂർണ്ണ ഹൃദയത്തോടും കഴിവോടും കൂടെ ഞങ്ങൾ സേവിക്കും. ദൈവം കല്പിച്ചതു ചെയ്യും. ഭയത്തിൽ നിന്നല്ല സ്നേഹത്തിൽ നിന്നു ചെയ്യുന്നു.

## ന്യായപ്രമാണത്തിന്റെ നന്മ – മനുഷ്യന്റെ ബലഹീനത (7:7-25)

### ന്യായപ്രമാണവും മനഃസ്സാക്ഷിയും (7:7-13)

**7ആകയാൽ നാം എന്തു പറയേണ്ടു? ന്യായപ്രമാണം പാപമെന്നോ? എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുത് എന്ന് ന്യായപ്രമാണം പറയാതിരുന്നു എങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു. 8എന്നാൽ പാപമോ അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നിൽ സകല വിധ മോഹത്തെയും ജനിപ്പിച്ചു; ന്യായപ്രമാണം കൂടാതെ പാപം നിർജീവമാകുന്നു.9 ഞാൻ ഒരു കാലത്ത് ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കുകയും ചെയ്തു. 10ഇങ്ങനെ ജീവനായി ലഭിച്ചിരുന്ന കല്പന എനിക്ക് മരണഹേതു ആയി തീർന്നു എന്ന് ഞാൻ കണ്ടു. 11പാപം അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നെ ചതിക്കുകയും കൊല്ലുകയും ചെയ്തു. 12ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ.**

**13എന്നാൽ നന്മയായുള്ളത് എനിക്ക് മരണകാരണമായിത്തീർന്നു എന്നോ? ഒരുനാളും അരുത്, പാപമത്രെ മരണമായി തീർന്നത്. അത് നന്മയായുള്ളതിനെകൊണ്ട് എനിക്ക് മരണം ഉളവാക്കുന്നതിനാൽ പാപം എന്നു**

**തെളിയേണ്ടതിനും കല്പനയാൽ അത്യന്തം പാപമായിത്തീരേതിനും തന്നെ.**

പൗലൊസിന് താൻ പറഞ്ഞ കാര്യങ്ങൾ പ്രശ്നമുണ്ടാക്കുമെന്നും തന്റെ യഹൂദ വായനക്കാർക്ക് അത് വലിയ വിഷമമുണ്ടാക്കുമെന്ന് നന്നായി ബോധ്യമുണ്ടായിരുന്നു. തന്മൂലം എത്രയും വേഗത്തിൽ താൻ ന്യായപ്രമാണത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ വിശദീകരിപ്പാനും വിശാലമാക്കുവാനും തുടങ്ങുന്നു.

**വാക്യം 7**. ചോദ്യോത്തര രീതിയിൽ വീണ്ടും ഒരു സമീപനം നടത്തുന്നു. **ആകയാൽ എന്തു പറയേു? ന്യായപ്രമാണം പാപം എന്നോ?** ഒരുനാളും അരുത്. ആറാം അദ്ധ്യായത്തിൽ പലപ്രാവശ്യം പറയുന്നു വായനക്കാർ *പാപത്തിന് മരിച്ചു* എന്ന് (6:2, 7, 11). 7–ാം അദ്ധ്യായത്തിൽ രണ്ടുപ്രാവശ്യം അവർ *ന്യായപ്രമാണത്തിന് മരിച്ചു* എന്നു പറയുന്നു (7:4, 6). അങ്ങനെ പറഞ്ഞതിനാൽ പാപത്തെയും ന്യായപ്രമാണത്തെയും സമനിലയിൽ കാണിക്കുകയായിരുന്നുവോ? ഈ ആശയത്തോടുള്ള പൗലൊസിന്റെ മറുപടി **ഒരുനാളും അരുത്!** എന്നതാണ് (6:2, 15).

പൗലൊസ് ശക്തമായി ന്യായപ്രമാണം പാപമല്ല എന്നും അതിനു തനിയെ പാപം ഉണ്ടാക്കുവാൻ സാധിയ്ക്കുകയില്ലെന്നും ഉറപ്പിച്ചു പറഞ്ഞും കൊണ്ട് മുന്നോട്ടുപോകുന്നു. ന്യായപ്രമാണം ചെയ്തത് എന്തെന്നാൽ അത് പാപത്തെ *വെളിപ്പെടുത്തി*. പൗലൊസ് ഇങ്ങനെ പറയുന്നു. **ന്യായപ്രമാണത്താലല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല** നേരത്തെ അദ്ദേഹം പറഞ്ഞിരുന്നു (3:20) "ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്" (3:20).

7–ാം വാക്യത്തിനുള്ളിൽ തന്നെ നമ്മൾ എന്നതിൽ നിന്നും ഞാൻ എന്ന് ഈ അദ്ധ്യായത്തിന്റെ അന്ത്യം വരെ മാറിയതായി കാണുന്നു. ഉത്തമപുരുഷ സർവ്വനാമമായ "ക" ഞാൻ അധികം പ്രാവശ്യവും ഉപയോഗിക്കുന്നു. തന്റെ ഉപയോഗങ്ങൾ ഏറ്റവും വ്യക്തിപരമാണ്. റോമർ 7നെക്കുറിച്ച് കാര്യമായ വാദപ്രതിവാദങ്ങൾ ഉത്ഭവിച്ചിട്ടുണ്ട്. അതിൽ അധികവും "ഞാൻ" എന്ന വാക്കിനു ചുറ്റുമായിട്ടാണ്. എത്യോപ്യ ഷണ്ഡന്റെ ചോദ്യം ഉപയോഗിച്ചാൽ "ആരെ കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നുത്? (പ്രവർത്തി. 8:34 കാണുക) മോറിസ് പറയുന്നത് പൗലൊസ് തന്നെക്കുറിച്ചുതന്നെയാണ് സംസാരിക്കുന്നതെന്നുള്ളത് തള്ളിക്കളയുവാൻ തീരെ സാദ്ധ്യമല്ല എന്നാണ്. ഈ അദ്ധ്യായത്തിൽ ഉത്തമപുരുഷ സർവനാമം ഉപയോഗിക്കുന്നത് ഈ ലേഖനം തുടങ്ങിയപ്പോൾ മുതൽ ഇതുവരെ ഉപയോഗിക്കാതിരുന്നശേഷമാണ് പൗലൊസിന്റെ ഭാഷയെ മനസ്സിലാക്കുവാൻ വ്യക്തിപരമായ അനുഭവത്തെ സമ്പർക്കസൂചികയായി വീക്ഷിയ്ക്കുന്നത് ഏറ്റവും ലളിതവും സ്വാഭാവികവും സ്പഷ്ടമായതുമായ മാർഗ്ഗമാണ്. അതെ സമയം അത് അദ്ദേഹത്തിന് മറ്റു ആളുകളെയും മനസ്സിലുണ്ടായിരുന്നു എന്ന സാദ്ധ്യത തള്ളിക്കളയുവാനും സാധിയ്ക്കയില്ല. തന്നിലുണ്ടായിരുന്ന കാര്യങ്ങൾ മറ്റുള്ളവരിലും ഉണ്ടായിരിക്കും എന്നത് ഒരു പരമാർത്ഥം തന്നെ.

ന്യായപ്രമാണത്തിൽ കൂടിയല്ലാതെ ഞാൻ പാപത്തെ അറികയില്ലായിരുന്നു എന്ന് അവൻ തന്നെക്കുറിച്ച് സംസാരിക്കുന്നു എന്ന് ചിന്തിച്ചശേഷം വായിച്ചാൽ അദ്ദേഹം ഒരു വ്യക്തമായ ഉദാഹരണം നല്കുകയായിരുന്നു. **'മോഹിക്കരുത്' എന്നു ന്യായപ്രമാണം പറയാതിരുന്നു എങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു.** മോഹിക്കരുത് എന്നുള്ളത് 10–ാമത്തെ കല്പനയായിരുന്നു (പുറപ്പാട് 20:17).

ആഗ്രഹം ἐπιθυμία, (*epithumia*) പുതിയനിയമത്തിൽ ദോഷകരമായ ആഗ്ര ഹത്തെക്കുറിക്കുന്നു. മോഹം എന്നത് സാധാരണമായി ഒരു സ്വാർത്ഥപരമായ ആഗ്രഹമാണ്.[17] അത് ദൈവത്തിനുമാത്രം മനുഷ്യഹൃദയത്തിൽ നല്കാവുന്ന ഒരു സ്ഥാനത്തെ കൈവശപ്പെടുത്തുന്നുതാണ് എന്ന് എഫ്.എഫ്. ബ്രൂസ് പറഞ്ഞിട്ടുണ്ട്.[18]

പൗലൊസ് പുറപ്പാട് പുസ്തകത്തിൽ നിന്നും ആ കല്പന മുഴുവനായി ഉദ്ധരിക്കുന്നില്ല. ദൈവത്തെക്കുറിച്ചുള്ള കാര്യങ്ങളെക്കാളും മറ്റൊരു കാര്യ ത്തിലും താൻ തല്പരനല്ല എന്നതിന്റെ ആഗ്രഹത്തെയാണ് ഈ വസ്തുത കളിലൂടെ താൻ പങ്കുവെക്കുന്നത്.

മോഹിക്കരുത് എന്ന കല്പന പൗലൊസിന്റെ വാദത്തിന് ചേരുന്നതാണ്. വ്യക്തമായും അതുമാത്രമായും കേന്ദ്രത്തിൽ കൊള്ളുന്ന ഒരു കല്പനയാണി ത്. മറ്റു കല്പനകളൊക്കെ കുറഞ്ഞ പക്ഷം ഉപരിപ്ലവമായെങ്കിലും അനുസ രിക്കുവാൻ സാധിക്കും എന്നാൽ ഇത് സാധിക്കുകയില്ല.

കൂടാതെ, സ്വാർത്ഥത എന്ന എല്ലാ പാപത്തിന്റെയും ഉത്ഭവമായ ഇതിനേ ാട് യുദ്ധം ചെയ്യുവാൻ ഉദ്ദേശിച്ച് ഉണ്ടാക്കിയിരിക്കുന്നത് ഈ കല്പനയാണ്. അത്യാഗ്രഹം എന്നത് സ്നേഹത്തിന് എതിരായിട്ടുള്ളതാണ്. *അത്യാഗ്രഹം* സ്വാർത്ഥ കേന്ദ്രീകൃതമാണ്. സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല (1 കൊരി. 13:5). അത്യാഗ്രഹത്തിന് കിട്ടണം കിട്ടണം എന്നേയുള്ളു. സ്നേഹത്തിന് കൊടു ക്കണം കൊടുക്കണം എന്നെയുള്ളൂ (യോഹ. 3:16).

എല്ലാറ്റിനും ഉപരിയായി ഈ കല്പന ഏറ്റവും വഞ്ചനാപരമായ പാപ ത്തോട് എതിർക്കുന്നു (7:11). ഈ പാപത്തെക്കുറിച്ച് ആത്യാഗ്രഹത്തെക്കുറിച്ച് ഒരാളെ പറഞ്ഞു മനസ്സിലാക്കുന്നതുവരെ അതുമൂലമുള്ള അപകടം മനസ്സി ലാക്കുന്നതുവരെ അത് സ്വാഭാവികമാണെന്ന് ആളുകൾ ചിന്തിക്കും. പാപമാ ണന്ന് ചിന്തിക്കയില്ല. കാര്യങ്ങൾ വേണമെന്ന് — ആഗ്രഹിക്കുന്നത് തെറ്റല്ലല്ലോ.

**വാക്യം 8** മോഹം അഥവാ ആഗ്രഹത്തിന്റെ നിർവ്വചനവും സ്വഭാവവും ന്യായപ്രമാണം പൗലൊസിന് പാപമാണെന്ന് വെളിപ്പെടുത്തിക്കൊടുത്തു. അത് അവനെ മോഹിക്കുവാൻ പ്രേരിപ്പിച്ചുവോ? ഇല്ല. ന്യായപ്രമാണമല്ല മഹാദ്രോഹി പാപമാണ്. പൗലൊസ് അതിവേഗം ചൂണ്ടികാണിക്കുന്നു. "**പാപ മോ അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു.**" പാപത്തെ ദൈവത്തെ അനുസരിക്കാതെയിരിപ്പാൻ എന്നെ പ്രലോ ഭിപ്പിക്കുന്നു പ്രതിനിധിയായി മൂർത്തീകരിച്ചിരിക്കുന്നു. യഥാർത്ഥ പ്രതിനിധി സാത്താനാണന്ന് നമുക്ക് അറിയാം (എഫെ. 6:11; 1 പത്രൊ. 5:8). എന്നാൽ പൗലൊസിന്റെ ഉദ്ദേശം ന്യായപ്രമാണത്തെയും പാപത്തെയും എതിർ ദിശക ളിൽ കാണിക്കുക എന്നതാണ് (7:7, 12, 13). അതിനാൽ പാപം എന്തു ചെയ്യുന്നു എന്നുള്ളതിൽ കേന്ദ്രീകരിച്ചാണ് എഴുതുന്നത്.

മോഹിക്കരുത് എന്ന കല്പന അല്ല പൗലൊസിന് മോഹിക്കാൻ ഇടയാക്കി യത്. എന്നാൽ പാപം *അവസരം* ലഭിച്ചിട്ട് കല്പനയിൽ കൂടെ പ്രവർത്തിച്ചു. അങ്ങനെ മോഹത്തെ ഉണ്ടാക്കി. നാം ഏർപ്പെട്ടിരിക്കുന്ന ആത്മീയ പോരാട്ടത്തോടൊത്ത് സൈനീക ഭാഷ ഉപയോഗിക്കുന്നു (എഫെ. 6:10–13). പാപം "അവസരം ലഭിച്ചിട്ട്" എന്ന തുടക്കസ്ഥാനം എന്ന് അർത്ഥമാക്കാവുന്ന ἀφορμή (*aphormē*) എന്ന ഗ്രീക്കു പദത്തിൽ നിന്നും ഉത്ഭവിച്ച വാക്കാണ്. യുദ്ധ ത്തിൽ പ്രവർത്തനത്തിന്റെ തുടക്കസ്ഥാനം എന്ന അർത്ഥമാണ്. റോമർ. 7:8, 11–ൽ ന്യായപ്രമാണം പാപത്തിന് ആത്മാവിനോട് ആക്രമണം നടത്തുവാൻ ഒരു തുടസ്സസ്ഥാനത്ത് നൽകിയെന്നാണ് പൗലൊസ് പറയുന്നതിന്റെ അർത്ഥം.[19]

ന്യായപ്രമാണത്തെ അതിന്റെ ആക്രമണങ്ങളുടെ തുടസ്സസ്ഥാനമായി ഉപയോഗിച്ചുകൊണ്ട് പാപം പൗലൊസിനെ ആക്രമിക്കുകയും അവനിൽ എല്ലാവിധ മോഹത്തെയും ജനിപ്പിക്കുകയും ചെയ്തു. അയൽക്കാരന്റെ വകകൾ മാത്രമല്ല, വിസ്തൃതമായ മേഖലകളിലുള്ള പലതും മോഹിപ്പിച്ചു. അങ്ങനെ പാപം അതിന്റെ സ്വന്തം ആവശ്യത്തിനായി ചൂഷണം ചെയ്തു.

പാപം ഇങ്ങനെ ചെയ്തു? മുൻപിലായി ന്യായപ്രമാണം എങ്ങനെയാണ് പാപത്തിന്റെ ആഗ്രഹങ്ങൾ ഉണർത്തിയതെന്ന് പറഞ്ഞിട്ടുണ്ട്. അത് പാപത്തിന് ഒരു പ്രത്യേക ആകർഷണം കൊടുത്തു. ഉള്ളിലുള്ള മത്സരസ്വഭാവത്തെ ജ്വലിപ്പിച്ചു. അപകടത്തിൽ അനുഭൂതി കണ്ടെത്തുന്നവരുടെ നേരെ അഭ്യർത്ഥിച്ചു. ഒരു കല്പന നിലനിന്നതുകൊണ്ടുമാത്രം ഇങ്ങനെ ഉണ്ടായി എന്നു വിചാരിക്കരുത്. രംഗത്തിന് പുറകിലായി സാത്താൻ പ്രവർത്തിക്കുന്നു. സർപ്പം അഥവാ സാത്താൻ (2 കൊരി. 11:3) ഹവ്വയുടെ അടുക്കൽ വന്നപ്പോൾ അവൻ ദൈവകല്പനയെ ഓർമ്മിപ്പിച്ചു (ഉല്പത്തി 3:1). അവൻ ഹവ്വയോട് ദൈവം അവർക്ക് ഒരു മരത്തിന്റെ പഴം തിന്നുവാൻ അനുവദിക്കാത്തത് ദൈവത്തിന്റെ കുറ്റം ആണെന്ന് പറയുന്നു (ഉല്പ. 3:4, 5). അനുസരണക്കേട് ആകർഷകമാക്കി കാണിച്ചു. അതിന്റെ ഫലമായി ദൈവത്തോട് മത്സരമുണ്ടായി (ഉല്പത്തി. 3:5, 6).

**ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു.** പാപം നിയമരാഹിത്യമാകയാൽ (1 യോഹ. 3:4) നിയമമില്ലാത്തയിടത്ത് പാപവും ഇല്ല. NIRV പറയുന്നു. ഇല്ലാത്ത ഒരു നിയമം ലംഘിക്കുവാൻ ആർക്കും കഴിയുകയില്ല. ഏദെൻ തോട്ടം ഒരു നല്ല ഉദാഹരണമാണ്. ദൈവം ആദാമിനും ഹൗവ്വക്കും കല്പന കൊടുക്കുന്നതുവരെ സാത്താന് ആക്രമണത്തിന് ഒരു അടിസ്ഥാനവും ഇല്ലായിരുന്നു.

**വാക്യം 9. ഞാൻ ഒരു കാലത്ത് ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു.** എപ്പോഴാണ് പൗലൊസ് ന്യായപ്രമാണം കൂടാതെ ജീവിച്ചതെന്ന് വ്യാഖ്യാതാക്കൾ കലങ്ങുന്നു. പ്രശ്നം ഇതാണ്. അവർ പലരും കുഞ്ഞുങ്ങൾ പാപത്താൽ അശുദ്ധരാക്കപ്പെട്ടവരായി ജനിക്കുന്നു എന്ന ശരിയല്ലാത്ത ഉപദേശം വിശ്വസിക്കുന്നവരാണ്. (ആദാമിന്റെ പാപത്താൽ അശുദ്ധമെന്ന്) കുഞ്ഞുങ്ങൾ ആദാമിന്റെ കുറ്റം പാരമ്പര്യമായി ഏൽക്കുന്നില്ലെന്ന് വിശ്വസിക്കുന്നവർക്ക് ഈ ഭാഗം മനസ്സിലാക്കുവാൻ ഒരു ലളിതമായ മാർഗ്ഗം ഉണ്ട്. എല്ലാ പൈതങ്ങളെയും പോലെ പൗലൊസും വിശുദ്ധനായും നിർമ്മലനായും ജനിച്ചു (ദൈവത്തിന് ജീവനുള്ളവൻ). ന്യായപ്രമാണത്തെക്കുറിച്ച് ഒന്നും അറിയാത്തവനായി ജനിച്ചു. ന്യായപ്രമാണം കൂടാതെ ജീവിച്ചു. ആ സമയത്ത് പാപം അവനെ മരിച്ചിരുന്നു. അവൻ ജീവിച്ചുമിരുന്നു.

അപ്പോൾ നാം വായിക്കുന്നു, **കല്പന വന്നപ്പോൾ** പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കുകയും ചെയ്തു. എല്ലാ യഹൂദ ബാലൻമാരെയും പോലെ പൗലൊസും ന്യായപ്രമാണം പഠിച്ചു (2 തിമോ. 3:15). ഏതോ ഒരു സമയത്ത് അവന് ധാർമ്മിക ബോധം ഉദിക്കുകയും ദൈവത്തോട് ഉത്തരവാദിത്വബോധം ഉണ്ടാകുകയും ചെയ്തു. പക്വതയുടെ ഏതോ സ്ഥാനത്ത് എത്തിയപ്പോൾ അവൻ ന്യായപ്രമാണത്തിലെ കല്പനകളെ പരിശോധിപ്പാൻ തക്കവണ്ണം ചുമതലപ്പെട്ടവനായി. റിച്ചാർഡ് എ. ബെയിറ്റലി എഴുതി ഒരു ആധുനിക യഹൂദ ബാലനെപ്പോലെ അവൻ ന്യായപ്രമാണം എന്ന നുകം സ്വീകരിച്ചു. 13-ാം വയസ്സിൽ യമ്യ ാശ്മേവ എന്ന ആചാരത്തിൽ കൂടി കല്പനകളുടെ പുത്രനായി തീർന്നു.[20]

കല്പന വന്നപ്പോൾ **പാപം ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു.** എന്ന് പൗലൊസ് പറയുന്നു. അവൻ ചെറിയ പൈതലായിരിക്കുമ്പോൾ പാപം മരിച്ചിരുന്നു. അവൻ ജീവിച്ചിരുന്നു. എന്നാൽ അവൻ ഉത്തര

വാദിത്വബോധത്തിന്റെ പ്രായമായപ്പോൾ പാപം ജീവിച്ചെഴുന്നേറ്റു വന്നു (NIV) അവൻ ആത്മീകമായി മരിച്ചു.

**വാക്യം 10. കല്പനയുടെ** ഉദ്ദേശം **ജീവനായിരുന്നു** (ലേവ്യ 18:5, റോമർ 10:5). എന്നാൽ പൗലൊസിന് അത് അങ്ങനെ സംഭവിച്ചില്ല. അതിനു പകരം അവൻ പറഞ്ഞത് അത് എനിക്ക് **ആത്മിക മരണമായി ഭവിച്ചു.** അവൻ കല്പന അനുസരിക്കാൻ സാധിക്കാതെ വന്നപ്പോൾ ആത്മീയ മരണമായി തീർന്നു.

**വാക്യം 11.** കല്പനക്ക് എന്തെങ്കിലും കുറ്റം ഉണ്ടായിരുന്നുവോ? ഇല്ല. കല്പന നല്ലതു തന്നെയായിരുന്നു. എന്നാൽ പാപം (സാത്താൻ) അതിനെ ദോഷകരമായ ഉദ്ദേശത്തിനായി *ഉപയോഗിച്ചു*. പൗലൊസിന്റെ പ്രസ്താവന ഇങ്ങനെ **പാപം അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നെ ചതിക്കുകയും കൊല്ലുകയും ചെയ്തു.** 8-ാം വാക്യത്തിൽ അദ്ദേഹം പറഞ്ഞത് പാപം കല്പന യെ ആക്രമണത്തിനുള്ള തുടസസ്ഥലമായി ഉപയോഗിച്ച് എന്നിൽ എല്ലാവിധ മോഹവും ഉളവാക്കി. 11-ാം വാക്യത്തിൽ അദ്ദേഹം അതേ വാക്ക് ഉപയോഗി ച്ചിട്ട് പാപം എന്നെ *കല്പനയാൽ* ചതിച്ചു.

ചതിച്ചു എന്ന വാക്ക് ἐξαπατάω (*exapataō*) എന്ന ഗ്രീക്ക് വാക്കിൽനിന്ന് വരുന്നു. ἐκ (*ek*) എന്നത് ചേരുമ്പോൾ പൂർണ്ണമായി കബളിപ്പിക്കുക ചതിക്കുക എന്നർത്ഥം. സാത്താന്യ പരീക്ഷകളിൽ കുറെ ചതിവ് കാണാൻ കഴിയും. പാപം അതിന്റെ തനിസ്വഭാവവും ആത്യന്തികമായ ഭവിഷ്യത്തുകളും കാണി ച്ചാൽ ആർക്കും പാപം ചെയ്യുവാൻ ആഗ്രഹമുണ്ടാകുകയില്ല. ഒരു വ്യാഖ്യാ നത്തിൽ പറയുന്നത് ഇപ്രകാരമാണ്. പാപം *നിറയെ* കപടവാഗ്ദാനങ്ങളും ചതിവും കൊണ്ട് *നിറഞ്ഞിരിക്കുന്നു*.[21]

മോറീസ് ഇതിനെക്കുറിച്ച് പറയുന്നത് പരീക്ഷണങ്ങളിൽ നമ്മെ വഞ്ചിക്കു വാനുള്ള ചില ഘടകങ്ങൾ അന്തർലീനമാണെന്നാണ്.[22] പാപം യഥാർത്ഥ അവസ്ഥയെ വഞ്ചിച്ച് അതിന്റെ ശരിയായ സ്വഭാവത്തെ നശിപ്പിച്ചിട്ടില്ലായിരു ന്നുവെങ്കിൽ അതിന്റെ പരിണത ഫലവും നമ്മൾ അനുഭ വിക്കേണ്ടി വരില്ലായിരു ന്നു. ആരും പാപം ചെയ്യുവാൻ ഇച്ഛിക്കയില്ലായിരുന്നു. ഒരു വ്യാഖ്യാനത്തിൽ പാപത്തെക്കുറിച്ച് പറയുന്നത് "പൊള്ള വാഗ്ദാനങ്ങളും വഞ്ചനയുമാണ് പാപത്തിൽ മുഴുവനുമായി" കാണുന്നതെന്നാണ്:

കഴിഞ്ഞ പ്രാവശ്യത്തെക്കാൾ അധികമായി നമ്മെ തൃപ്തിപ്പെടുത്താമെന്ന് പാപം വാഗ്ദാനം ചെയ്യുന്നു.
ആരും അറിയാതെ വണ്ണം വളരെ രഹസ്യമായി നമ്മുടെ പ്രവർത്തിയെ മറക്കാം എന്ന് പാപം വാഗ്ദാനം ചെയ്യുന്നു.
പാപത്തിന്റെ ഭവിഷ്യത്ത് ഫലങ്ങളെക്കുറിച്ച് വിഷമിക്കാനില്ല എന്ന് പാപ ം വാഗ്ദാനം ചെയ്യുന്നു.
പ്രത്യേക പ്രയോജനവും മാനവും ജ്ഞാനവും അറിവും ലോക പരി ജ്ഞാനവും എല്ലാം വാഗ്ദാനം ചെയ്യുന്നു.
അധികാരവും മഹത്വവും സഹകരിച്ചതിന് പകരമായി ലഭിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.[23]

പൗലൊസിന്റെ സ്വന്തം അനുഭവങ്ങളെക്കുറിച്ച് പറഞ്ഞാൽ പാപം അവനെ ചതിക്കുകയും ചെയ്തു. മോശെയുടെ ന്യായപ്രമാണം അനുസരിച്ച് ജീവി ച്ചാൽ നീതിയും ജീവനും ലഭിക്കുമെന്നും (ഫിലി. 3:4-7) ക്രിസ്ത്യാനികളെ

പീഠിപ്പിച്ചാൽ അത് ദൈവ സേവയായിരിക്കുമെന്നും (പ്രവർത്തി 26:9) പറഞ്ഞ് സാത്താൻ പൗലൊസിനെ ചതിച്ചു വഞ്ചിച്ചു. പക്ഷേ യഥാർത്ഥിൽ ആ വക പ്രവർത്തനത്തിൽ കൂടെ അവൻ പാപികളിൽ പ്രധാനിയാവുകയായിരുന്നു (1 തിമോ 1:15).[24] അങ്ങനെ പൗലൊസ് പറഞ്ഞു ഫലത്തിൽ പാപം കൽപ്പന യിലൂടെ എന്നെ കൊന്നു. ന്യായപ്രമാണമല്ല, പാപമാണ് പൗലോസിനെ **കൊന്നത്**.

പൗലൊസ് ചുരുക്കമായി പറഞ്ഞ സംഗതികളുടെ ബാഹ്യരേഖ ക്രമം ഇങ്ങനെ: (1) പൗലൊസ് ചെറിയ കുട്ടിയായിരിക്കുമ്പോൾ അവൻ ജീവിച്ചിരുന്നു. (2) ന്യായപ്രമാണം പഠിച്ചപ്പോൾ കല്പന ലഭിച്ചു (3) ന്യായപ്രമാണത്തിന്റെ ഉദ്ദേശം അവനെ തുടർന്നും ജീവിപ്പിക്കയായിരുന്നു. (4) എന്നാൽ പാപം ന്യായപ്രമാണത്തെ ഉപയോഗിച്ച് അവനെ വഞ്ചിച്ചു. (5) പാപത്താൽ വഞ്ചിക്കപ്പെട്ടവനായി അവൻ ന്യായപ്രമാണത്തോട് അനുസരണക്കേടു കാണിച്ചു. (6) അതിന്റെ ഫലം ആത്മീക മരണമായിരുന്നു. ഇതായിരുന്നു പൗലൊസിന്റെ ജീവിതത്തിലെ സംഭവങ്ങളുടെ ക്രമം. ഉത്തരാവാദിത്വബോധം ഉണ്ടാവുന്ന എല്ലാവർക്കും ഇതു തന്നെയാണ് ക്രമം.

ഈ പരിചക്രം ആദാം-ഹവ്വമാരുടെ കഥകളുടെ കണ്ണാടിയാണ്. (1) ആദാമിനും ഹവ്വക്കും ദൈവം എല്ലാം നൽകിയിരുന്നു. അവർക്ക് ജീവനുണ്ടായിരുന്നു. (2) അപ്പോൾ കല്പന വന്നു. ദൈവം കല്പിച്ചു. ''തോട്ടത്തിലെ സകല വൃക്ഷങ്ങളുടേയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം എന്നാൽ നന്മതിന്മ കളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും (ഉല്പത്തി. 2:16, 17). (3) കല്പനയുടെ ഉദ്ദേശം അവർ തുടർന്നും ജീവിക്കുവാൻ അവരെ അനുവദിക്കണമെന്നുള്ളതായിരുന്നു. അവർ ദൈവത്തെ അനുസരിക്കുന്നിടത്തോളം അവർക്ക് ജീവന്റെ വൃക്ഷത്തിന്റെ ഫലം തിന്നാമായിരുന്നു. പാപം ചെയ്തതിനു ശേഷം അത് വിലക്കിയിരുന്നു (ഉല്പത്തി. 3:22, 24). (4) എന്നാൽ പാപം (സാത്താൻ) കല്പന ഉപയോഗിച്ച് ഹവ്വായെ ചതിച്ചു (ഉല്പത്തി. 3:1-5 കാണുക 2 കൊരി. 11:3, 1 തിമോ. 2:14). (5) അതിന്റെ ഫലമായി ആദാമും ഹവ്വയും ദൈവത്തോട് അനുസരണക്കേട് കാണിച്ചു (ഉല്പത്തി 3:6). (6) അതിന്റെ ഫലമോ മരണമായിരുന്നു (ഉല്പത്തി. 3:24, 5:5, യെശ. 59:1, 2).

**വാക്യം 12**. പൗലൊസ് അവസാനിപ്പിക്കാൻ ആരംഭിക്കുന്നു: **ആകയാൽ ന്യായപ്രമാണം വിശുദ്ധം. കല്പന**[25] **വിശുദ്ധവും ന്യായവും നല്ലതും തന്നെ**. ഒരാൾ 5 മുതൽ 12 വരെയുള്ള വാക്യങ്ങൾ വേഗത്തിൽ വായിച്ചാൽ (അധികം ചിന്ത കൊടുക്കാതെ) 12-ാം വാക്യം അതിശയകരമായി തോന്നും. അയാൾ ഇങ്ങനെ പറഞ്ഞേക്കും എങ്ങനെയാണ് പാപം ന്യായപ്രമാണത്തെക്കൊണ്ട് മനുഷ്യരെ ചതിച്ച് എല്ലാവിധ ദോഷങ്ങളും ചെയ്‌വാൻ അവർക്കിടയാക്കി. പെട്ടെന്ന് പൗലൊസ് പറയുന്നു ന്യായപ്രമാണം നല്ലതാണ്. 7-12 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ന്യായപ്രമാണത്തെ താങ്ങി സംസാരിക്കുകയായിരുന്നു. ന്യായപ്രമാണം അല്ല പാപമാണ് കൊല്ലുന്നത് (7:13). അതുകൊണ്ട് ന്യായപ്രമാണം വിശുദ്ധമാണ്ന്ന് പറയാൻ മടിക്കുന്നില്ല. കല്പന വിശുദ്ധവും നല്ലതും തന്നെ. ന്യായപ്രമാണം വിശുദ്ധവും നല്ലതുമായത് നല്ലവനും വിശുദ്ധനും ആയ ദൈവത്താൽ നൽകപ്പെട്ടതുകൊണ്ടാണ്.

കല്പന നീതിയുള്ളതാണ്, എന്തെന്നാൽ അതിരില്ലാതവണ്ണം നീതിയും ചൊവ്വും (ἅγιος, *hagios*) ഉള്ളതാണ്. കല്പന നല്ലതാണ്, എന്തെന്നാൽ മനുഷ്യരുടെ അനുഗ്രഹത്തിനായി നൽകപ്പെട്ടതാണ്. 12-ാം വാക്യം 7-ാം വാക്യത്തിലെ ചോദ്യത്തിന് വ്യക്തമായ ഉത്തരമാണ്. ന്യായപ്രമാണം പാപമോ? അല്ല, അല്ല,

അല്ല. അത് വിശുദ്ധവും നീതിയുള്ളതും നല്ലതുമാണ്.

**വാക്യം 13:** 7 മുതൽ 12 വരെയുള്ള വാക്യങ്ങളുടെ രത്നചുരുക്കമാണ് **ഈ വാക്യം. നന്മയായുള്ളത് എനിക്ക് മരണകാരണമായി** [ആത്മികം] **തീർന്നുവെന്നോ? ഒരു നാളും അരുത്!** (കാണുക 6:2, 15; 7:7) അതിന്റെ ചിന്ത തന്നെ ഞെട്ടിപ്പിക്കുന്നതായിരുന്നു.

പൗലൊസ് ഉറപ്പിച്ച് പറഞ്ഞ കാര്യം ന്യായപ്രമാണം അല്ല ശത്രു. എന്നാൽ പാപമാണ്. ന്യായപ്രമാണം ചെയ്തത് പാപത്തെ വെളിപ്പെടുത്തുകയായിരുന്നു. പുറത്തു കാണിക്കുകയായിരുന്നു. **അത് നന്മയായതിനെകൊ് എനിക്ക് മരണം** [ആത്മികം] **ഉളവാക്കുന്നതിനാൽ പാപം എന്ന് തെളിയേതിനും കല്പനയാൽ അത്യന്തം പാപമായി തീരേതിനും തന്നെ**. വേറെ വാക്കിൽ പറഞ്ഞാൽ ന്യായപ്രമാണവും കല്പനകളും നൽകപ്പെട്ടത് ആളുകൾ പാപം എത്ര ഭയങ്കരമാണെന്ന് മനസ്സിലാക്കേണ്ടതിനാണ്.

പാപം എത്രമാത്രം പാപം നിറഞ്ഞതാണ്. സാത്താന്യവും അധഃപതിച്ചതും ആണ്. വിശുദ്ധിയും നീതിയുമുള്ള ഒന്നിനെ ന്യായപ്രമാണത്തെ അശുദ്ധവും അനീതിയുള്ളതുമായ ദുഷ്ട ഉദ്ദേശത്തിനായി ഉപയോഗിക്കുവാൻ കഴിയും. ബാർക്ലെ പാപത്തിന്റെ വല്ലാത്ത സ്വഭാവത്തെ കുറിച്ച് എഴുതി. ഒരു നല്ല കാര്യത്തെ ദോഷത്തിന്റെ ആയുധമായി ഉപയോഗിക്കുവാൻ കഴിയും. സ്നേഹത്തിന്റെ സ്നേഹപൂർണ്ണമായ അവസ്ഥയെ മോഹമാക്കി മാറ്റാൻ കഴിയും. സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹം പണം സമ്പാദനത്തിനും അധികാര മോഹത്തിനുമുള്ള മാർഗ്ഗമായി ഉപയോഗിക്കുന്നു. ഏറ്റവും നല്ല സുന്ദരവും സ്നേഹപൂർവ്വവുമായുള്ള കാര്യങ്ങൾ എടുത്ത് അശുദ്ധമാക്കി തീർക്കുന്നു.[26]

ദൈവത്തിന്റെ നന്മയുടെ ആധിക്യം എന്തെന്നാൽ അവന് ദോഷങ്ങളെ എടുത്ത് നന്മയ്ക്കായി ഉപയോഗിക്കുവാൻ കഴിയും എന്നതാണ്. (ഉല്പത്തി. 50:20). ദോഷത്തിന്റെ അതിരുകവിഞ്ഞ സ്വഭാവം എന്തെന്നാൽ നന്മയെ എടുത്ത് ദോഷത്തിനായി ഉപയോഗിക്കാം.

### ന്യായപ്രമാണവും മനുഷ്യന്റെ പാപത്തിന്റെ അടിമത്വവും (7:14-25)

**14ന്യായപ്രമാണം ആത്മീകം എന്നു നാം അറിയുന്നുവല്ലോ; ഞാനോ ജഡമയൻ, പാപത്തിനു ദാസനായി വിൽക്കപ്പെട്ടവൻ തന്നെ. 15ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകയ്ക്കുന്നതിനെയാണു ചെയ്യുന്നത്. 16ഞാൻ ഇച്ഛിക്കാത്തതു ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലത് എന്നു ഞാൻ സമ്മതിക്കുന്നു. 17ആകയാൽ അതു പ്രവർത്തിക്കുന്നതു ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ്. 18എന്നിൽ എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു: നന്മ ചെയ്യുവാനുള്ള താത്പര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. 19ഞാൻ ചെയ്യുവാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയാണു പ്രവർത്തിക്കുന്നത്. 20ഞാൻ ഇച്ഛിക്കാത്തതു ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ്.**

**21അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. 22ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. 23എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണ**

**ത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. [24]അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണ ത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും? [25]നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നെ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണ ത്തെയും ജഡംകൊണ്ടു പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു.**

ഈ വാക്യങ്ങൾ നന്മചെയ്യുവാൻ പൗലൊസ് ആഗ്രഹിച്ചിട്ടും അതിനു സാധിക്കാതെ പോകുന്ന തന്റെ പ്രതിസന്ധിയെ വിവരിക്കുകയാണ്.

റോമർ 7:14–25 വരെയുള്ള ഈ വാക്യങ്ങളെ വേദപുസ്തക വായനക്കാ രിൽ ഭൂരിഭാഗവും കാണുന്നത് വളരെ ലളിതവും നേർക്കു നേരെ കാര്യങ്ങൾ പറയുന്നതുമായിട്ടാണ്. പൗലൊസിന്റെ ചില വാക്കുകൾ വളരെ സങ്കീർണ്ണ മായി തോന്നാമെങ്കിലും അപ്പൊസ്തലന്റെ എഴുത്തുകളിൽ കുടികൊള്ളുന്ന വൈഷമ്യതകളായി അതിനെ മനസ്സിലാക്കാവുന്നതാണ്. ''ഞാൻ ചെയ്യു വാൻ താല്പര്യപ്പെടുന്ന കാര്യങ്ങളല്ല ചെയ്യാറുള്ളത്, വെറുക്കുന്നതെന്താണോ അതാണ് ചെയ്തു പോകുന്നത് (7:15). അങ്ങനെയുള്ളപ്പോൾ പൗലോസിനേ ാടു ചേർന്നു ദയവു കാണിക്കാനേ വായനക്കാർക്കു സാധിക്കൂ. ''അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ, ആരെന്നെ ഇതിൽ നിന്നും വിടുവിക്കും'' (7:24).

ചിലർ ഇത് പഠിക്കുമ്പോൾ ചില പണ്ഡിതന്മാരോട് ചേർന്നു ഇപ്രകാരം പ റഞ്ഞേക്കാം – റോമാലേഖനത്തിലെ ഏറ്റവും വൈരുദ്ധ്യമാർന്ന ഒരു കാര്യമിതാ കുന്നുവെന്ന്[27] J. W. മാക്ക്ഗോർമാൻ ഇതിനെ വിളിച്ചിരിക്കുന്നത് ''ഈ കത്തിൽ വ്യാഖ്യാനിക്കുവാൻ ഏറ്റവും വൈഷമ്യമമാർന്ന ഒരു ഭാഗമാണിതെന്നാണ്''[28] R. C. ബൽ നിരീക്ഷിച്ചിരിക്കുന്നത് റോമർ 7 ഈ ലേഖനത്തിലെ പ്രവചന ഭാഗം എന്നാണ്.[29] ജയിംസ് ആർ. എഡ്വവേർഡ്സ് ഇതിന്റെ സ്വഭാവത്തെ ഉപയോഗി ച്ചിരിക്കുന്നത്. ''റോമാ ലേഖനത്തിന്റെ വ്യാഖ്യാതാക്കളിൽ വളരെ കുറച്ചുപേ ർ മാത്രമേ ഈ ഔന്നിത്യതലത്തിൽ എത്തിയിട്ടുള്ളുവെന്നാണ്.[30]

ഇതു സംബന്ധിച്ചുള്ള തീരുമാനത്തിലെത്തുവാനുള്ള കാരണങ്ങളെ ന്താണ്? കൂടുതൽ വൈഷമ്യമുണ്ടാക്കുന്ന പദം ''ഞാൻ'' എന്നുള്ളതാണ് പൗലൊസ് ഉപയോഗിച്ചത്. 7:14–25 എന്തുദ്ദേശിച്ചാണ്? 'ഞാൻ' എന്നു താൻ ഉപയോഗിച്ചത് സ്വന്തം അനുഭവത്തെയാണോ അതോ പൊതുവിൽ ആ ഒരു കാര്യ സംസ്ഥാപിക്കുവാൻ വേണ്ടിയായിരുന്നുവോ (1 കൊരി. 4:6)? ഒരു പക്ഷേ തന്നെക്കുറിച്ചുള്ളതു തന്നെയായിരിക്കും ഏറിയ പങ്കും അതുകൊണ്ട് ഉദ്ദേശി ച്ചത്. എന്നാൽ അത് തന്നെ കുറിച്ചും മറ്റുള്ളവരെ സംബന്ധിച്ചും മിക്കപ്പോഴും ശരിയായ ഒരു കാര്യം തന്നെയായിരിക്കുന്നു. ഇതിനെ സംബന്ധിച്ച് മറ്റൊരു സാങ്കേതികത്വം പൗലൊസിന്റെ മനസ്സിൽ ഈ കാര്യങ്ങൾ പറയുമ്പോൾ ക്രിസ്തീയാനുഭവത്തിനു *മുമ്പു*ള്ളതാണോ അതോ ക്രിസ്തീയാനുഭവത്തിനു *ശേഷം* ഉണ്ടായതാണോ എന്നതായിരുന്നു.

രണ്ടും മൂന്നും നൂറ്റാണ്ടിലെ ക്രിസ്തീയ പണ്ഡിത എഴുത്തുകാർ വിശ്വ സിച്ചുപോന്നത് ക്രിസ്ത്യാനിയാകുന്നതിനുമുമ്പുണ്ടായിരുന്ന പൗലൊസിന്റെ അവസ്ഥയായിരുന്നു താനിവിടെ വിവരിക്കുന്നതെന്നാണ്. എന്നാൽ അഗസ്തി നോസിന്റെ കാലം മുതൽ നിലവിൽ വന്ന ചിന്ത ക്രിസ്താനുഭവത്തിനുശേഷവും തന്റെ ഉള്ളിൽ ഉണ്ടായ സങ്കീർണ്ണത ക്രിസ്തീയപക്വതയുടെ ഭാഗമായി താൻ

വിവരിക്കുകയായിരുന്നു എന്നാണ്. ഇന്നുകളിൽ ഈ രണ്ടാശയങ്ങളിൽ നിന്നും വ്യത്യസ്തമായ നിരവധി അഭിപ്രായ വ്യത്യാസങ്ങളാണ് നമ്മൾക്കു കേൾക്കുവാൻ സാധിക്കുന്നത്. അത് ശക്തമായി പഠിപ്പിക്കുകയും ചെയ്യുന്നതു കാണാം. റിച്ചാർഡ് റോജസ് താക്കീതു ചെയ്തിരിക്കുന്നത് "നല്ലവരും ഉന്നതരുമായവർ മുൻപറഞ്ഞ രണ്ടു വശങ്ങളിൽ നിന്നും കാര്യങ്ങൾ പറഞ്ഞിട്ടുള്ളപ്പോൾ എന്തിനാണ് നല്ല ക്രിസ്ത്യാനികൾ അതിനെ എതിർത്തുകൊണ്ട് ഈ ഭാഗത്തെച്ചൊല്ലി കലഹങ്ങൾ ഉണ്ടാക്കി മറ്റൊരു ഉപദേശ സംഹിതകൾ ഉണ്ടാക്കിയെടുക്കുന്നത്?[31]

റോമർ 7നെ സംബന്ധിച്ചു വ്യത്യസ്ത സമീപനങ്ങളെയും തർക്ക വിതർക്കങ്ങളെയും വിവരിക്കുന്നതിന് ധാരാളം സമയവും സന്ദർഭങ്ങളും ആവശ്യമാണ്. എന്നിരുന്നാലും അവയിൽ ചുരുക്കം ചിലതുമാത്രം ചിന്തിക്കാം.

പൗലൊസിന്റെ മാനസ്സാന്തരത്തിന് ശേഷമാണ് ഇത്തരം വൈഷമ്യങ്ങൾ ഉണ്ടായതെന്ന് വിശ്വസിച്ചവരുടെ വാദത്തിന് യോജ്യമായി 14-ാം വാക്യത്തിനു മുൻപുള്ള ഭാഗം 11ൽ നിന്നും ആരംഭിക്കണം (പാപം ... എന്നെ വഞ്ചിക്കുന്നു 7:11) *ഭൂതകാലത്തിൽ* നിന്നും *വർത്തമാന*കാലത്തേക്ക് എത്തിക്കുന്നു (7:14-ൽ ഞാനോ ജഢമയൻ). അവർ ഊന്നി പറയുന്നത്, അപ്പൊസ്തലൻ തന്നെക്കുറിച്ച് ആ വർത്തമാനകാലത്തിലെ അനുഭവങ്ങൾ വെച്ചുകൊണ്ടുപറയുന്ന കാര്യങ്ങളാണെന്നാണ് - മറ്റൊരു വാക്കിൽ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ തന്നെക്കുറിച്ചുള്ള കാര്യങ്ങൾ. ഇതൊരു ഉപസംഹാര വാക്കുകളല്ല. ചിലതൊക്കെ ഭൂതകാലത്തിലെ അനുഭവങ്ങളെ വർത്തമാനകാലത്തിലും സംയോജിപ്പിച്ച് പറയാറുണ്ട്.[32] ഇംഗ്ലീഷിൽ ഇതറിയപ്പെടുന്നത് "ചരിത്രപരമായ വർത്തമാനകാലം" എന്നാണ്.

അതുപോലെ പൗലൊസ് തന്റെ ക്രിസ്താനുഭവത്തിനു മുമ്പുള്ള അനുഭവത്തെ പങ്കുവെക്കുകയാണെന്ന് കരുതുന്നവർ പറയുന്നത് പൗലൊസ് പറഞ്ഞത് "താൻ പാപത്തിന്റെ ബന്ധനത്തിൽ ആകുന്നു" എന്നാണ് (7:14). എന്നാൽ താൻ മുമ്പ് പറഞ്ഞത് ക്രിസ്തുവിൽ ആയി കഴിഞ്ഞപ്പോൾ തനിക്കു ലഭിച്ച സ്വാതന്ത്ര്യത്തെക്കുറിച്ചായിരുന്നു (6:7, 6:14 കാണുക) വീണ്ടും പൗലൊസ് സംസാരിക്കുന്നത് 'പാപത്തിന്റെ ന്യായപ്രമാണത്തിന്റെ തടവിനെക്കുറിച്ചാണ്' (7:23). എന്നാൽ തൊട്ടടുത്ത അദ്ധ്യായത്തിൽ പാപത്തിന്റെ ന്യായപ്രമാണത്തിൽ നിന്നും ലഭിച്ച സ്വാതന്ത്ര്യത്തെക്കുറിച്ചാണ് (8:2).

മാനസ്സാന്തരത്തിനു മുമ്പുള്ള കാര്യമാണെന്ന് പറയുമ്പോഴുണ്ടാകുന്ന തടസ്സം റോമർ 7-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മറ്റുഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴുണ്ടാകുന്ന വ്യത്യാസങ്ങളാണ്. അത് പൗലൊസിന്റെ യഹൂദ മനസ്സുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. തന്റെ യഹൂദ പശ്ചാത്തലവുമായി താൻ ഫിലിപ്യർ 3:6ൽ ഇപ്രകാരം വിവരിക്കുന്നുണ്ട്. "ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് താൻ കുറ്റമറ്റവനാണ്" അപ്പൊ. 23:1-ൽ പൗലൊസ് യഹൂദ ന്യായാധിപസംഘത്തിന്റെ മുമ്പാകെ ബോധിപ്പിച്ചത്, "സഹോദരന്മാരെ, ഞാനിന്നുവരെ ദൈവത്തിന്റെ മുമ്പാകെ കുറ്റമറ്റ മനസാക്ഷിയോടെ ജീവിച്ചു പോന്നു" എന്നാണ്.

യഥാർത്ഥമായിരുന്നതിനെക്കാളും അധികമായി സങ്കീർണ്ണത ഒരു പക്ഷേ കണക്കാക്കിയിരുന്നിരിക്കാം. പൗലൊസ് സമ്പൂർണ്ണനാണന്ന് വാദിക്കുകയല്ല. മോശെയുടെ ന്യായപ്രമാണ കാര്യങ്ങൾ പാലിക്കുന്നതിലെ വീഴ്ച്ചകൾ ആരും തന്നോട് ചൂണ്ടിക്കാണിക്കാനില്ലാത്തതുപോലും താൻ പാലിച്ചു എന്നാണ്. അതുപോലെ 'നല്ല മനസ്സാക്ഷി' എന്നുള്ളതും കുറ്റബോധം തോന്നുവാൻ കാരണമായതൊന്നും താൻ ചെയ്തിരുന്നില്ല എന്നതാണ്. അതുപോലെ തന്നോടു കല്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും താൻ ഇന്നുവരെ നിവർത്തിച്ചുപോന്നു

എന്നത് നല്ലമനസ്സാക്ഷിയുടെ ഭാഗമായി കാണാം.

റോമർ 7:14–25 വരെയുള്ള ഭാഗത്തു കാണുന്നതുപോലെ പുതിയ നിയമത്തിൽ മറ്റൊരിടത്തും പൗലൊസിന്റെ അന്തരംഗത്തിലെ കാര്യങ്ങൾ നമുക്കു കാണുവാൻ സാധിക്കുകയില്ല.[33] ഒരു പക്ഷേ ഈ ഭാഗത്തെ നാം മനസ്സിലാക്കേണ്ടത്, പൗലൊസിന്റെ വൈകാരിക – ആന്തരീക ഉൾക്കാഴ്ചകളെയാണ്. അവ ഈ വേദഭാഗത്താണ് വ്യക്തമാക്കിയിരിക്കുന്നത്. ഒരു പക്ഷേ യേശുവുമായിട്ടുള്ള പൗലൊസിനുണ്ടായ ഏറ്റുമുട്ടലിനു മുമ്പ് ഉണ്ടായിരുന്ന വികാരങ്ങളെ ഉള്ളിൽ ഒതുക്കിവെച്ചിരുന്നവയെ ഇപ്പോൾ തുറന്നുവിട്ടതായിരിക്കാം. മൂന്നുദിവസം ദമസ്ക്കോസിൽ പൗലൊസിന്റെ മനസ്സിലുണ്ടായിരുന്ന ബുദ്ധിമുട്ടുകളെ മനസ്സിലാക്കുവാൻ നമുക്ക് വൈഷമ്യമുണ്ടാകുകയില്ല (പ്രവർത്തി. 9:9). ഒരു പക്ഷേ പൗലോസ് തന്റെ ഭൂതകാലത്തിലെ യഹൂദ ജീവിതത്തെ തന്റെ വർത്തമാനകാലത്തെ ക്രിസ്തീയാനുഭവ കണ്ണിലൂടെ നോക്കി കാണുന്നതായിരിക്കാം ഈ ഭാഗത്ത്. ഏതു കാരണത്താലും പൗലൊസിന്റെ അടിസ്ഥാന കാര്യങ്ങൾ ഈ ഭാഗത്തുനിന്നും ഗ്രഹിക്കാവുന്നത്, തന്റെ നിരാശകരമായ അനുഭവങ്ങൾ താൻ ന്യായപ്രമാണ തല്പ്പരനായിരുന്നപ്പോൾ, അതിൽ പറഞ്ഞിരുന്നതെല്ലാം പാലിച്ചിട്ടുണ്ട്, അത് തന്റെ കഴിവിൽ ആശ്രയിച്ചുകൊണ്ടായിരുന്നു എന്നു മാത്രം.

അതേസമയം സാർവ്വത്രികമായി ഈ കാര്യങ്ങൾ റോമർ 7:14–25 വരെ കൊടുത്തിരിക്കുകയാണെന്ന് പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഈ വാക്കുകളെ സംബന്ധിച്ച് തോമസ് എഴുതിയിരിക്കുന്നത് ‘‘മാനുഷിക ശാസ്ത്രത്തിന്റെ മനശാസ്ത്രപരമായ കാര്യങ്ങൾ ഒറ്റ എഴുത്തുകാരൻ പോലും ഇത്ര സ്പഷ്ടമായി മാനുഷ്യ പ്രകൃതത്തെ സംബന്ധിച്ചെഴുതി ചേർക്കുവാൻ ആരാലും സാദ്ധ്യമല്ല.[34] പൗലൊസ് തന്നെക്കുറിച്ച് പറയുന്ന കാര്യങ്ങൾ എല്ലാവരെ സംബന്ധിച്ചും തീർച്ചയായും ശരിയായതാണ്.

പൗലൊസ് നൽകുന്ന ഉദ്ദേശങ്ങൾ നമ്മൾ 7:14–25 വാക്യങ്ങളിൽ നിന്നും മറന്നു പോകാതിരിക്കണം. അദ്ദേഹത്തിനോട് ദയ ഉണ്ടാകുവാനോ, തന്റെ വ്യക്തിപരമായ പ്രതിസന്ധികളിൽ കൂടെ നമുക്ക് മനഃശാസ്ത്രപരമായ കാഴ്ച്ചപ്പാട് നൽകുക എന്നതോ അല്ല. അദ്ദേഹം ന്യായപ്രമാണത്തെ ആണ് ഇപ്പോഴും ലക്ഷ്യമാക്കിയിരിക്കുന്നത് (7:14, 16, 22, 25). ഒന്നുമുതൽ ആറുവരെയുള്ള വാക്യങ്ങളിൽ ‘‘ന്യായപ്രമാണത്തിൽ നിന്നും ആളുകൾ വിമുക്തരായിരിക്കുന്നു.’’ എന്നു പറയുന്നു (7:2). അതിന്റെ അർത്ഥം മോശമാണെന്നാണോ? തീർച്ചയായും അല്ല. വാക്യങ്ങൾ 7 മുതൽ 13 വരെ ന്യായപ്രമാണം അതിനാൽ തന്നെ നല്ലതാണെന്നാണ്, എന്നാൽ പാപം (സാത്താൻ) ആ ന്യായപ്രമാണത്തെ അനുസരിക്കാതിരിക്കുവാൻ ഉപയുക്തമാക്കി തീർക്കുന്നു. 14 മുതൽ 25 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് തന്റെ വാദങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ന്യായപ്രമാണത്തിന്റെ അടിസ്ഥാന പ്രശ്നത്തെ വെളിപ്പെടുത്തുന്നു. ഒരിക്കൽ ഒരു മനുഷ്യൻ പാപം ചെയ്താൽ, ആ മനുഷ്യന്റെ പാപത്തെ നീക്കുവാൻ ന്യായപ്രമാണം അശക്തമാണ്.

**വാക്യം 14.** ന്യായപ്രമാണം അല്ല മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നത്തിന്റെ കാരണം എന്നതിൽ പൗലൊസ് വളരെ കർക്കശക്കാരനായിരുന്നു. വീണ്ടും ആ വാക്യം ഗഹനമായി തന്നെ ഊന്നി പറയുന്നു. **നമുക്കറിയാം ന്യായപ്രമാണം ആത്മീകമാണെന്ന്.** അതിന്റെ ആരംഭത്തിൽ ‘‘നമ്മൾ’’ എന്ന ബഹുവചനത്തിലേക്ക് അദ്ദേഹം ശ്രദ്ധ ക്ഷണിക്കുന്നു. അത് ന്യായപ്രമാണത്തെ വളരെ അധികം ബഹുമാനിച്ചുകൊണ്ടാണ്. ന്യായപ്രമാണം ആത്മീകമാണ് (πνευματικός, *pneumatikos*) എന്തുകൊണ്ടെന്നാൽ

അതിന്റെ ഉത്ഭവം ദൈവത്തിന്റെ സ്വന്തം ആത്മാവിൽ നിന്നുമാണ് (Πνεῦμα, *Pneuma*) (2 പത്രൊസ് 1:21 കാണുക). ജിമ്മി അലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു, ന്യായപ്രമാണം കുറഞ്ഞപക്ഷം മൂന്നുകാരണങ്ങളാൽ ആത്മീകമാണ്:

1. അതിന്റെ ഉൽഭവത്താൽ - ദൈവത്താൽ നല്കപ്പെട്ടതുകൊണ്ട് (1 കൊരി. 10:3-4).
2. അതിന്റെ ഉദ്ദേശത്തിൽ - മനുഷ്യരെ ആത്മീകമായി പുരോഗതിയിലേക്ക് എത്തിക്കുവാൻ വേണ്ടിയുള്ളതാണ്.
3. ഉൽബോധനത്തിൽ - മനുഷ്യനിലുള്ള ആത്മാവിനോടു സംസാരിക്കുന്നതാണ്.[35]

ന്യായപ്രമാണത്തെക്കുറിച്ച് പൗലൊസ് പറഞ്ഞത്, തന്നെക്കുറിച്ചു തന്നെ പറയുവാൻ സാധ്യമല്ല. **എന്നാൽ ഞാൻ ജഢമയൻ, പാപത്തിന് വില്ക്കപ്പെട്ടവൻ**. പൗലൊസിന്റെ ഊന്നൽ ഇതായിരുന്നു. ന്യായപ്രമാണമല്ല പ്രശ്നം മറിച്ച് താൻ തന്നെയാണ്. ന്യായപ്രമാണ കല്പനകൾ പരിശുദ്ധമാണ്, നീതി, നന്മ - എന്നാൽ തനിക്ക് ഇവ പ്രായോഗികമാക്കുവാൻ സാധിച്ചില്ല. അതുകൊണ്ട് ന്യായപ്രമാണം പാലിക്കാത്തവൻ എന്ന നിലയിൽ തന്നെ കുറ്റം വിധിക്കുന്നു.

"ജഢീകൻ" എന്നത് σάρκινος (*sarkinos*)[36] എന്ന പദത്തിൽ നിന്നും വന്നതാണ്. അതിന്റെ അഡ്ജക്ടീവ് [σάρξ *sarx*, (ജഢം)] അർത്ഥമാക്കുന്നത് 'പറ്റുമാനം' എന്ന ശാരീരിക വശത്തെയാണ്.[37] ശാരീരികമായ തലങ്ങളിൽ, അത്, ഭൗതികമായതും, ശാരീരികമായതും, മാനുഷികവും, ജഢികമായതുമാണ്.[38] ഗഖഢയിൽ "ജഢികം" എന്നത് ജഢത്തിൽ നിന്നും എന്ന വാക്കിൽ നിന്നാണ്. ജഢത്തിന് കാർണൽ എന്ന ഇംഗ്ലീഷ് വാക്കാണുപയോഗിച്ചിരിക്കുന്നത്. അത് ഇന്ന് പൊതുവെ ഉപയോഗിക്കുന്ന ഒരു പദമല്ല. ചകഢയിൽ അനാത്മീകം എന്ന വാക്ക് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നതാണ്. ആത്മീക ന്യായപ്രമാണത്തിന് എതിർ പദമായി കൊണ്ട്; എന്നാൽ 'സാർക്കിനോസ്' എന്ന ഗ്രീക്കുപദത്തിന് ജഢീകം എന്നാണ് അർത്ഥം. അല്ലാതെ ആത്മീകം എന്നല്ല.

ഞാൻ ജഢമയൻ എന്ന് പൗലൊസ് പറഞ്ഞപ്പോൾ താൻ എത്ര ബലഹീനനാണെന്ന് ഊന്നൽ കൊടുക്കുകയായിരുന്നു. താഴെ പറയുന്ന വാക്കുകൾ തന്റെ പാപത്തിന്റെ സ്വാധീനത്താൽ താൻ എത്രമാത്രം വെല്ലുവിളിക്കപ്പെട്ടു എന്ന് സ്വയമേ പറയുകയാണ്. അതുകൊണ്ട് അപ്പൊസ്തലൻ ഊന്നി പറയുന്ന ഒരു കാര്യം ന്യായപ്രമാണമല്ല പ്രശ്നം മറിച്ച് താൻതന്നെയാണ് യഥാർത്ഥ പ്രശ്നം എന്ന്.

പൗലൊസ് സ്വയം സഹായമില്ലാത്തവനെപ്പോലെ സങ്കീർണ്ണതയിൽ വ്യവഹരിക്കുമ്പോൾ പറയുവാൻ ഉദ്ദേശിക്കുന്നത്, പാപത്തിന് താൻ വിൽക്കപ്പെട്ടു എന്നാണ്. ഇവിടെ സാങ്കൽപ്പികമായി ഒരു അടിമച്ചന്തയെ കൊണ്ടുവരുകയാണ്; ആ അടിമച്ചന്ത പാപത്തിന്റേതായി ചിത്രീകരിക്കപ്പെടുകയുമാണ്. ലേലം വിളിക്കുന്നവൻ തന്റെ കൈയ്യിലെ കൊട്ടുവടി എടുത്ത് ലേല തീർപ്പ് കൽപ്പിക്കുന്നു, അത് പൗലൊസ് പാപത്തിന്റെ അടിമയാണെന്നാണ് (6:6, 17:20 കാണുക). പ്രശ്നം എന്താണെന്നുവെച്ചാൽ പൗലൊസിന് ന്യായപ്രമാണം പരിപൂർണ്ണമായി പാലിക്കുവാൻ കഴിയുകയില്ലായിരുന്നു എന്നതാണ്. ന്യായപ്രമാണം പരിപൂർണ്ണമാണ്, എന്നാൽ അദ്ദേഹം അതായിരുന്നില്ല. പുറമെ കാണുന്നത് ശുഷ്ക്കിച്ചതാണ്.

**വാക്യം 15.** പൗലൊസ് ന്യായപ്രമാണത്തിന്റെ കീഴിൽ അനുഭവിക്കുന്ന സഹായമില്ലാത്ത അവസ്ഥയെ വിവരിക്കുകയാണ്. **ഞാൻ ചെയ്യുന്നതെന്താണ് എന്ന് എനിക്കറിഞ്ഞുകൂടാ; ഞാൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നതല്ല ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്; ഞാൻ വെറുക്കുന്ന കാര്യമാണ് ചെയ്തുകൊ ിരിക്കുന്നത്.** മൂന്ന് വ്യത്യസ്ത വാക്കുകളാണ് "ചെയ്യുക" അഥവാ "പ്രായോഗികമാക്കുക" എന്നതിന് ഉപയോഗിച്ചിരിക്കുന്നത് ഈ 15-ാം വാക്യത്തിൽ ഓരോന്നിനും വ്യത്യസ്തമായ അർത്ഥങ്ങളാണ് ഉള്ളത്. എന്നാൽ അവ വ്യത്യസ്തമായി പല പ്രകാരത്തിൽ ഉപയോഗിച്ചിട്ടുണ്ട്. "മനസ്സിലാക്കുക" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് *γινώσκω* (*ginōskō*), എന്നതിന് അറിയുക എന്നും അർത്ഥമുണ്ട്. തീർച്ചയായും ക്രിസ്തീയ വിശ്വാസത്തിൽ ആത്മ നിർവൃതനായ പൗലൊസ് എന്താണ് യഥാർത്ഥ പ്രശ്നം എന്ന് മനസ്സിലാക്കി അപ്പോൾ താൻ യഹൂദൻ എന്ന നിലയിൽ എന്തുമാത്രം ജഡത്തിൽ തീ തിന്നുന്ന അനുഭവത്തിലായിരുന്നു എന്ന് മനസ്സിലാക്കി. ഈ ഒരു സാഹചര്യത്തിൽ പൗലോസ് വളരെ ആശയകുഴപ്പത്തിലായി കാരണം താൻ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ മുഴുവനായും പാലിക്കുവാൻ കഴിയാത്തവനാണെന്ന് ബോധ്യമായി. എന്നാൽ തനിക്കാകട്ടെ ന്യായപ്രമാണത്തിലെ കാര്യങ്ങൾ പാലിക്കുവാൻ താൽപ്പര്യവുമുണ്ട് (7:7, 8 കാണുക).

**വാക്യം 16.** പൗലൊസ് കാണുന്നത് ഇത് ന്യായപ്രമാണത്തിന്റെ തെളിവായിട്ടാണ്; **എന്നാൽ[39] ഞാൻ ചെയ്യുന്ന കാര്യം ചെയ്യുവാൻ താൽപര്യമില്ലാത്തവനാണ്. ന്യായപ്രമാണം നല്ലതാണെന്ന് ഞാൻ സാക്ഷീകരിക്കുകയും ചെയ്യുന്നു.** പൗലൊസിന്റെ കാരണം കണ്ടെത്തൽ വളരെ തീർപ്പു നൽകുന്ന വിധത്തിലാണ് ഈ വാക്യത്തിൽ കാണുന്നത്. ഇത് അതിൻപ്രകാരം ശരിയായി കാണുന്നതല്ല. അദ്ദേഹത്തിന്റെ വിപുലീകരിച്ച ചിന്തകളെ ഈ വിധത്തിൽ നമുക്ക് കാണാവുന്നതാണ്. "ന്യായപ്രമാണം എന്നോട് ചില കാര്യങ്ങൾ ചെയ്യരുത് എന്ന് പറയുന്നു. എനിക്ക് ന്യായപ്രമാണത്തോട് അനുസരണക്കേടുകാണിക്കുവാൻ താല്പര്യമില്ല; എന്നാൽ ആകട്ടെ ഞാൻ ചെയ്യുവാൻ പാടില്ലാത്ത അനേക കാര്യം തന്നെ ചെയ്തുപോകുന്നു. അത് ഞാൻ ചെയ്യുമ്പോൾ എനിക്ക് *കുറ്റബോധ*മുണ്ടാകുന്നു. ആ കുറ്റബോധം എനിക്ക് ഉണ്ടാകുവാൻ കാരണം ന്യായപ്രമാണത്തോട് ഞാൻ യോജിക്കുന്നതുകൊണ്ടാണ്; എന്റെ പ്രവൃത്തികൾ ദോഷകരമാണ് എന്ന് പറയുന്നതാണ് ന്യായപ്രമാണം. അതുകൊണ്ട്, ന്യായപ്രമാണം യാതൊരുവിധ തെറ്റും കൂടാതെയുള്ളതാണെന്ന് എനിക്ക് ശരിവച്ചാലേ പറ്റൂ.

"നല്ലത്" എന്നത് *καλός* (*kalos*) എന്ന വാക്കിൽ നിന്നുള്ളതാണ്; അത് ധാർമ്മികമായ ഗുണങ്ങളുള്ള നന്മയാണ്; വിശേഷതകളുള്ളതും പ്രശംസനീയമായതുമാണ്.[40] പൗലൊസിന്റ കുറ്റസമ്മതത്തോട് കൂട്ടിചേർത്താൽ "ന്യായപ്രമാണം നല്ലതാണ് എന്നാൽ ഞാൻ അങ്ങനെയല്ല."

**വാക്യം 17.** *എന്തുകൊാണ്* പൗലൊസിന് ന്യായപ്രമാണം അനുസരിക്കുവാൻ കഴിയാഞ്ഞത്. കാരണം താൻ പാപത്തിന് വിൽക്കപ്പെട്ടു (7:14). തന്നെക്കാൾ അധികം ശക്തിയുള്ളതാണ് പാപം. **അത് ചെയ്യുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ.** 'വസിക്കുന്നു' എന്ന പദം (എനോയ്ക്യോ) എന്നതാണ്. അതിന്റെ അർത്ഥം "ഒരുവന്റെ വീടാക്കി തീർക്കുക" എന്നതാണ്.[41] പാപം. (വിപുലീകരിക്കപ്പെട്ട) പൗലൊസിന്റെ ജീവിതത്തിലേക്ക് വ്യാപിച്ചിട്ട് പൂർണ്ണ അധികാരം ഏറ്റെടുത്തു.

നമ്മുടെ പാഠഭാഗത്തുള്ള നിരവധി ഭാഗങ്ങൾ സാഹചര്യങ്ങളിൽ നിന്നും അടർത്തിയെടുത്താൽ പൗലൊസ് തന്റെ പാപത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും മാറിനിൽക്കുന്നതായി കാണാം. വാക്യം 17, 20-ൽ ഒക്കെ ഇതു കാണാവുന്നതാണ്. എന്നാൽ ഞാൻ ചെയ്യേണ്ടതല്ലാത്തത് ചെയ്യുകയാണെങ്കിൽ അത് ഞാനല്ല, എന്നിൽ ഉള്ളതായ പാപമാണ്; അത് എന്നിൽ വാസമുറപ്പിച്ചതാണ്. മറ്റുള്ള വാക്യങ്ങളിൽ നിന്നും മാറിനിന്ന് ചിന്തിച്ചാൽ, ഈ വാക്യത്തിന്റെ ആശയങ്ങൾ ''എനിക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല, പിശാച് എന്നെക്കൊണ്ട് ഈ കാര്യങ്ങൾ അത്രയും ചെയ്യിക്കുന്നു''.

എങ്ങനെയായിരുന്നാലും, പൗലൊസ് ഉത്തരവാദിത്വം വ്യക്തിപരമായി കണ്ടുകഴിഞ്ഞു. 15-ാം വാക്യത്തിൽ രണ്ടുപ്രാവശ്യം താൻ പരാമർശിച്ചിരിക്കുന്നത്, ''ഞാൻ ചെയ്യുന്നത്'' 16-ാം വാക്യത്തിൽ താൻ പറയുന്നത് ''ഞാൻ ചെയ്യുന്ന കാര്യം എനിക്ക് ചെയ്യുവാൻ പാടില്ലാത്തതാണ്'' റോമാലേഖനത്തിൽ ഉടനീളം താൻ ഊന്നി പറയുന്നത്, പാപികൾ അവരുടെ ചെയ്തിതികൾക്കുത്തരവാദികൾ ആണെന്നും അവർ ദൈവമുമ്പാകെ അതിന് കണക്ക് കൊടുക്കേണ്ടി വരുമെന്നാണ് (2:6; 14:12 കാണുക). പിന്നെന്തുകൊണ്ടാണ് താൻ അല്ല, തന്നിലുള്ള പാപമാണ് ഇതു തന്നെ ചെയ്യിക്കുന്നത് എന്നു പറയുന്നത്?

''എന്നിൽ'' എന്നുള്ള പദം ശ്രദ്ധിച്ചുകഴിഞ്ഞാൽ നമുക്ക് ഇതിന്റെ പൊരുൾ ഒരു പക്ഷേ മനസ്സിലാക്കുവാൻ സാധിച്ചേക്കാം. 18-ാം വാക്യത്തിൽ പറയുന്നത്, ''എന്നിൽ നന്മയായതൊന്നും വസിക്കുന്നില്ല. അതായത് *എന്റെ ജഢത്തിൽ* (ഊന്നൽ ശ്രദ്ധിക്കുക). പൗലൊസിനെ സംബന്ധിച്ച് തനിക്ക് നന്മ ചെയ്യുവാനുള്ള താൽപര്യത്തോടെയാണ് ഈ കാര്യങ്ങൾ പറയുന്നതെന്ന് വ്യക്തമാണ് (7:21). കൂടാതെ അവന്റെ ജീവിതത്തിന്റെ ഭാഗം പാപത്തിന്റെ നിയമത്തിന് വിധേയമായിരുന്നു (7:23). ഒന്നാമത്തെ ഭാഗം '' ആത്മീകമനുഷ്യനെ'' (7:22) യും അവന്റെ മനസ്സി (7:23, 25) നെയും സൂചിപ്പിക്കുന്നതാണ്. രണ്ടാമത്തേതിന് സ്ഥാനപേരായി എന്റെ ജഢത്തിനേയും (7:18, 25) എന്റെ അവയവങ്ങ (7:23) ളേയും. നാം ഇതിനെ ആന്തരീക മനുഷ്യന്റെ (മനുഷ്യാത്മാവിന്റെ) ഉള്ളിലും പുറമേയുമായുള്ള പോരാട്ടാമായി ചിന്തിക്കേണ്ടതാണ്.[42]

പുറമേയുള്ള മനുഷ്യൻ പാപം ചെയ്യുമ്പോൾ അകമേയുള്ളവൻ കുറ്റവിമുക്തനാണന്ന് കാണിക്കുവാനോ പൗലൊസ് ഈ പാഠത്തിലൂടെ ഉദ്ദേശിച്ചത്? അല്ല. യേശു തന്റെ പഠിപ്പിക്കലിൽ വളരെ വ്യക്തമായി പഠിപ്പിച്ചത് മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെ എല്ലാവിധ ദോഷങ്ങളും പുറമേയുള്ള പ്രവർത്തനമായി ആവിർഭവിക്കുന്നുവെന്ന് പഠിപ്പിച്ചിരുന്നു (മത്താ. 15:18-20). പൗലൊസ് അതിനെ വെളിവാക്കുന്നത് പുറമേയുള്ളവനും അകമേയുള്ളവനും തന്റെ ഭാഗമായി തന്നെയാണ് (1 തെസ്സ. 5:23). അതിന് രണ്ടിനും താൻ തന്നെയാണ് ഉത്തരവാദി.

അകമെയും/പുറമെയും എന്ന വാക്കുകൾ നാടകീയമായി കാര്യങ്ങൾ പറയുന്നതിനുവേണ്ടിയാണ്, അത് ന്യായപ്രമാണത്തെ പൂർണ്ണമായി സൂക്ഷിക്കുന്നതിന് *അസാദ്ധ്യമായിട്ടാണ്* ഉപയോഗിച്ചിരിക്കുന്നത്. എത്രമാത്രമായിരുന്നാലും തന്റെ കഠിന പ്രയത്നത്താൽ - തന്റെ ബലഹീനതയായി- അതു തന്നെ താഴേക്ക് വലിച്ചിഴക്കുന്നു. CJB പ്രകടിപ്പിക്കുന്ന കാര്യം, പൗലൊസിന്റെ ചിന്ത 17-ാം വാക്യത്തിൽ ''ഇനി ഇത് ഞാനാകുന്ന യാഥാർത്ഥ്യമല്ല എന്നിൽ ചെയ്യുന്നത്, മറിച്ച് എന്നിൽ കുടികൊള്ളുന്ന പാപമാകുന്നു''. 'യഥാർത്ഥ ഞാൻ' എന്നത് പൗലൊസിന്റെ നന്മചെയ്യുവാനുള്ള താല്പര്യമാകുന്ന ജീവിതമാണ്. (ഈ ഭാഗത്ത് നമ്മൾ മുന്നോട്ടു പോകുന്തോറും യഥാർത്ഥ എന്ന പദം പലപ്പോഴും ഉപയോഗിക്കും.

**വാക്യം 18.** പൗലൊസ് തുടരുന്നു, **എന്നിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; അത് എന്റെ ജഡത്തിലാണ്.** ഒരു നന്മയും തന്റെ ജഡത്തിൽ വസിക്കുന്നില്ലേ? എന്തുകൊണ്ടാണ് പൗലൊസ് ഇത്ര കടുപ്പിച്ച പദങ്ങളും ഭാഷയും ഉപയോഗിച്ചിരിക്കുന്നത്? ഒരു പക്ഷെ "നല്ലത്" എന്നത് പരിപൂർണ്ണതയെ സൂചിപ്പിക്കുന്നതാണ്, അതെല്ലാ കാര്യങ്ങളിലും (ലൂക്കൊ. 18:19) വസിക്കുന്നു എന്നത് വർത്തമാനകാലത്തിൽ തുടർമാനമായതിനെ കാണിക്കുന്നതാണ്. അതിനാൽ പൗലൊസിൽ ചില സമയങ്ങളിൽ നഷ്ടപ്പെട്ടുപോകുന്ന നന്മയെ കാണിക്കുന്നതാകാം ഇതുകൊണ്ടർത്ഥമാക്കുന്നത്. ഒരു പക്ഷേ ജഡത്തിന്റെ ഹീനത തന്നെ താഴേക്ക് പിടിച്ചുവലിക്കുന്നതിന്റെ ഭീകരതയെ കാണിക്കുവാൻ അതിശയോക്തിപരമായി ഉപയോഗിച്ചിരിക്കുന്നത് ആകാം ഇത്. ഒരു കാര്യം മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാൻ അതിശയോക്തി ആവശ്യമെങ്കിൽ ഉപയോഗിക്കാം എന്നതാകാം കാരണം (യോഹ. 21:25 കാണുക).

18–ാം വാക്യത്തിൽ പൗലൊസിന്റെ വാക്കുകളും ജ്ഞാനമതക്കാരുടെ പഠിപ്പിക്കലുമായി ഒത്തുചേർക്കാനായി നമ്മൾ ഉപയോഗിച്ചുകൂടാ. അവരുടെ ജഡത്തെക്കുറിച്ചുള്ളത് പഠിപ്പിക്കൽ ഇതിൽ നിന്നുമാണ് കൂടുതലായി പറഞ്ഞിരിക്കുന്നത്. ജ്ഞാനമതക്കാർ വിശ്വസിച്ചിരുന്നത് 'ജഡം' തിന്മയിൽ നിന്നുണ്ടായതാണ്. തൽഫലമായി അവൻ പറഞ്ഞിരുന്നത് ക്രിസ്തുവിന് ജഡത്തിൽ വരുവാൻ കഴിയുകയില്ലായെന്നായിരുന്നു. അതോടൊപ്പം ശരീരത്തിൽ മനുഷ്യർ ചെയ്യുന്ന പാപങ്ങൾക്ക് ആത്മാവ് ഉത്തരവാദിയല്ലാ എന്നും പഠിപ്പിച്ചു. പൗലൊസ് അത് വിശ്വസിച്ചില്ല. പൗലൊസ് പഠിപ്പിച്ചത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പാപത്തിന്റെ ജഢീക ഇച്ഛകളെ അതിജീവിക്കുവാൻ ഇടയാകും എന്നായിരുന്നു (8:13 കാണുക). തന്റെ വായനക്കാരെ പൗലൊസ് ഉത്സാഹിപ്പിച്ചത് "നിങ്ങളുടെ ശരീരത്തിന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിന് സമർപ്പിക്കുക". എന്നതായിരുന്നു (6:13; 12:1 കാണുക).

എന്നിരുന്നാലും, 7:18–ൽ ദൈവത്തിന്റെ ആത്മാവിന്റെ സഹായത്താൽ അല്ലാതെ ജഢീക പരിശോധനകളെ അതിജീവിക്കുവാൻ കഴിയുകയില്ല എന്നതായിരുന്നു. ആ ഒരു വ്യത്യസ്തതയിൽ അല്ലാതെ ജഢം മനുഷ്യരെ തിന്മയിലേക്ക് വലിച്ചിഴക്കും എന്നത് തന്നെയാണ് പൗലൊസിന്റെ പഠിപ്പിക്കൽ. പൗലോസിന്റെ ചിന്തയിൽ അതിന്റെ ഫലം എന്തായിരുന്നു. **നന്മ ചെയ്യുവാനുള്ള താൽപര്യം തന്നിൽ (ശരിയായ തന്നിൽ) വ്യാപരിക്കുന്നുന്നെതാണ്. എന്നാൽ നന്മ ചെയ്യുവാൻ കഴിയാത്ത അവസ്ഥയാണിത്.**

**വാക്യം 19. ചെയ്യേുന്ന നന്മ ചെയ്യുന്നില്ല.** പൗലൊസിന് ഒരു നന്മയും ചെയ്വാൻ കഴിയുന്നില്ലേ? അദ്ദേഹം വീണ്ടും തന്റെ ചിന്തകളെ വ്യക്തമാക്കുവാൻ ഈ കാര്യത്തിന് ഊന്നൽ കൊടുക്കുകയാണ്. അദ്ദേഹം ചില നന്മകൾ ചെയ്യുന്നുണ്ട്. എന്നാൽ ഉദ്ദേശിക്കുന്ന എല്ലാ നന്മയും ചെയ്യുവാൻ സാധിക്കുന്നില്ല. കൂടാതെ ചെയ്തുകൊണ്ടിരിക്കുന്ന നന്മകളിൽ വീഴ്ച്ചകളും സംഭവിക്കുന്നു. അതിന്റെ കാരണം ജഢത്തിന്റെ പ്രവർത്തികളിൽ വീഴുന്നതിനുള്ള "സന്നദ്ധത" ശരീരത്തിൽ കാണുന്നു.[43] അതുകൊണ്ടുതന്നെ അതൊരു പൂർണ്ണ പരാജയമായി ചിന്തിച്ചുകൊണ്ടെഴുതുകയാണ്. നല്ലതു ചെയ്യുവാനുള്ളതല്ല, **താൻ ചെയ്യാറുള്ളതു ചെയ്യുവാൻ ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രായോഗികമാക്കുന്നത്.**

**വാക്യം 20.** വീണ്ടും താൻ പറയുന്നത്, **എന്നാൽ എന്താണ്, ഞാൻ ആഗ്രഹി**

**ക്കാത്ത അതേ കാര്യമാണ് ഞാൻ ചെയ്തുകൊിരിക്കുന്നത്. അതു ഞാനല്ല, മറിച്ച് എന്നിൽ വസിക്കുന്ന പാപമാണ്** (എന്റെ ശരീരത്തിൽ) (7:17 ലെ വ്യാഖ്യാനം കാണുക)

**വാക്യം 21.** പൗലൊസ് ഇതിലെ ദുരവസ്ഥയെക്കുറിച്ചു 14 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ ഒരു രത്നച്ചുരുക്കമാക്കി ഉപസംഹരിച്ചിരിക്കുന്നു. **എന്നിൽ പാപത്തിന്റെ ഒരു പ്രമാണം അന്തർലീനമായിരിക്കുന്നു, നന്മ ചെയ്യുവാൻ** (യഥാർത്ഥ എന്നിൽ) **താല്പര്യമുള്ള എന്നിലാണത്**. നന്മചെയ്യുവാൻ ആഗ്രഹമുണ്ടെങ്കിൽപോലും തിന്മയുടെ സാന്നിധ്യം തന്നിൽ എപ്പോഴും ഉണ്ട്. അത് ഒരിക്കലും ഒരാളെയും ഒറ്റക്ക് വിടുന്നില്ല (1 പത്രൊ. 5:8 കാണുക). മറിച്ച് നന്മ ചെയ്യാതിരിക്കുവാൻ തടഞ്ഞുകൊണ്ടേയിരിക്കുന്നു (7:18, 19).

''പ്രമാണം'' എന്ന വാക്കു νόμος (*nomos*) എന്ന പദത്തിൽ നിന്നും പരിഭാഷപ്പെടുത്തിയതാണ്. അത് ''നിയമം'' എന്നർത്ഥമാണ്. നോമോസ് എന്നത് 22-ാം വാക്ക്യത്തിൽ ''ദൈവത്തിന്റെ പ്രമാണം'' എന്നതിനുപയോഗിച്ചിട്ടുണ്ട്. 23-ാം വാക്യത്തിൽ ഇത് മൂന്നുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ''വ്യത്യസ്തമായ ഒരു പ്രമാണം,'' ''മനസ്സിലെ പ്രമാണം,'' ''പാപത്തിന്റെ പ്രമാണം'' ഇത് 25-ാം വാക്യത്തിൽ രണ്ടു പ്രാവശ്യം കാണുന്നു. ''ദൈവത്തിന്റെ പ്രമാണം'' ''പാപത്തിന്റെ പ്രമാണം'' ഇതേ വാക്കുകൾ 8:2, 3, 4, 7 എന്നിവിടങ്ങളിലും കാണുന്നു.

ഇതിലെ ചില പദങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണത്തെ വ്യക്തമാക്കുന്നതാണ്. പ്രത്യേകിച്ച് മോശെയുടെ ന്യായപ്രമാണത്തെ (7:22, 25). എന്നാൽ തത്വം (നിയമം) 7:21 ലെയും 23 ലെ ധാരാളമായ ''നിയമങ്ങളും'' കൊണ്ട് ഉദ്ദേശിക്കുന്നത് മുൻപ് 3-ാം അദ്ധ്യായത്തിൽ ചർച്ച ചെയ്തതുപോലെ *നോമോസ്* എന്ന പദം റോമാലേഖനത്തിൽ 7 വ്യത്യസ്ത വഴികളിൽ ഉപയോഗിക്കുന്നു:

തോറ, പഴയനിയമത്തിലെ ആദ്യ 5 പുസ്തകങ്ങൾ
പഴയനിയമത്തെ മൊത്തത്തിൽ
എഴുതപ്പെട്ടതോ, എഴുതപ്പെടാത്തതോ ആയ ദൈവത്തിന്റെ വെളിപ്പാട്
ഒരു പ്രത്യേക നിയമ വ്യവസ്ഥ ആവശ്യപ്പെടുന്നത്
നിയമ വ്യവസ്ഥ
പൊതു തത്വം
സംസ്ഥാപിത വ്യവസ്ഥകൾ

അവസാനത്തെ 'നോമാസ്' എന്ന രണ്ടു പദത്തിന്റെ അർത്ഥങ്ങൾ രണ്ടാം തരത്തിൽ കാണുന്നതാണ്, ഒരു പൊതുതത്വം സംസ്ഥാപിത വ്യവസ്ഥ (ഭൂഗുരുത്വാകർഷണ തത്വം). NASB യിൽ സൂചിപ്പിക്കുന്നതുപോലെ 21-ാം വാക്യത്തിൽ നോമാസിന്റെ തത്വങ്ങൾ പൊതുവിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ ആശയമാണിത്. അവ 23ലും 25ലും രണ്ടാം നിയമമായി കാണുന്നു.

**വാക്യം 22.** പൗലൊസ് ഒരു വലിയ ബുദ്ധിമുട്ടിൽ കാണപ്പെടുന്നു. 21-ാം വാക്യത്തിൽ പറയുന്നു, **ഇങ്ങനെ ഞാൻ അകമെ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നു.** 7:14-25 വരെയുള്ള ഭാഗത്ത് പക്വതയാർന്ന ക്രിസ്ത്യാനിയുടെ ആത്മീക പോരാട്ടത്തെയാണ് ഇത് കാണക്കാക്കുന്നതെന്ന് പറയുന്നവർ ദൈവത്തിന്റെ ന്യായപ്രമാണത്തോടു ഒരിക്കലും ഇഷ്ടം ഉണ്ടാകാത്ത അക്രൈസ്തവരുടെ അനുഭവമായിട്ടാണതിനെ കാണുന്നത്. അങ്ങനെതന്നെയാണ് നിർബന്ധമനസ്സുള്ള ഒരു യഹൂദനും (പൗലൊസും അങ്ങനെതന്നെയായിരുന്നു) ഇതിനെ നോക്കി കാണുന്നത്. ''യഥാർത്ഥ'' പൗലൊസ് സങ്കീർത്തനക്കാരനോടു ചേർന്നു

പറയുന്നത്. ''നിന്റെ ന്യായപ്രമാണത്തെ ഞാൻ സ്നേഹിക്കുന്നു! അതെന്റെ മുഴു നാളത്തെയും ധ്യാനമാണ് (സങ്കീ. 119:97).

**വാക്യം 23.** മറ്റൊരു വശത്ത് പൗലൊസ് പറയുന്നത്, **എന്റെ ശരീരത്തിന്റെ അവയവങ്ങളിൽ വ്യാപരിക്കുന്ന മറ്റൊരു പ്രമാണം ഞാൻ കാണുന്നു** (ജഢീകം). അതെന്റെ ആത്മാവിനോട് പോരാടുന്ന പ്രമാണമാണ്. ''ആ നിയമം'' (നോമാസ്) മനസ്സിന്റെ (അകമെയുള്ളത്) ''സംസ്ഥാപിത വ്യവസ്ഥ''യാണ്, നന്മചെയ്യുവാൻ താല്പര്യമുള്ള മനസ്സ്. അതിനെ എതിർക്കുന്ന ഒരു പ്രമാണം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാം. 23ലും 25ലും ഈ പ്രമാണത്തെ പാപത്തിന്റെ പ്രമാണം എന്നു കാണാം.[44] അത് സംസ്ഥാപിക്കപ്പെട്ട ഒരു വ്യവസ്ഥയാണ്. അത് തിന്മചെയ്യുവാൻ വേണ്ടിയുള്ള ഒന്നാണ് 23-ാം വാക്യത്തിലെ ഭാഷകളെ എടുത്തുകൊണ്ട് എച്ച്. ജി. വെൽസ് മനുഷ്യനെക്കുറിച്ച് വിശദീകരിക്കുമ്പോൾ പറയുന്നത് ''നടക്കുന്ന ആഭ്യന്തരയുദ്ധം'' എന്നാണ്.[45]

ഈ തീപ്പൊരിയുദ്ധത്തിന്റെ ഫലം എന്താണ്? വളരെ ഖേദത്തോടെ പറയുന്നത് **എന്റെ ശരീരത്തിലെ അവയവങ്ങളാൽ എന്നെ** (യഥാർത്ഥ ആന്തരീക മനുഷ്യനെ) **അടിമയാക്കി തീർക്കുകയാണ്.** ആ പാപ ശരീരത്തിലെ അവയവങ്ങളാൽ അടിമയാക്കി തീർക്കുകയാണ്. ആ പാപ ശരീരത്തിലെ അവയവങ്ങളിലുള്ള പ്രമാണത്തിന് കാരണം യഥാർത്ഥ വ്യക്തി (യഥാർത്ഥ പൗലൊസ്) പൂർണ്ണമായി പരാജിതനായിക്കൊണ്ട് ലജ്ജയാൽ തലകുമ്പിട്ടിരിക്കുകയാണ്! സ്വന്തം കഴിവിൽ ആശ്രയിച്ചുകൊണ്ട് പാപത്താൽ താഴേക്ക് കൂപ്പുകുത്തി കഴിയുന്ന അവസ്ഥ.

**വാക്യം 24.** പൗലൊസിന്റെ പരാജയ ശബ്ദത്തെ റോജേർസ് ചിത്രീകരിച്ചിരിക്കുന്നത് ''വേദപുസ്തകത്തിലെ ഏറ്റവും വേദനാജനകമായ'' വാക്കുകൾ എന്നാണ്[46] **ഞാൻ അരിഷ്ടമനുഷ്യൻ!** അരിഷ്ടൻ എന്നത് ταλαίπωρος (*talaipōros*) എന്ന പദത്തിൽ നിന്നും ഉള്ളതാണ്; അതിന്റെ അർത്ഥം വളരെ ശോചനീയം, അരിഷ്ടതയാർന്ന, നിരാശാവശം എന്നൊക്കെയാണ്.[47] കഠിനാദ്ധ്വാനത്താലും പരിശ്രമത്താലും ഒന്നും നേടാൻ കഴിയാതെ കുഴങ്ങിയവൻ എന്നാശയമാണിതിലുള്ളത്.[48] പരിശ്രമിക്കാതെ പരാജയപ്പെട്ടവനല്ല പൗലൊസ്. അദ്ദേഹത്തിന്റെ ഏറ്റവും നല്ല പരിശ്രമങ്ങൾ അതിനായിട്ടുണ്ടായിരുന്നു. താൻ കുഴഞ്ഞുവീഴും വരെ ഈ കാര്യങ്ങളിൽ കഠിനാദ്ധ്വാനം ചെയ്തു. എന്നിരുന്നാലും തനിക്ക് ന്യായപ്രമാണം പാലിക്കാൻ കഴിയാതെ പോയി. അദ്ദേഹം അതിനാൽ ദൈവത്തോടു അനുസരണക്കേടുകാരനായി; അത് പാപമാണ്. ചകണ്ഡഢയിൽ തന്റെ വൈകാരികതയെ ഇങ്ങനെ പ്രകടിപ്പിച്ചു. ''ഞാനെന്നൊരുവൻ പരാജയമാണ് ഈ കാര്യങ്ങളിൽ!''

പൗലൊസിന്റെ നിരാശ നമുക്ക് ഇവിടെ അനുഭവിക്കാൻ കഴിയും. **എന്റെ മരണകരമായ ഈ ശരീരത്തിൽ നിന്നും എന്നെ ആർ വിടുവിക്കും?** *എന്താണെന്നെ* വിടുവിക്കുക എന്നല്ല താൻ ചോദിച്ചത്. മറിച്ച് *ആരെന്നെ* വിടുവിക്കും എന്നാണ്. ഇതിനെക്കാളും നല്ലൊരു പ്രമാണമല്ല തന്റെ വിടുതലിനാവശ്യമെന്ന് പൗലൊസ് പറഞ്ഞത്. ന്യായപ്രമാണത്തിന്റെ നല്ല വശങ്ങളെയെല്ലാം ഈ ഭാഗങ്ങളിൽ പൗലൊസ് എടുത്തു പറഞ്ഞത് തന്റെ അനുഭവത്തിൽ നിന്നും തന്നെയാണ്. കുറച്ചുകൂടെ കഠിനപ്രയത്നം ചെയ്ത് പാപത്തിന്റെ തടവറയിൽ കഴിയുന്നുവെന്നാണ്; അതുകൊണ്ട്, *ആരെങ്കിലും ഒരാൾ* തന്നെ ഈ മരണകരമായ ജഡത്തിൽ നിന്നും രക്ഷിക്കേണ്ടിയിരിക്കുന്നു.

''മരണകരമായ ജഡം'' എന്നതിനെച്ചൊല്ലി വേദശാസ്ത്ര പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.[49] ''മരണത്തിന്റെ പിടിയിൽ നിന്നും

വിടുവിക്കുക'' എന്നത് പ്രാചീനകാലത്തെ ''എട്രൂസ്കാൻ രാജാവിന്റെ'' തടവുകാരെ അവരുടെ ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും രക്ഷിക്കുന്നതിനെകുറിച്ചുള്ള കഥയുമായി സാമ്യപ്പെടുത്തിയാണിത് സൂചിപ്പിച്ചിരിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.[50] നമ്മൾ ചിന്തിക്കേണ്ടുന്ന ഒരു കാര്യം പാപത്തിന്റെ പ്രമാണം (7:23) എന്നത് തന്റെ ശരീരത്തിലെ അവയങ്ങളിലൂടെ വ്യവസ്ഥാപിതമായി വ്യാപിച്ച് ആത്മീക ജീവിതത്തിന് തകർച്ചയുണ്ടാക്കുന്ന അനുസരണക്കേടിനെ സംബന്ധിച്ചാണ്. അതുകൊണ്ട് പൗലൊസ് നിലവിളിക്കുന്നു, ''ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് ആരെന്നെ രക്ഷിക്കും?'' (NEB)

ഹൃദയത്തെ പിടിച്ചു കുലുക്കുന്ന ചിത്രങ്ങൾ മനസ്സിലേക്ക് വരുന്നു: മുങ്ങിത്താഴുന്ന ഒരു മനുഷ്യൻ രക്ഷിക്കുന്നതിനായി നിലവിളിക്കുന്നു, അഗ്നിബാധയുണ്ടായ ഒരു കെട്ടിടത്തിൽ നിന്ന് സഹായത്തിനായി ഒരു മനുഷ്യൻ നിലവിളിക്കുന്നു, ഗുരുതരമായി മുറിവേറ്റ ഒരു മനുഷ്യൻ ശുശ്രൂഷ ലഭിക്കുന്നതിനായി യാചിക്കുന്നു, അർബുദ ബാധിതനായ ഒരു മനുഷ്യൻ സമാശ്വാസത്തിനായി ഇച്ഛിക്കുന്നു. എന്നാൽ, പാപത്തിൽ മുങ്ങിത്താഴുന്ന, തന്റെ അവസ്ഥയെക്കുറിച്ച് അവബോധമുള്ള, അതേ സമയം തന്നെ സഹായത്തിനായുള്ള ഉറവിടത്തെക്കുറിച്ച് അജ്ഞാതനായ ഒരു മനുഷ്യന്റെ ഹൃദയഭേദകമായ നിലവിളിയോട് മുൻ പറഞ്ഞ സാഹചര്യങ്ങളൊന്നും തന്നെ താരതമ്യപ്പെടുത്തുന്നതിന് സാദ്ധ്യമല്ല: ''അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?'' ''വേദപുസ്തകത്തിലെ ഏറ്റവും ഭയാനകമായ വാർത്തയുടെ'' പരമകാഷ്ഠ പൗലൊസ് പ്രകടിതമാക്കുന്നത് ഇങ്ങനെയാണ്.

**വാക്യം 25.** ദമാസ്കസിലേക്കുള്ള വഴിയിൽ, പൗലൊസ് യേശുവുമായുള്ള ഒരു കൂടിക്കാഴ്ചയിലൂടെ കടന്നു പോയിരുന്നില്ലെങ്കിൽ, അദ്ദേഹത്തിന് തന്റെ ചോദ്യത്തിന് ഒരു ഉത്തരവും ഉണ്ടാകുമായിരുന്നില്ലായിരുന്നു – എന്നാൽ ദൈവത്തിന് സ്തോത്രം! അദ്ദേഹത്തിന് ആ അമൂല്യ അനുഭവം ലഭിച്ചു. വാക്യം 25–ൽ, നാം അഗാധതകളിൽ നിന്ന് ഉയരങ്ങളിലേക്ക്, വേദപുസ്തകത്തിലെ ഏറ്റവും ഭയാനകമായ വാർത്തയിൽ നിന്ന് ഏറ്റവും മികച്ച വാർത്തയിലേക്ക് നീങ്ങുകയാണ്. ഇവിടെ പൗലൊസ് തന്റെ ചോദ്യത്തിന് ഉത്തരം നൽകുന്നു: **"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."** വീണ്ടും, **പൗലൊസ്** തന്റെ ചിന്തകൾ ചുരുക്കുകയാണ്. ഇതിനെ വിപുലീകരിച്ചാൽ ഈ പ്രസ്താവന ഇങ്ങനെ വായിക്കാം, ''നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം (അവിടുന്ന് നടത്തും) ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.'' (കാണുക സിജെബി; എബി; എൻഐആർവി). രണ്ട് വിപുലീകരണങ്ങളും ഒരേ ആശയം തന്നെയാണ് അവതരിപ്പിക്കുന്നത്: ''ആത്മീയ ദുരന്തത്തിൽ നിന്ന് മനുഷ്യവർഗ്ഗം രക്ഷപെടാനുള്ള ഒരേയൊരു മാർഗ്ഗം യേശുക്രിസ്തുവിലൂടെ ദൈവത്തിൽ മാത്രമാണുള്ളത്![51]

വിജയാഘോഷം നിറഞ്ഞ തന്റെ പ്രഖ്യാപനത്തിൽ തന്റെ മനസ്സിലുള്ളതെല്ലാം വിശദീകരിക്കുന്നതിനായി പൗലൊസ് നിൽക്കുന്നില്ല; അദ്ദേഹം അത് അദ്ധ്യായം 8–ൽ നിർവ്വഹിക്കുന്നു. എങ്കിലും, അടുത്ത അദ്ധ്യായത്തിൽ നമ്മെ കാത്തിരിക്കുന്ന വിരുന്നിന്റെ അൽപ്പമൊരു സ്വാദ് നമുക്ക് നൽകുന്നതിൽ നിന്ന് അദ്ദേഹം പിൻവ ലിയുന്നില്ല. ജെയിംസ് ബർട്ടൻ കോഫ്മാൻ ഇങ്ങനെ എഴുതി: ''ഒരു ഇടിമിന്നലിന്റെ ഒളി പോലെ, സ്തുതിയുടെ ഈ വികാരപ്പകർച്ച, ഈ ... .അദ്ധ്യായത്തിന്റെ അന്ധകാരം തെല്ലിട നേരത്തേക്ക്

മാറ്റുകയും എട്ടാമത്തേതിൽ പൗലൊസ് എന്താണ് പറയുവാൻ പോകുന്നത് എന്നതിനെക്കുറിച്ച് (അദ്ധ്യായത്തിൽ) ദ്രുതദഗതിയിലുള്ള ഒരു വീക്ഷണത്തിന ായി നമ്മെ അനുവദിക്കുകയും ചെയ്യുന്നു.''[52]

വാക്യം 25-ലെ ആദ്യത്തെ വചനം, പൗലൊസ് നടത്തുന്ന ചർച്ചയുടെ അന ുയുക്തമായ ഒരു പരിസമാപ്തിയും ഈ അദ്ധ്യായം മികച്ചതായി അവസാന ിപ്പി ക്കുന്നതിന് നല്ലൊരു മാർഗ്ഗവുമാണ്. അതുകൊണ്ട് സമാപന ത്തിൽ പൗലോസിന്റെ വാക്കുകൾ, നമ്മെ തെല്ലൊന്നു അത്ഭുതപ്പെടുത്തി യേക്കാം: ''**ഇങ്ങനെ ഞാൻ തന്നേ** (യഥാർത്ഥ ''ഞാൻ'' ബുദ്ധികൊണ്ടു (അകത്തെ മനുഷ്യൻ) **ദൈവത്തിന്റെ പ്രമാണ ത്തെയും ജഡംകൊു** (പുറത്തെ മനുഷ്യൻ) **പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു** (''ദുഷ്ടത പ്രവർത്തിക്കുന്നതിന ുള്ള സ്ഥിരമായ പ്രവണത''). ചില കമന്റേറ്റർമാരും പരിഭാഷകരും ഈ വാക്കുകൾ തെറ്റായി സ്ഥാനം മാറിപ്പോയതായി പരിഗണിക്കുകയും അതിനെ വാക്യം 24-ന്റെ അന്ത്യ ഭാഗത്തേക്ക് നീക്കുകയും ചെയ്യുന്നു (കാണുക മൊഫറ്റ്; ഫിലിപ്സ്). ''എങ്കിൽത്തന്നെയും, ഈ വചനഭാഗത്തിന്റെ സ്ഥാനചലന ത്തെക്കുറിച്ച് ഒരു കൈയ്യെഴുത്തുപ്രതികളും തെളിവ് നൽകുന്നില്ല.''[53] എല്ലാ കൈയ്യെഴുത്തുപ്രതികളിലും വാക്യം 25 ഇളക്കമില്ലാതെ നിൽക്കുന്നതിനാൽ നമുക്ക് അത് നീക്കം ചെയ്യുന്നതിനോ അതിന് സ്ഥാനമാറ്റം കൊണ്ടു വരുന്നതിന് സ്വാതന്ത്ര്യമില്ല'' എന്നാണ് സ്റ്റോട്ട് എഴുതുന്നത്.''[54]

പ്രത്യക്ഷത്തിൽ, ക്രിസ്തുവിനെ കൂടാതെ തന്റെ ആത്മീയ സ്ഥിതിയുടെ വ്യർത്ഥതയെക്കുറിച്ച് ഒരു അന്തിമ പ്രസ്താവന നടത്തുന്നതിനാണ് പൗലൊസ് ആഗ്രഹിച്ചിരുന്നത്. ന്യായപ്രമാണം തികവോടെ പാലിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ ന്യായപ്രമാണത്തിന് അദ്ദേഹത്തിന്റെ അടിസ്ഥാന സ്വഭാവത്തെ നീക്കുന്നതിന് കഴിഞ്ഞില്ല. അതിനാൽ, അദ്ദേഹത്തിൽ നിന്ന് തന്നെ അദ്ദേഹത്തെ രക്ഷിക്കുന്നതിന് ന്യായപ്രമാണത്തിന് കഴിഞ്ഞില്ല! അതാണ് ''വേദപുസ്തകത്തിലെ ഏറ്റവും ഭയാനകമായ വാർത്ത''; എന്നാൽ ''ഏറ്റവും മികച്ച വാർത്ത'', ക്രിസ്തു അദ്ദേഹത്തെ രക്ഷിക്കുവാനായി എത്തിയെന്നുള്ളതാണ് - ഒപ്പം നമ്മെയും! റോമർ 8-ൽ നാം ഇത് വിശദമായി കാണുന്നുണ്ട്.

## കൂടുതൽ പഠനത്തിനായി:
## ''ജഡം'' എന്ന പദത്തിന്റെ പഠനം (സാർക്സ്)

''ജഡം'' (*സാർക്സ്*) പൗലൊസിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു വാക്ക് ആയിരുന്നു. പുതിയ നിയമത്തിൽ 147 പ്രാവശ്യം ഈ വാക്ക് ഉപ യോഗിച്ചിരിക്കുമ്പോൾ, അതിൽ 91 പ്രാവശ്യവും പൗലൊസ് തന്നെയാണ് ഈ വാക്ക് ഉപയോഗിച്ചിട്ടുള്ളത്.[55] റോമാ ലേഖനത്തിൽ ഇതിനോടകം തന്നെ നിരവധി പ്രാവശ്യം ഈ പദം പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു (1:3; 2:28; 3:20; 4:1; 6:19; 7:5, 18, 25). എന്നാൽ ഈ പദം ഉപയോഗിക്കപ്പെട്ടിട്ടുള്ള നിരവധി അർത്ഥ തലങ്ങൾ പഠന വിധേയമാക്കുന്നതിന് നാം സമയമെടുത്തിട്ടില്ല. *സാർക്സ്* എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കുന്നത്, 7:14-25 പഠിക്കുന്നതിൽ പ്രധാന വും റോമർ 8-ന്റെ പഠനത്തിൽ അത്യന്താപേക്ഷിതവുമാണ്.

പൗലൊസ് പരാമർശിക്കുന്ന ''ജഡം'', ''ജൻമപരമായി പാപം നിറഞ്ഞതല്ല.''[56] നോസ്റ്റിസിസം എന്ന് വിളിക്കപ്പെടുന്ന, സഭയിൽ പ്രാരംഭ ത്തിൽ പ്രചരിച്ചതായ, ഒരു വചനവിരുദ്ധ ഉപദേശം, ജഡം ദുഷ്ടത നിറഞ്ഞത

ാണെന്നും അതിൽ നൻമയായി ഒന്നും തന്നെയില്ലെന്നും പഠിപ്പിച്ചു. എന്നാൽ പൗലൊസ് അത് വിശ്വസിച്ചില്ല. ആധുനികകാലത്തെ കാൽവിനിസം പഠിപ്പിച്ചത്, ആദാമ്യ പാപത്താൽ ജഡം അശുദ്ധമായിത്തീർന്നുവെന്നാണ്. ചില ആധുനിക പരിഭാഷകൾ *സാർക്സ്* എന്ന വാക്കിനെ "പാപകരമായ പ്രകൃതി" എന്നതു പോലെയുള്ള പ്രയോഗങ്ങളിലൂടെ ഭാഷാന്തരം ചെയ്യുന്നതി ലൂടെ ഇത് പ്രതിഫലിപ്പിക്കുന്നു. എന്നാൽ ഇതല്ല തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. യേശുക്രിസ്തു സ്വയം "ജഡമായി തീർന്നു" (യോഹ. 1:14; കാണുക എബ്രാ. 2:14; 1 യോഹ. 4:2) എന്നാണ്. എന്നാൽ അവിടുന്ന് "പാപമില്ലാത്തവനായിരുന്നു" എന്നും വചനം ഊന്നിപ്പറയുന്നുണ്ട് (എബ്രാ. 4:15).

പുതിയ നിയമം *സാർക്സിനെ* ഉപയോഗിച്ചിരിക്കുന്നത് വ്യത്യസ്ത വിധങ്ങളിലാണ്. വൈൻസ് വചന-പഠന ഗ്രന്ഥം ഈ വാക്കിന്റെ പതിമൂന്ന് അർത്ഥങ്ങൾ നിരത്തുന്നുണ്ട്.[57] അമിത-ലളിതവൽക്കരണമാണെന്ന് തോന്നിയേക്കാമെങ്കിലും, ഈ ചർച്ച പ്രധാനപ്പെട്ട രണ്ട് വിഭാഗങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു - വിവിധങ്ങളായ രൂപങ്ങളോടെ.

"ജഡം" (*സാർക്സ്*) എന്ന വാക്ക് പലപ്പോഴും റോമാ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത് നാം സാധാരണമായി ഉപയോഗിക്കുന്ന അർത്ഥത്തിൽ തന്നെ പ്രയോഗിച്ചിട്ടുണ്ട്: അതിന്റെ ശാരീരികമായ അർത്ഥത്തിൽ. 2:28–ൽ "പുറമെ ജഡത്തിലുള്ള" പരിച്ഛേദനയുമായുള്ള വൈജാത്യം, ആത്മീയ "പരിച്ഛേദന" യുമായുള്ള താരതമ്യത്തിൽ കാണിക്കുന്നുണ്ട്. ആ വാക്യത്തിൽ "ജഡം" എന്നത് സൂചിപ്പിക്കുന്നത് ചർമ്മവും നമ്മുടെ അസ്ഥികളെ മൂടുന്ന ടിഷ്യുകളുമാണ്. പൗലൊസ് റോമാ ലേഖനത്തിൽ പലപ്പോഴും "ജഡം സംബന്ധിച്ച്" (1:3; 4:1, 9:3, 5) എന്ന് പ്രയോഗം നടത്തിയിരിക്കുന്നത് അർത്ഥമാക്കുന്നത് "മനുഷ്യന്റെ മാംസമായ ഭാഗം സംബന്ധിച്ച്" എന്നാണ്. അവസാനമായി, ലേഖനത്തിൽ ഒരിക്കലായി അപ്പൊസ്തലൻ സാർക്സ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് മാംസവും അസ്ഥികളും അടങ്ങിയവയെ - അതായത്, എല്ലാ മനുഷ്യരെയും പരാമർശിക്കുന്നതിനുവേണ്ടിയാണ്. മാനവന്റെ മാംസ (മനുഷ്യ) ഭാഗം സംബന്ധിച്ച്, ജഡത്തിന് ജൻമപരമായ ദുർബലതകളും പരിമിതികളും (കാണുക 6:19; 8:3) ഉണ്ടെന്ന് മനസ്സിലാക്കപ്പെട്ടിരിക്കുന്നു.

*സാർക്സ്* എന്ന പദം ഒരു ആലങ്കാരിക രീതിയിൽ ഉപയോഗിക്കുന്നതിനായി പൗലൊസ് പ്രത്യേകമായി ഇഷ്ടപ്പെട്ടിരുന്നു - ആക്ഷരികമായി, ഭൗമീകാർത്ഥത്തിൽ അല്ല മറിച്ച്, നൈതീകവും ധാർമ്മികവും ആയ അർത്ഥത്തിലാണ്. "ജഡപ്രകാരം ജീവിക്കുക" (8:4, 5, 12, 13) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ജഡീകമായ തലത്തിൽ മാത്രം ജീവിക്കുകയും ജഡീകമായ ഇച്ഛകൾക്ക് വശംവദനാ യിത്തീരുകയും ദൈവത്തോടോ മറ്റുള്ളവരോടോ ഒരു പ്രതിബദ്ധതയും പുലർത്താ തിരിക്കുകയും ചെയ്യുക എന്നുള്ളതാണ്. "ജഡത്തിലായിരിക്കുക" (7:5; 8:8, 9; കാണുക 7:14, 18, 25) എന്നത് അർത്ഥമാക്കുന്നത് ദൈവത്തിലുള്ള ആശ്രയം കൂടാതെ, സ്വന്തം സാമ്പത്തിക സാമഗ്രികളുടെ സഹായത്തോടെ ജീവിതം നയിക്കുന്നതിനുള്ള ശ്രമമാണ്. "ജഡത്തിന്റെ ചിന്ത" (8:6, 7) ഉണ്ടായിരിക്കുക എന്നാൽ ശാരീരികമായതിനെക്കുറിച്ച് മാത്രം താൽപര്യം പുലർത്തുക എന്നാണ് അർത്ഥമാക്കുന്നത്. ഉടൻ തന്നെയോ പിന്നീടോ, അത്തരം ചിന്ത പാപത്തിൽ കലാശിക്കും. അങ്ങനെയാണ് പൗലൊസ് "പാപജഡ"ത്തെക്കുറിച്ച്

പരാമർശിക്കുന്നത് (8:3). മറ്റെല്ലായിടത്തും അദ്ദേഹം പാപത്തിന്റെ ഒരു നീണ്ട പട്ടികയെ ‘‘ജഡത്തിന്റെ പ്രവർത്തികൾ’’ (ഗലാ. 5:19–21) എന്ന് ക്രോഡീകരിച്ചു.

## പ്രയോഗത്തിൽ വരുത്തൽ

### ക്രിസ്തീയ വിശ്വാസിയും ന്യായപ്രമാണവും (7:1-14)

റോമർ 7:1–14, പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് മോശെയുടെ ന്യായപ്രമാണ മായിരുന്നു (കാണുക 7:7);[58]. എന്നാൽ സാധാരണ പോലെ, പ്രയോഗം മോശെയുടെ ന്യായപ്രമാണത്തേക്കാൾ കവിഞ്ഞതാകാം. അപ്പൊസ്തലൻ ‘‘ന്യായപ്രമാണം’’ എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം (*നോമോസ്*) വിവേചഭേദകത്തിന്റെ കൂടെ (7:1–7, 12, 14)[59] ചിലപ്പോൾ ഉപയോഗിച്ചിട്ടുണ്ട്; ചിലപ്പോൾ അത് ഇല്ലാതെയും (7:1, 2, 7–9). അതിനാൽ നമുക്ക് മോശയുടെ ന്യായപ്രമാണത്തെക്കുറിച്ചും പൊതുവായുള്ള നിയമത്തെ ക്കുറിച്ചും ചിന്തിക്കാം.

*നിയമം പ്രയോജനരഹിതമല്ല.* നിയമം അതിൽത്തന്നെ പ്രയോജനരഹിതമായത് അല്ല എന്ന് ആദ്യം തന്നെ നാം ശ്രദ്ധിക്കേണ്ടതാണ്. നിയമത്തെക്കുറിച്ചും ന്യായപ്രമാണത്തെക്കുറിച്ചും മുൻ അദ്ധ്യായങ്ങളിൽ പൗലൊസ് എഴുതി യിട്ടുള്ള രീതി വായിക്കുമ്പോൾ, നിയമം മോശമാണ് എന്ന ധാരണയാണ് അത് ഉളവാക്കുക. അദ്ധ്യായം 7–ൽ, ന്യായപ്രമാണത്തിൽനിന്ന് എന്ന് അദ്ദേഹം പറയുകയായിരുന്നു (7:12). അത് പാപമല്ലായിരുന്നു; മറിച്ച് അത് പാപത്തെ *വെളിപ്പെടുത്തി* (7:7).

ഒരു രോഗിക്ക് അടിയന്തിരമായ ഹൃദയ ശസ്ത്രക്രിയ ആവശ്യമാണെന്ന് ഒരു ഡോക്ടർ പറയുമ്പോൾ, രോഗിയുടെ ആരോഗ്യ സ്ഥിതിയ്ക്ക് ഡോക്ടറാണോ ഉത്തരവാദി? ഉജ്ജ്വലമായ പ്രകാശം ചെളിയും മാലിന്യങ്ങളും വെളിപ്പെടുത്തുമ്പോൾ, പ്രകാശമാണ് മാലിന്യക്കൂമ്പാരത്തിന് കാരണമായത് എന്നാണോ അത് അർത്ഥമാക്കുന്നത്? എന്റെ കുളിമുറിയിൽ വെച്ചിട്ടുള്ള ശരീരഭാരം അളക്കുന്ന യന്ത്രം, യഥാർത്ഥത്തിൽ ഉത്തമമായി എത്ര ഭാരമുണ്ടായിരിക്കണമോ അതിലേറെയായി അമിതഭാരം കാണിക്കുന്നുവെങ്കിൽ, അതിന് ആ യന്ത്രത്തെ പഴി ചാരേണ്ടതുണ്ടോ? നമ്മുടെ വചന ഭാഗത്തിൽ, ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം പാപം വെളിപ്പെടുത്തുകയാണ് എന്ന് പൗലൊസ് ഊന്നിപ്പറയുന്നു. അത് പാപത്തിന്റെ ഉത്തരവാദിത്വം ന്യായപ്രമാണത്തിനാണ് എന്ന് അർത്ഥമാക്കുന്നില്ല.

*നമുക്ക് നിയമം വേണം.* പാപം എന്ന പ്രശ്നത്തിനുള്ള നിവാരണം, പാപത്തെ വെളിവാക്കുന്ന നിയമം തന്നെ മാറ്റിക്കളയുക എന്നതാണെന്ന് ചിലർ നിർദ്ദേശിക്കുന്നു. എന്നാൽ, ഒരു മനുഷ്യന്റെ രോഗം തിരിച്ചറിയുന്നതിന് ഒരു ഡോക്ടർ ഇല്ലെങ്കിൽ, അത് അയാൾക്ക് രോഗവിടുതൽ നൽകുമോ? പ്രകാശം ചെളിയും മാലിന്യവും വെളിപ്പെടുത്തുന്നുവെങ്കിൽ, മാലിന്യത്തിന് അവസാനമുണ്ടാകുമോ? ശരീരഭാരമള ക്കുന്നതിനുള്ള ലോകത്തെ എല്ലാ അളവു യന്ത്രങ്ങളും ഞാൻ തകർത്തു കളഞ്ഞാൽ, അത് എന്റെ ശരീര ഭാരം വർദ്ധിക്കുന്ന പ്രശ്നത്തിന് പരിഹാരമാകുമോ?

നമ്മുടെ വചന ഭാഗത്തിൽ, നമുക്ക് നിയമത്തിന്റെ *ആവശ്യകതയു*ണ്ടെന്ന് പൗലൊസ് സ്ഥാപിക്കുന്നുണ്ട്. നമുക്ക് പൊതുവായി നിയമം ആവശ്യമാണ്. റോജേഴ്സ് ഇങ്ങനെ എഴുതി: ‘‘ജീവിതത്തെ നിയന്ത്രിക്കുന്നതിനാൽ നമുക്ക് നിയമത്തോട് കൃതജ്ഞത തോന്നേണ്ടതുണ്ട്’’; അത് ‘‘ജീവിതത്തെ

സംരക്ഷിക്കുന്നു.''[60] നിയമം ഇല്ലെങ്കിൽ, അവിടെ അരാജകത്വവും ക്രമം തെറ്റിയ വ്യവസ്ഥയും മാത്രമേ ഉണ്ടാകൂ. നിയമം ഇല്ലാത്ത ഒരു സമൂഹം സ്വയം നശിക്കുന്ന ഒരു സമൂഹമായിരിക്കും. എല്ലാറ്റിനുമുപ രിയായി, നമുക്ക് ദൈവത്തി ന്റെ നിയമം ആവശ്യമാണ്. ദൈവത്തിന്റെ നിയമം (1) നിയമദാ യകന്റെ പ്രകൃതിയും സ്വഭാവ വിശേഷതയും പ്രകടമാക്കുന്നു, (2) നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥവും ഉദ്ദേശ്യവും നൽകുന്നു, (3) നാം സഞ്ചരിക്കേണ്ട പാത കാണിച്ചു തരികയും അതേ പാതയിൽ തന്നെ തുടരുന്നതിന് നമ്മെ പ്രേ രിപ്പിക്കുകയും ചെയ്യുന്നു; കൂടാതെ, (4) അനുസരണത്തിനുള്ള പ്രതിഫലവും അനുസരണക്കേ ടിനുള്ള ശിക്ഷയും തെളിച്ചു കാട്ടുകയും ചെയ്യുന്നു.

ഒട്ടേറെ വ്യക്തികളും നിയമത്തിന്റെ പരിമിതികൾ സൃഷ്ടിക്കുന്ന സ്വഭാവത്തിനെ തിരെ മൽസരിക്കുന്നു. എന്നാൽ ദൈവത്തിന്റെ നിയമങ്ങൾ നൽകപ്പെട്ടിട്ടുള്ളത് നമ്മെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ഒരു ഫാമിൽ ഞാൻ വളർന്നു കൊ ണ്ടിരുന്ന കാലയ ളവിൽ, ഞങ്ങളുടെ വളർത്തു മൃഗങ്ങളെ വേലിക്കെട്ടിനുള്ള ിലാണ് സൂക്ഷിച്ചിരുന്നത്. ഈ വേലിക്കെട്ട് മൃഗങ്ങളെ സംരക്ഷിച്ചു. ഒരു കന്നുകുട്ടി റോഡിലേക്കിറങ്ങി പ്പോകുകയും ഒരു കാർ ഇടിക്കുകയും ചെയ്യുന്നതിൽ നിന്ന് വേലി സംരക്ഷണം നൽകി. കാലിത്തീറ്റ വർഗ്ഗത്തിൽപ്പെട്ട ചെടികൾ വളർത്തുന്ന സ്ഥലത്തേക്ക് കയറി അമിതമായി തീറ്റ തിന്ന് ഗുരുതരമായി അസ ുഖം ബാധിക്കപ്പെടുന്നതിൽ നിന്ന് ആ വേലി ഒരു പശുവിനെ തടഞ്ഞിരുന്നു. വേലിക്കുള്ളിൽ അടച്ചിടപ്പെടുന്നതിന് വിസമ്മതിച്ച ചില മൃഗങ്ങളാകട്ടെ വേലി ചാടിക്കടന്നു. ഒന്നിലധികം പ്രാവശ്യം എന്റെ പിതാവ് ഇത്തരത്തിൽ വേലി ചാടിക്കടന്ന് അമിതമായ ഭക്ഷണം കഴിച്ച പശുവിന്റെയോ കുതിരയ ുടെയോ വയറ്റിലേക്ക്, ഉള്ളിലെ മർദ്ദം കുറയ്ക്കുന്നതിനായും അതിന്റെ ജീവൻ രക്ഷിക്കുന്നതിനുമായും, ഒരു കത്തി കുത്തിക്കടത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ദൈവീക നിയമങ്ങൾ നല്ലതും ആവശ്യവുമാണ്. അവ നമുക്ക് നൽകിയിരി ക്കുന്നത് നമ്മെ സഹായിക്കുന്നതിനും നമ്മെ സംരക്ഷിക്കുന്നതിനും വേണ്ടി യാണ്.

*നാം മോശയുടെ ന്യായപ്രമാണത്താൽ ബന്ധിതരല്ല.* നമുക്ക് ''നിയമം'' ആവശ്യമാണെങ്കിലും, ഇന്ന് ആരും മോശെയുടെ ന്യായപ്രമാണത്താൽ ബന്ധിതര ല്ലെന്ന് പുതിയ നിയമം വ്യക്തമാക്കിയിട്ടുണ്ട്.[61] മോശെയുടെ ന്യായപ്രമാണം നൽകിയത് താൽക്കാലിക ഉദ്ദേശ്യത്തിന് വേണ്ടിയായിരുന്നു വെന്നും ആ ഉദ്ദേശ്യം അത് നിറവേറ്റിയെന്നും പൗലൊസ് ഗലാത്യ ലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട് (ഗലാ. 3:19, 23–25). റോമാ ലേഖനത്തിൽ അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ സമീപനം വ്യത്യസ്തമായിരുന്നു: ന്യായപ്രമാണത്തിന് ഒരു മനുഷ്യന് രക്ഷ നൽകുന്നതിന് സാദ്ധ്യമല്ലെന്നുള്ളതിനാണ് അദ്ദേഹം ഊന്നൽ നൽകിയത് (3:20). അതേ സമയം തന്നെ യേശുക്രിസ്തുവിന്റെ ക്രൂശിലെ ബലിദാനത്തോടെ, മനുഷ്യർ മോശയുടെ ന്യായപ്രമാത്താൽ ബന്ധിതരല്ല എന്ന് ചൂണ്ടിക്കാണിക്കുന്നതിനും അദ്ദേഹം മടിച്ചില്ല.

റോമർ 7–ന്റെ ആദ്യ ഭാഗത്ത്, പൗലൊസ് പറഞ്ഞു, ''അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെ ഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു'' (7:4). വീണ്ടും അദ്ദേഹം പറഞ്ഞു, ''ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കകൊണ്ടു അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവി

ന്റെ പുതുക്കത്തിൽ തന്നേ സേവിക്കേണ്ടതിന്നു നാം ന്യായപ്രമാണത്തിൽന ിന്നു ഒഴിവുള്ളവരാ യിരിക്കുന്നു''(7:6). ഇവിടെ അദ്ദേഹത്തിന്റെ പഠിപ്പിക്കൽ, ദൈവത്തിന്റെ യഹൂദൻ മാരുമായുള്ള ഉടമ്പടി പൂർത്തീകരിക്കപ്പെട്ടുവെന്നും അത് നീക്കം ചെയ്യപ്പെട്ടു വെന്നുമുള്ള മറ്റ് പുതിയ നിയമ വചന ഭാഗങ്ങളിലെ വസ്തുതയുമായി ഒത്തു പോകുന്നതാണ് (കൊലൊ. 2:14; എഫെ. 2:14, 15; എബ്രാ. 7:11–22; 8:7–13; 9:1; 10:9, 10).

ന്യായപ്രമാണത്തിന്റെ പൗരസംബന്ധിയായ ചട്ടങ്ങൾ അസാധുവാക്കപ്പെട്ടിരി ക്കുന്നുവെന്നും എന്നാൽ ന്യായപ്രമാണത്തിന്റെ ധാർമ്മികപരമായ ചട്ടങ്ങൾ ഇപ്പോഴും ബാധകമാണെന്നും ചിലപ്പോൾ അഭിപ്രായപ്പെടാറുണ്ട്. മൂ ഇതിനെ വിളിച്ചത് *''പൗരസംബന്ധിയായ*തും അനുഷ്ഠാനപരമായതും *ധാർമ്മി കപരമാ യ*തുമായ നിയമങ്ങൾക്കിടയിലെ ദീർഘ കാലങ്ങളായി ആദരിക്കെ പ്പെടുന്ന ഭിന്നത'' ''ചോദ്യമുയർത്തുന്നതാണ്.'' അദ്ദേഹം പറഞ്ഞു: യഹൂദൻമാർ തീർച്ച യായും നിയമത്തെ ഇത്തരത്തിൽ വിഭജിച്ചില്ല. ആദിമ ക്രിസ്തീയ വിശ്വാസികൾ, അങ്ങനെ ചെയ്തുവെന്നതിന് പുതിയ നിയമത്തിൽ നിന്ന് തെളിവുകളൊന്നും ലഭിക്കു ന്നുമില്ല.''[62] പൗരസംബന്ധിയായ/ധാർമ്മിക സംബ ന്ധിയായ ഭിന്നത, നിയമം ദുരുപ യോഗിക്കപ്പെടുന്നതിന് കാരണമാകു മെ ന്നതാണ് അടിസ്ഥാനപരമായ ഒരു പ്രശ്നം. ഉദാഹരണമായി, പത്ത് കൽപ്പനകളാണ് ധാർമ്മിക നിയമങ്ങളുടെ അന്ത:സത്ത എന്ന് വാശി പിടിക്കുന്നത്, ഏഴാമത്തെ ദിവസം ശബ്ബത്ത് ആചരിക്കുന്നത് (കാണുക പുറ. 20:8–11) ഇപ്പോഴും നമുക്ക് ബാധകമാക്കാം. ന്യായപ്രമാണം നൽകപ്പെടുന്നതിന് മുൻപേ നില നിന്നിരുന്ന അടിസ്ഥാന ധാർമ്മിക തത്വങ്ങളെക്കുറിച്ച് ചിന്തിക്കുന്നതായിരിക്കും നന്ന് (കാണുക, ഉദാഹരണമായി ഉൽ. 9:6). അത്തരം തത്വങ്ങൾ ആദ്യം മോശയുടെ ന്യായപ്രമാണവുമായി കൂട്ടിച്ചേർക്കപ്പെടുകയും പിന്നീട് യേശുക്രിസ്തുവിന്റ പുതിയ നിയമവുമായി കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു.

റോമർ 15:4, പൗലൊസ് പറയുന്നു, ''എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു.'' പുതിയ നിയമത്തിലെ ധാർമ്മികപരമായ തത്വങ്ങൾ, പഴയ നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്നതും പ്രദർശിപ്പിക്കപ്പെട്ടിരി ക്കുന്നതും കാണുമ്പോൾ, അവയെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കുന്നതിന് അത് സഹായിക്കും.

*നാം ഇപ്പോഴും നിയമത്തിൻ കീഴിലാണ്.* നിയമത്തെക്കുറിച്ചുള്ള പൗലൊസിന്റെ ഉപദേശം, അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിച്ചതിനേക്കാൾ അപ്പുറത്തേക്ക് ചിലർ വലിച്ചു നീട്ടുന്നു. അവർ പറയുന്നു, ''നാം മോശയുടെ ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരാണെന്ന് മാത്രമല്ല, നാം ഏത് മതപരമായ നിയമത്തിൽ നിന്നും സ്വതന്ത്രരാണ്.'' നാം ഒരു നിയമത്തിന്/കർമ്മ വ്യവസ്ഥയുടെ കീഴിലല്ല എന്നത് സത്യമാണെങ്കിലും, ദൈവം നമുക്ക് അനുസരിക്കുന്നതിനായി നിയമങ്ങളൊന്നും നൽകിയിട്ടില്ലെന്നും നാം അവിടുത്തെ നിയമങ്ങളുടെ കീഴിലല്ല എന്നും അത് അർത്ഥമാക്കുന്നില്ല.

ചിലർക്ക് ''നിയമം'' എന്ന വാക്കിനോട് ഇന്ന് വെറുപ്പ് ഉണ്ടാകാം; എന്നാൽ ഈ പദം ഉപയോഗിക്കുന്നതിന് പൗലൊസും മറ്റ് പുതിയ നിയമ എഴുത്തുകാരും അൽപ്പം പോലും ശങ്ക കാണിച്ചില്ല (1 കൊരി. 9:21; ഗലാ. 6:2; യാക്കൊബ് 1:25). കൂടുതലായി, ''കൽപ്പനകൾ'' പാലിക്കുകയെന്ന ആശയം

ചിലർ ഇഷ്ടപ്പെടുന്നില്ല; എന്നാൽ യേശുക്രിസ്തു പറഞ്ഞു, ''നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെ കൽപ്പനകൾ പാലിക്കും'' (യോഹ. 14:15). ''പരിച്ഛേദന ഒന്നുമില്ല, അഗ്രചർമ്മവും ഒന്നുമില്ല, ദൈവകല്പന പ്രമാണിക്കുന്നതത്രേ കാര്യം.'' (1 കൊരി. 7:19). യോഹന്നാൻ തന്റെ ലേഖനങ്ങളിൽ ആദ്യത്തേത് എഴുതിയതിന്റെ ഉദ്ദേശ്യങ്ങളിലൊന്നു തന്നെ, ആന്റിനോമിയാനിസം, അതായത്, നിയമങ്ങൾ/ കൽപ്പനകൾ (1 യോഹ. 2:3, 4; 3:22, 24; 5:2, 3) പാലിക്കുന്നത് അപ്രധാനമാണ് എന്നുള്ള വിശ്വാസവുമായി പോരാടുന്നതിന് വേണ്ടിയായിരുന്നു.

ഇന്ന് നാം കീഴ്പ്പെട്ടിരിക്കുന്ന നിയമങ്ങൾ, യേശുകർത്താവിന്റെ പുതിയ നിയമത്തിൽ കാണപ്പെടുന്നവയാണ്. യിരെമ്യാവ് പ്രവചിച്ചിരുന്ന പുതിയ ഉടമ്പടി ഇതായിരുന്നു (യിരെ. 31:31–34; എബ്രാ. 8:7–13); ഈ ഉടമ്പടി യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ പ്രാബല്യത്തിലെത്തി (എബ്രാ. 9:15–17).

*നിയമം നമ്മെ രക്ഷിക്കുന്നില്ല, രക്ഷിക്കുന്നതിന് കഴിയുകയുമില്ല.* പുതിയ നിയമത്തിൽ കാണുന്ന നിയമങ്ങൾക്ക് നാം വിധേയരാണ്. എന്നാൽ, ഒരു നിയമത്തിനും - പുതിയ നിയമത്തിലെ നിയമങ്ങൾക്കു പോലും - നമ്മെ രക്ഷിക്കുന്നതിന് സാധിക്കില്ല എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. രക്ഷിക്കുന്നതിനുള്ള സംവിധാനം നിയമത്തിന്റെ പ്രകൃതിയിലില്ല. നിയമത്തിന് പാപത്തെ നിർവ്വചിക്കുന്നതിന് കഴിയും; എന്നാൽ അതിന് പാപത്തെ നീക്കുന്നതിനുള്ള കഴിവില്ല. അതിന് പാപത്തെ വെളിപ്പെടുത്തുന്നതിന് കഴിയും എന്നാൽ പാപത്തിന് പരിഹാരം നൽകുന്നതിന് സാധിക്കില്ല. അതിന് പാപിയെ ന്യായം വിധിക്കുന്നതിന് കഴിയും എന്നാൽ പാപിയെ ആശ്വസിപ്പിക്കുന്നതിന് കഴിയില്ല. വീണ്ടും, പ്രകാശത്തെക്കുറിച്ചുള്ള ചിത്രീകരണത്തിലേക്ക് ശ്രദ്ധിക്കാം: പ്രകാശത്തിന്റെ നിയമത്തിന് നമ്മുടെ ജീവിതത്തിലുള്ള പിളർപ്പുകളും ഗർത്തങ്ങളും തുറന്നു കാട്ടുന്നതിന് സാധിക്കും. എന്നാൽ ആ കുഴികൾ നികത്തുന്നതിന് അതിന് കഴിയില്ല. നമ്മുടെ ജീവിതത്തിന്റെ അന്ധകാരമയമായ കോണുകളിൽ ഒളിഞ്ഞിരിക്കുന്ന മാലിന്യം മറ നീക്കിക്കാണിക്കുന്നതിന് പ്രകാശത്തിന്റെ നിയമത്തിന് കഴിയും എന്നാൽ അതിന് ആ ചെളി നീക്കം ചെയ്യുന്നതിന് കഴിയില്ല.[63]

നിയമത്തിന് നമ്മുടെ പാപം നിറഞ്ഞ പ്രകൃതിയെക്കുറിച്ച് നമുക്ക് ബോദ്ധ്യം വരുത്തുന്നതിന് കഴിയുമെങ്കിലും നമ്മുടെ പാപബോധം മാറ്റുന്നതിന് കഴിയാത്ത തിനാൽ, ദൈവം മനുഷ്യരാശിക്ക് നിയമങ്ങൾ നൽകുന്നതിന് നമുക്ക് മറ്റൊരു ഉദ്ദേശ്യം കൂടി ചേർക്കാം: രക്ഷയ്ക്കായി മനുഷ്യരെ മറ്റൊരു സ്ഥലത്തേക്ക് നോക്കുന്ന തിനായി പ്രേരിപ്പിക്കുക - പ്രത്യേകിച്ചും, ദൈവീക കരുണയ്ക്കായുള്ള ഉൽക്കട കമായ ആവശ്യകതയെക്കുറിച്ച് നമ്മിൽ ബോദ്ധ്യം സൃഷ്ടിക്കുക. മോശയുടെ ന്യായപ്രമാണം നൽകപ്പെട്ടത് മനുഷ്യരെ യേശുവിലേക്ക് നയിക്കുന്നതിനാണ് (ഗലാ. 3:24) എന്ന് പൗലൊസ് പറഞ്ഞു. ഒരു അർത്ഥത്തിൽ, ദൈവത്താൽ നൽകപ്പെട്ട എല്ലാ നിയമങ്ങളും യേശുവിലേക്ക് നയിക്കുകയെന്നതാണ്.

*ഉപസംഹാരം.* ഈ സത്യങ്ങളെക്കുറിച്ച് ശ്രദ്ധാപൂർവ്വം പര്യാലോചന നടത്തുക:

നമ്മുടെ ജീവിതത്തിന് ദിശാബോധം നൽകുന്നതിനായി നമുക്ക് നിയമങ്ങൾ നൽകുന്നതിൽ ദൈവം ശ്രദ്ധാലുവാണ്.

- ഇന്ന്, നാം യേശുക്രിസ്തുവിന്റെ പുതിയ നിയമത്തിൻ കീഴിലാണ്, മോശയുടെ നിയമത്തിന് കീഴിലല്ല.
- നിയമങ്ങൾ പാലിക്കുന്നതിലൂടെ മാത്രം നമുക്ക് രക്ഷ കൈവരിക്കുവാൻ സാദ്ധ്യമല്ല; മറിച്ച് ദൈവത്തിന്റെ കൃപയാൽ നാം രക്ഷിക്കപ്പെടേണ്ടതുണ്ട്.
- ദൈവത്തിന്റെ കൃപ സ്വീകരിക്കുന്നതിനായി, യേശു പറഞ്ഞത് നാം അനുസരിക്കേണ്ടതാണ് (യോഹന്നാൻ 3:16; ലൂക്കൊസ് 13:3; മത്തായി 10:32; മർക്കൊസ് 16:15, 16; യോഹന്നാൻ 14:15).

**നിയമത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു (7:1-6)**

‘‘മനുഷ്യൻ ജീവനോടിരിക്കും കാലത്തൊക്കെയും ന്യായപ്രമാണത്തിന്നു അവന്റെ മേൽ അധികാരമുണ്ടു എന്നു നിങ്ങൾ അറിയുന്നില്ലയോ’’ (7:1) എന്ന് കുറിച്ചു കൊണ്ടാണ് പൗലൊസ് അദ്ധ്യായം 7 ആരംഭിക്കുന്നത്. ഈ ഒരു വസ്തുതയെ വിവാഹ ത്തോട് ബന്ധപ്പെടുത്തിക്കൊണ്ട് അദ്ദേഹം ചിത്രീകരിക്കന്നു: ‘‘ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി. (7:2, 3), ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർവരും; ഭർത്താവു മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു.’’ ‘‘സ്വതന്ത്രയാക്കപ്പെട്ടു’’ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്ക് പദം καταργέω (*katargeō*)-ൽ നിന്നാണ്. ഇത് ഒരു ശക്തമായ പദമാണെന്ന് മോറിസ് അഭിപ്രായപ്പെടുന്നു; ‘‘പൂർണ്ണമായും അസാധുവാക്കിത്തീർക്കുകയും റദ്ദാക്കിത്തീർക്കുകയും ചെയ്തു’’ എന്നാണ് ഇതിന്റെ അർത്ഥം.[64]

പൗലൊസ് ഇങ്ങനെയൊരു പ്രയോഗം നടത്തുന്നു: ‘‘അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴു ന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു’’ (7:4). ഇവിടെയാണ് ന്യായപ്രമാണത്തോടുള്ള നമ്മുടെ ബന്ധം സംബന്ധിച്ച് പൗലൊസിന്റെ ആദ്യത്തെ പ്രമുഖ പ്രസ്താവന: നാം ‘‘ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു.’’ ഈ ‘‘മരണം’’ സംഭവിച്ചത് ‘‘അവന്റെ മരണത്തോട് ചേരുന്നതിനായി സ്നാനമേറ്റപ്പോൾ’’ ആണ് (6:3).

ന്യായപ്രമാണസംബന്ധമായി മരിക്കുന്നതിന് മുൻപ് ജീവിതം എങ്ങനെയായിരുന്നുവെന്ന് പൗലൊസ് അടുത്തതായി സംസാരിക്കുന്നു: ‘‘നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരാഗ ങ്ങൾ മരണത്തിന്നു ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചുപോന്നു.’’ (7:5). ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം, പാപകരമായ അഭിലാഷങ്ങൾ ഉണർത്തുകയെ ന്നതല്ലായിരുന്നു. പാപത്തെ വെളിപ്പെടു ത്തുകയും അത് നിർവ്വചിക്കുകയും ചെയ്യുകയും പാപത്തെ തങ്ങളുടെ ജീവിതങ്ങളിൽ നിന്ന് നീക്കുന്നതിനായി മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുകയെന്നതാണ് അതിന്റെ ഉദ്ദേശ്യം. എങ്കിൽത്തന്നെയും, ന്യായപ്ര മാണത്തിന്റെ ഒരു ഫലം പാപകരമായ അഭിലാ ഷങ്ങൾ ഉണർത്തി യെന്നതായിരുന്നു. ന്യായപ്രമാണം

തന്റെ ഹൃദയത്തിൽ മോഹങ്ങൾ ഉണർത്തി എന്ന് 7:8–13–ൽ പൗലൊസ് ഒരു ഉദാഹരണം നൽകുന്നു.

ന്യായപ്രമാണം പാപങ്ങൾ ഉണർത്തിയത് എങ്ങനെയാണ്? ഇതാ നിരവധി അഭിപ്രായങ്ങൾ, അവ പരസ്പരം വ്യാപിച്ചു കിടക്കുന്നുവെങ്കിലും.

*ഒന്നാമതായി, ന്യായപ്രമാണം പാപത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു.* ഞാൻ നിങ്ങളോട്, "ഒരു ആനയെക്കുറിച്ച് ചിന്തിക്കരുത്" എന്ന് പറയുന്നുവെങ്കിൽ, നിങ്ങൾ ഒരു ആനയെക്കുറിച്ചു തന്നെ ഉടൻ ചിന്തിക്കും. ഒരു പക്ഷേ നിങ്ങൾ ദിവസങ്ങളായി, മാസങ്ങളായി അല്ലെങ്കിൽ ഒരു പക്ഷേ വർഷങ്ങളോളമായി ആനയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടാവില്ല. എന്നാൽ "ഒരു ആനയെക്കുറിച്ച് ചിന്തിക്കരുത്" എന്ന് ഞാൻ പറയുന്ന നിമിഷം തന്നെ അതായിരിക്കും നിങ്ങളുടെ മനസ്സിലേക്കെത്തുക. ഒരു സഭയിലെ അംഗം പത്ത് കൽപ്പനകൾ സഭയിൽ ഏറ്റു ചൊല്ലുന്നതിനെ എതിർത്തു സംസാരിച്ച ഒരു പഴയ കഥ, ബ്രൂസ് വിവരിക്കുന്നുണ്ട്. എതിർപ്പ് പ്രകടിപ്പിച്ചതിന് അയാൾ നൽകിയ കാര ണമിതാണ്: "കാരണം, അത് മനുഷ്യരുടെ തലയിലേക്ക് ഒട്ടേറെ ആശയങ്ങൾ കൊണ്ടു വരുന്നു."[65] ദൈവത്തിന്റെ വചനം നമ്മുടെ കണ്ണുകൾക്ക് മുൻപ ിൽ സൂക്ഷിക്കുന്നതിൽ (കാണുക യെഹ. 37:20) തീർച്ചയായും മൂല്യമുണ്ട്. എന്നാൽ, "നിങ്ങൾ ... ചെയ്യരുത്" കൽപ്പനകൾ മനുഷ്യരുടെ തലയിലേക്ക് ഒട്ടേറെ ആശയങ്ങൾ കൊണ്ടു വരുന്നുവെന്ന അഭിപ്രായ പ്രകടനം ഒരു പരിധി വരെ ശരിയാകാം.

*വിലക്ക് ഏർപ്പെടുത്തുമ്പോൾ, വിലക്കപ്പെട്ട വസ്തുവിന് ഒരു വിധത്തിലുള്ള ആകർഷണം കൊു വരുന്നു.* "ഇവിടെ നിന്ന് ദൂരെ മാറി നിൽക്കുക" എന്നൊരു ബോർഡ് കണ്ടാൽ, എന്തു കൊണ്ട് നാം അവിടെ നിന്ന് "ദൂരെ മാറി നിൽക്കുന്നതിന്" ആരെങ്കിലും ആഗ്രഹിക്കുന്നുവെന്ന് നാം ഉൽസുകര ായി ത്തീരുന്നു. സംഭവിക്കാവുന്ന അപകടത്തിൽ നിന്ന് നമുക്ക് മുന്നറിയിപ്പ് നൽകുന്നതിനാകാം മിക്കപ്പോഴും ആ ബോർഡ് സ്ഥാപി ച്ചിട്ടുണ്ടാകുക. എന്നാൽ നാം കാണരുതെന്ന് മറ്റാരോ ആഗ്രഹിക്കുന്ന ആകർഷണീയതയ ുള്ള എന്തോ ഒന്ന് ആ ബോർഡിന്റെ അപ്പുറത്ത് ഉണ്ടായിരിക്കില്ലേ എന്ന് നാം അത്ഭുതം കൂറുന്നു. ഇതിന്റെ ഏറ്റവും ഉച്ചകേ ാടിയിലുള്ള ഒരു ഉദാഹരമാണ് ഏദെൻ തോട്ടത്തിൽ നൻമ, തിൻമക ളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം കഴിക്കരുത് എന്ന് ദൈവമേർ പ്പെടുത്തിയ വിലക്ക് (ഉൽ. 2:16, 17; 3:1–5).

*മൂന്നാമതായി, നമ്മോട് ഒരു കാര്യം ചെയ്യരുത് എന്ന് പറയുമ്പോൾ, അതേ കാര്യം ചെയ്യണമെന്നുള്ള ഒരു പിടിവാശി നിറഞ്ഞ മനോഭാവത്തോടെ നമ്മിൽ പലരും പ്രതികരിക്കുന്നു.* ഒരു പക്ഷേ മുൻപ് നമുക്ക് അത്തരത്തിലൊരു ആഗ്രഹം ഇല്ലായിരുന്നിരിക്കാം; എന്നാൽ ഒരിക്കൽ നിരോധനമേർപ്പെ ടുത്തിക്കഴിഞ്ഞാൽ, നാം അത് ചെയ്യുന്നു. ഉദാഹരണമായി, "പെയിന്റ് ഉണങ്ങിയിട്ടില്ല. ദയവായി സ്പർശിക്കരുത്" എന്ന ഒരു ബോർഡ് നാം കാണുന്നു. ഒരു പക്ഷേ പെയിന്റ് ചെയ്ത ആ വസ്തുവിൽ, ആ ബോർഡ് വെക്കുന്നതിന് മുൻപ് സ്പർശിക്കുന്നതിന് ആർക്കും താൽപര്യമുണ്ടാ യിരിക്കില്ല. എന്നാൽ ബോർഡ് സ്ഥാപിച്ചു കഴിഞ്ഞാൽ ഉണങ്ങാത്ത പെയി ന്റിൽ വിരലടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങും.

*അവസാനമായി, അധികാരത്തിനെതിരേ എതിർപ്പുയർത്തുന്നത് ചില വ്യ ക്തി കൾക്ക് ഹർഷോൻമാദവും ശക്തിയുടെ ഒരു തോന്നലും നൽകുന്നു.* സദ ൃശ്യവാക്യ ങ്ങളിലെ അഭിസാരികയായ സ്ത്രീ, ചെറുപ്പക്കാരെ പ്രലോഭിപ്പിക്കു

ന്നതിനായി ശ്രമിച്ചു കൊണ്ട് മന്ത്രിക്കുന്നതിങ്ങനെയാണ്, ''മോഷ്ടിച്ച വെള്ള ത്തിന് മധുരമാണ്'' (സദൃ. 9:17). അധികാരികളില്ലെങ്കിൽ, എതിർപ്പുയർത്തു ന്നവരുണ്ടായിരിക്കില്ല; അതിനാൽ ഒരർത്ഥത്തിൽ അധികാരികളാണ് എതിർപ്പ് ''ഉണർത്തുന്നത്.''

മാനുഷിക പ്രവണതകളെക്കുറിച്ച് അറിയാമായിരുന്നതിനാൽ, പൗലൊസ് പറഞ്ഞു ''ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ ...'' (7:5). ''എന്നാൽ ഇപ്പോൾ,'' അദ്ദേഹം പറഞ്ഞു, ''നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവ രാകുന്നു'' (7:6). ''ഒഴിവുള്ളവരാകുന്നു'' എന്ന് തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള വാക്ക്, വാക്യം 2-ലെ തന്നെയാണ്. അവിടെ ഭർത്താവ് മരിക്കുമ്പോൾ വൈവാഹിക ബന്ധത്തിൽ നിന്ന് ''ഒഴിവുള്ളവളായിത്തീരുന്നു'' എന്ന് നാം വായിക്കുന്നു. ഈ വാക്ക് സൂചിപ്പിക്കുന്നത് പഴയൊരു ബന്ധം ''അസാധുവും റദ്ദാക്കപ്പെട്ടതും'' ആയിത്തീർക്കപ്പെട്ടിരിക്കുന്നു എന്നാണ്.

പൗലൊസ് പറഞ്ഞു, ''ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമ ാണം സംബന്ധിച്ചു *മരിച്ചിരിക്കകൊു*'' (7:6; ഊന്നൽ പ്രത്യേകമായി നൽകി യി രിക്കുന്നു), ''□നമ്മെ പിടിച്ചടക്കിയിരുന്ന'' എന്ന പ്രയോഗം ന്യായപ്രമാ ണത്തെയാണ് പരാമർശിക്കുന്നത്. ന്യായപ്രമാണത്തെ ''ആകയ ാൽ നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിഞ്ഞിട്ടില്ലാത്ത നുകം'' എന്ന് പത്രൊസ് വിശേഷിപ്പിച്ചു (അപ്പൊ. പ്രവ. 15:10). ബന്ധിപ്പിക്കുന്ന ''നുക'' വുമായുള്ള സംബന്ധത്തിൽ എപ്പോൾ, എങ്ങനെ ആളുകൾ മരിച്ചു? വാക്യം 4 അനുസരിച്ച്, ''നിങ്ങളും ക്രിസ്തുവിന്റെ (ക്രൂശിക്കപ്പെട്ട) ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു'' (7:4). അവർക്ക് ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ ഭാഗമാകുന്നതിന് സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു.

**പുതിയതായി വിവാഹം കഴിച്ചവർക്കുള്ള പാഠങ്ങൾ (7:1-6)**

7:1–6-ലെ വിപുലീകൃതമായ ഉപമ സൂചിപ്പിക്കുന്നത്, ആത്മീയമായി പറഞ്ഞാൽ ക്രിസ്തീയ വിശ്വാസികൾ ക്രിസ്തുവിന്റെ മണവാട്ടിയാണ് എന്നാണ്. ശാരീരികമായ തലത്തിൽ ചിലർക്ക് വിവാഹം എന്താണ് എന്നതി നെക്കുറിച്ച് യാതൊരു അറിവുമില്ല. അവർ വിവാഹം കഴിക്കുകയും അവിവാ ഹിതരെപ്പോലെ ജീവിതം കഴിക്കുകയും ചെയ്യുന്നു. ഇത് ആത്മീയമായും സത്യമാണ്. ക്രിസ്തു വിനോട് ''വിവാഹം കഴിക്കപ്പെട്ടിരിക്കുന്നു'' എന്നതിന്റെ അർത്ഥത്തെക്കുറിച്ച് അവർക്ക് യാതൊരു ധാരണയുമില്ല. അവർ ക്രിസ് തുവിന്റെ മണവാട്ടിയുടെ ഒരു ഭാഗമായിത്തീരുന്നുവെങ്കിലും കർത്താവിനോട് യാതൊരു പ്രതിബദ്ധതയു മില്ലാത്തതുപോലെ അവർ ജീവിക്കുന്നത് തുടരുന്നു.

''പുതിയതായി വിവാഹം കഴിച്ചവർക്കുള്ള പാഠങ്ങൾ'' എന്നാണ് ഈ പ്ര യോഗ ത്തിന് തലക്കെട്ട് നൽകിയിരിക്കുന്നത്. പങ്കാളിയോടുള്ള നിയമപ രമായ ഒരു ഏകീകരണത്തിൽ അത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ ക്രിസ്തുവുമായുള്ള നമ്മുടെ ആത്മീയ ബന്ധത്തിലാണ്. അതേ സമയം തന്നെ, നമ്മിൽ ഓരോരുത്തരും ഒരു പങ്കാളിയോടുള്ള ഭൗമികമായ ഒരു വിവാഹബന്ധത്തോട് എങ്ങനെ ബന്ധപ്പെ ടുത്താം എന്നതിനെക്കുറിച്ച് ചിലത് പഠിച്ചേക്കാം. എഫെസ്യർ 5:22–33-ൽ പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ക്രിസ്തുവിലും സഭയിലുമാണ് (എഫെ. 5:32). എന്നാൽ ഭർത്തൃ/ഭാര്യാ ബന്ധത്തെക്കുറിച്ച് പഠിക്കുന്നതിനായി നാം ഇപ്പോഴും ഈ വചന ഭാഗം ഉപ യോഗിക്കാറുണ്ട്. റോമർ 7:1–6 ദമ്പതികൾക്കും ക്രിസ്തീയ വിശ്വാസി കൾക്കും

(യേശുവുമായി സ്നാനത്തിലൂടെ ഏകീകരിക്കപ്പെട്ടവർ) ഒരേ പോലെ പ്രധാന പ്പെട്ട ചില പാഠങ്ങൾ നൽകുന്നുണ്ട്.

*പ്രതിബദ്ധത പുലർത്തുക (7:2–4).* ഒന്നാമത്തെ തത്വം, നമ്മെ വിവാഹം ചെയ്തി രിക്കുന്ന യേശുവുമായി പ്രതിബദ്ധതയുള്ള ബന്ധം പുലർത്തുകയെന്നതാണ്. റോമർ 7:1–6–ൽ പൗലൊസിന്റെ മുഖ്യ ഉദ്ദേശ്യം, വിവാഹത്തെക്കുറിച്ച് വിശദമായ നിർദ്ദേശ ങ്ങൾ നൽകുകയെന്നുള്ളതല്ല; എന്നാൽ ഒരു വസ്തുത അദ്ദേഹത്തിന്റെ വാക്കുക ളിൽ നിന്ന് പ്രകടമാണ്. വിവാഹം ഒരു *മുഴു ജീവിത* കാലയളവിലേക്കും ഉള്ളതാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. ‘‘ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവി നോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി. ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർവരും; ഭർത്താവു മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു (7:2, 3). ‘‘മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ’’ (7:4) ക്രിസ്തുവിനെ പരാമർശിക്കുന്നതിലൂടെ പൗലൊസ് യേശുവിന്റെ വിശേഷണം നൽകുക മാത്രമായിരുന്നില്ല. മറിച്ച്, 2, 3 വാക്യങ്ങളിൽ നൽകിയിരിക്കുന്ന വിവാഹബന്ധത്തെക്കുറിച്ചുള്ള ചിത്രീകരണത്തിൽ ഭർത്താവിന്റെ മരണത്തോടെ വിവാഹബന്ധം അവസാനിക്കുന്നതു പോലെ, നമ്മുടെ ക്രിസ്തുവുമാ യുള്ള ആത്മീയ വിവാഹം തകർക്കപ്പെടില്ല എന്ന് അദ്ദേഹം അടിവരയിട്ടു പറയുകയു മായിരുന്നു. ‘‘ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കയാൽ ഇനി മരിക്കയില്ല’’ (6:9).

വിവാഹം മുഴു ജീവിതകാലത്തേക്കുമുള്ളതാണ്. മറ്റെല്ലായിടത്തും, ക്രിസ്തു ഈ ചട്ടത്തിന് ഒരു ഒഴിവാക്കൽ നൽകിയിരുന്നു (കാണുക മത്തായി 19:3–9).[66] എന്നാൽ പൗലൊസ് ഇത്തരത്തിലുള്ള ഒഴിവാക്കലിനെക്കുറിച്ചല്ല സംസാരിക്കുന്നത്. ഒരു ചട്ടത്തെക്കുറിച്ച് മാത്രമാണ് അദ്ദേഹത്തിന്റെ ശ്രദ്ധ. *വിവാഹം മുഴു ജീവിതകാലത്തേക്കുമുള്ളതാണ്!* അമേരിക്കയിൽ വിവാഹ സമയത്തെടുക്കുന്ന പ്രതിജ്ഞയിൽ ‘‘നാം രണ്ടു പേരും ജീവിക്കുന്നിടത്തോളം കാലം’’ അല്ലെങ്കിൽ ‘‘മരണം നമ്മെ വേർ പിരിക്കുന്നതു വരെ’’ തുടങ്ങിയവ പോലെയുള്ള വാക്കുകൾ മിക്കപ്പോഴും അടങ്ങാറുണ്ട്. അവ ‘‘പാരമ്പര്യപര’’മായതു കൊണ്ടല്ല അവ ഉൾപ്പെടുത്തിയിരിക്കുന്നത്, എന്നാൽ അവ വിവാഹത്തെക്കുറിച്ചുള്ള ദൈവീക പദ്ധതിയാണ് വെളിപ്പെടുത്തുന്നത്.

ചില വ്യക്തികൾ വിവാഹ ഉടമ്പടിയെ ഏറെ നിസ്സാരമായാണ് കാണുന്നത് എന്നത് ദു:ഖകരമാണ്. എന്നാൽ ഇതിനേക്കാൾ ദു:ഖകരമായത്, ജീവിത കാലത്തുട നീളമുള്ള ഒരു സമർപ്പണമില്ലാതെ ചിലർ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായി ത്തീരുന്നുവെന്നതാണ്. *‘‘അവസാനത്തോളം* സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും’’ (മത്തായി 10:22; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു) എന്ന് യേശു പറഞ്ഞു.

*വിശ്വസ്തനായിരിക്കുക (7:3).* നമ്മുടെ ജീവിത പങ്കാളിയോട് വിശ്വസ്തത പുലർത്തുകയെന്നതാണ് ഈ വചന ഭാഗത്തിൽ നിന്നുള്ള മറ്റൊരു വ്യക്തമായ പാഠം. ‘‘ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർവരും’’ (7:3). ‘‘വിളിക്കപ്പെടും’’ എന്ന പ്രയോഗം, χρηματίζω (*chrēmatizō*) എന്ന പദത്തിൽ നിന്നാണ്. ഇത് അർത്ഥമാക്കുന്നത് പൊതുവായി അറിയും. ഫിലിപ്സ് പറയുന്നു: ‘‘വ്യഭിചാരത്തിന്റെ സാമൂഹിക

ദുഷ്കീർത്തി അവൾ നേടുന്നു.''

പഴയ നിയമത്തിൽ, യിസ്രായേൽ യഹോവയുടെ മണവാട്ടിയാകേണ്ട തായിരുന്നു; എന്നാൽ, ആളുകൾ തുടർച്ചയായി ''അന്യ ദൈവങ്ങളോട് പരസ ംഗം ചെയ്തു'' (ന്യായ. 2:17; കാണുക 8:33; 1 ദിന. 5:25). തത്ഫലമായി, ആത്മീയ വ്യഭിചാരത്താൽ യിസ്രായേൽ മക്കൾ കുറ്റം ചുമത്തപ്പെട്ടു (കാണുക യെഹ. 23:27). നാമും ആത്മീയ വ്യഭിചാരത്തിന്റെ കുറ്റക്കാരായി തീർന്നേക്കാം. എങ്ങനെ? യേശുവിന് മുകളിലായുള്ള സ്ഥാനത്ത് എന്തെങ്കിലും – അത് എന്തായാലും – പ്രതിഷ്ഠിക്കുന്നതിലൂടെ. യാക്കൊബ് എഴുതി, ''(ആത്മീയ) വ്യഭിചാരിണികളാ യുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്ന വനെല്ലാം ദൈവത്തിന്റെ ശത്രുവാ യിത്തീരുന്നു'' (യാക്കൊബ് 4:4). യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു: ''എന്നെ ക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടു ന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല'' (മത്തായി 10:37; കാണുക 6:33).

വിവാഹിതനായ ഒരു പുരുഷൻ അല്ലെങ്കിൽ സ്ത്രീ അയാളുടെ അല്ലെങ്കിൽ അവരുടെ വൈവാഹിക പങ്കാളിയോട് അവിശ്വസ്തത കാട്ടുന്നത് ഹൃദയഭേദ കമാണ്. ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായവർ യേശുവിനോട് അവിശ്വ സ്തത കാട്ടുന്നത് അതിലേറെ ഹൃദയ ഭേദകമാണ്. കർത്താവ് ആഗ്രഹിക്കുന്ന ''ശുദ്ധവും നിഷ്കളങ്കവുമായ'' മണവാട്ടിയായി (എഫെ. 5:27)–ത്തീരുന്നതിന് നമുക്ക് യത്നിക്കാം. യേശു സ്മുർന്നയിലെ സഭയോട് പറയുന്നു, ''നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണ പര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവ കിരീടം നിനക്കു തരും'' (വെളി. 2:10).

*ഫലം കായ്ക്കുക* (7: 4, 5). നാം ക്രിസ്തുവുമായി ''വിവാഹം കഴിക്കപ്പെട്ട വരായ'' തിനാൽ, നാം ഫലം പുറപ്പെടുവിക്കുകയും ''ദൈവത്തിന് ഫലം കായ്ക്കുകയും'' ചെയ്യേണ്ടതാണ്. യേശു പറഞ്ഞു, ''നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും'' (യോഹ. 15:8). ''എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ (ദൈവം) നീക്കിക്കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു'' (യോഹ 15:2). ''ഫലം നൽകാത്ത ഒരു ക്രിസ്തീയ വിശ്വാസി, കലർപ്പില്ലാത്ത ഒരു ക്രിസ്തീയ വിശ്വാസിയല്ല'' എന്ന് ജോൺ മാക്ആർതർ ജൂനിയർ ശഠിക്കുന്നു.[67]

പൗലൊസ് 7:4–ൽ ഇടയ്ക്ക് വെച്ച് പൊടുന്നനെ പ്രഥമ പുരുഷനിൽ (''നാം'') നിന്ന് മദ്ധ്യമ പുരുഷനിലേക്ക് (''നിങ്ങൾ'') മാറുന്നു: ''അതുകൊ ണ്ടു സഹോദരന്മാരേ, *നാം* ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു ... *നിങ്ങളും* ക്രിസ്ത ുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു'' (പ്രത്യേക ഊന്നൽ നൽകിയിരി ക്കുന്നു). വാക്യം 5–ൽ പ്രഥമ പുരുഷന്റെ ഉപ യോഗം തുടരുന്നുണ്ട്. ''*നാം* ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ മരണ ത്തിന്നു ഫലം കായ്ക്കത്തക്കവണ്ണം *നമ്മുടെ* അവയവങ്ങളിൽ വ്യാപരിച്ചുപോന്നു'' (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

ഒരു പക്ഷേ, പൗലൊസ് തന്റെ സ്വന്തം മാനസാന്തരത്തെക്കുറിച്ച് ഓർമ്മിച്ചു കാണണം. അദ്ദേഹം ന്യായപ്രമാ ണത്താൽ ''കെട്ടപ്പെട്ടിരുന്നപ്പോൾ'' (7:6), താൻ ദൈവത്തിന് വേണ്ടി ഫലം പുറപ്പെടുവിക്കു കയായിരുന്നുവെന്നാണ് അദ്ദേഹം കരുതിയിരുന്നത് (അപ്പൊ. പ്രവ. 26:9). ക്രിസ്തു അദ്ദേഹത്തിന് പ്രത്യക്ഷനായപ്പോൾ താൻ മരണ ത്തിനായുള്ള ഫലം മാത്രമാ യിരുന്നു പുറപ്പെടുവിച്ചിരുന്നത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു!

*സഹായിക്കുന്നവരാകുക (7:6).* കർത്താവിനെ സേവിക്കുന്നതിലെ നമ്മുടെ മനോഭാവം എന്താണ്? അവിടുത്തെ സേവിക്കുന്നതിൽ നാം നീരസം കാട്ടേണ്ട തുണ്ടോ? കർത്താവ് നമുക്ക് ചെയ്തത് എന്താണെന്ന് നാം മനസ്സിലാക്കിയിട്ടു ണ്ടെങ്കിൽ നാം അങ്ങനെയുള്ളവരാകില്ല. അവിടുന്ന് നമ്മെ എത്രയധികം വിവിധ ങ്ങളായ വിധങ്ങളിൽ സേവിച്ചു! എങ്കിൽ, ഏറ്റവും കുറഞ്ഞ രീതിയിലെങ്കിലും നാം അവിടുത്തെ സേവിക്കേണ്ടതില്ലേ? നാം അവനെ സ്നേഹിക്കുന്നുവെങ്കിൽ അത്രയുമായിരിക്കില്ല ചെയ്യുന്നത്. കൽപ്പനകൾ അനുസരിക്കുന്നതിലേറെയായി, കർത്താവിനു വേണ്ടി ഏറെ ചെയ്യുന്നതിന് സ്നേഹം നമ്മെ പ്രചോദിപ്പിക്കും! അത് നമ്മെ ഒരു അന്തിമ പോയിന്റിലേക്ക് കൊണ്ടു വരുന്നു.

*സ്നേഹിക്കുന്നവരായിരിക്കുക (7:6).* ഒരു കൂട്ടം ചട്ടങ്ങൾ അന ുസരിക്കുന്നത് മാത്രമല്ല വൈവാഹിക ബന്ധം. അത് രണ്ട് വ്യക്തികൾ പരസ്പരം സ്നേഹിക്കുകയും പരസ്പരം സന്തോഷം നൽകുന്നതിന് ശ്രമിക്കുകയും ചെയ്യുന്നതാണ് അത്. ദൈവം നൽകിയ ഈ ഭർത്തൃ-ഭാര്യാ പദവിയിൽ അതൃപ്തരായ ഏതാനും ദമ്പതികളെ എനിക്ക് അറിയാം. അവർ ഇങ്ങനെ പിറുപിറുക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്: ''വേദപുസ്തകം അങ്ങനെ പഠിപ്പിക്കുന്നതു കൊണ്ട് ഞങ്ങൾക്ക് മറ്റൊരാളെ തിരഞ്ഞെടുക്കുന്നതിന ുള്ള അവസരമില്ല.'' ക്രിസ്തുവിന്റെ പുതിയ നിയമം ചുമത്തിയ ആവശ്യോപ ാധികളിൽ അസന്തുഷ്ടരായി കാണപ്പെടുന്ന കൂടുതൽ വിശ്വാസികളെ എനിക്ക് അറിയാം. അവരുടെ മനോവൃത്തി ഇങ്ങനെയാണ്: ''ദൈവം ഇങ്ങനെയൊക്കെ കൽപ്പിച്ചിരിക്കു ന്നതിനാൽ ഞങ്ങൾക്ക് ഇതെല്ലാം ചെയ്യേണ്ടി വരുന്നു.''

ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായവർ, ''ചെയ്യേണ്ടി വരുന്നു'' എന്നതിൽ നിന്ന് ''ചെയ്യുന്നതിനാഗ്രഹിക്കുന്നു'' എന്നതിലേക്ക് നീങ്ങേണ്ടതാണ്. എപ്പോഴും നിർബന്ധം കാട്ടുന്ന ഒരു ജീവിത പങ്കാളിയുടെ *അനുശാസനങ്ങൾ*ക്ക് പല്ലിറുമ്മി ക്കൊണ്ട് വഴങ്ങിക്കൊടുക്കുന്ന വിഷാദകരമായ സ്ഥാനം വിട്ട്, സ്നേ ഹനിധിയായ ഒരു ഭർത്താവിന്റെ *ഇച്ഛകൾ* ആഹ്ലാദപൂർവ്വം നിവർത്തിക്കുന്ന, ഉയർത്തപ്പെട്ട ഒരു സ്ഥാനത്തേക്ക് നാം നീങ്ങേണ്ടതാണ്. യോഹന്നാൻ ഇങ്ങനെ പറഞ്ഞു: ''അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ട് നാം സ്നേഹിക്കുന്നു'' (1 യോഹ. 4:19; കെജെവി). ഡി. സ്റ്റുവർട്ട് ബ്രിസ്കോ ഇങ്ങനെ വിശദീകരിക്കുന്നു, ''ക്രിസ്തുവു മായുള്ള വിവാഹം, വൈമനസ്യം കൂടാതെ കീഴടങ്ങിയിരിക്കുകയും ആനന്ദത്തോടെ അനുസരിക്കുകയും ചെയ്യുന്ന, സ്നേഹത്തിന്റെ ഒരു ബന്ധമാ ണ്.'' ബ്രിസ്കോ തുടർന്നു പറയുന്നു: ''പൗലൊസ് 'അക്ഷരത്തിന്റെ പഴക്കം' എന്ന് വിവരിക്കുന്നത് മിക്കപ്പോഴും തണുത്തതും നീരസമുറഞ്ഞതുമാണ്; പിന്നീട് പറയുന്ന 'ആത്മാവിന്റെ പുതുക്കം' പുതുമയുള്ളതും നൈസർഗ്ഗികവുമാണ്.''[68]

*ഉപസംഹാരം.* ഇനി ഞാൻ മൂന്ന് സത്യങ്ങൾ ഉയർത്തിക്കാട്ടട്ടെ. ഒന്നാമതായി, ആത്മീകമായി നിങ്ങൾ ഒരാളെ അല്ലെങ്കിൽ ഒന്നിനെ വിവാഹം കഴിച്ചിരിക്കു കയാണ്. ശാരീരികമായും നിയമപരമായും നിങ്ങൾക്ക് അവിവാഹിതനായോ വിവാഹിതനായോ തുടരാം. എന്നാൽ ആത്മീക മണ്ഡലത്തിൽ, അതല്ല സത്യം.

നിങ്ങൾ ക്രിസ്തുവിനെ വിവാഹം കഴിച്ചിട്ടില്ലെങ്കിൽ നിങ്ങൾ മറ്റെന്തോ ഒന്നിനെ വിവാഹം കഴിച്ചിരിക്കുകയാണ്. നിങ്ങളുടെ "ജീവിത പങ്കാളി", ഒരു പക്ഷേ ഏതോ മനുഷ്യ-നിർമ്മിതമായ മത വ്യവസ്ഥയാകാം, നിങ്ങളുടെ സ്വാർത്ഥത നിറഞ്ഞ ആഗ്രഹങ്ങളാകാം അല്ലെങ്കിൽ എന്തും - എന്നാൽ നിങ്ങൾ ക്രിസ്തു ഒഴിച്ച് മറ്റെന്തിനെയോ വിവാഹം കഴിച്ചിരിക്കുകയാണ്.

രണ്ടാമതായി, കലർപ്പില്ലാത്തതും നീണ്ടു നിൽക്കുന്നതുമായ ആഹ്ലാദം നിങ്ങൾക്ക് അറിയുവാൻ സാധിക്കുന്ന ഒരേയൊരു മാർഗ്ഗം, ക്രിസ്തുവുമായി വിവാഹ ബന്ധത്തിലായിരിക്കുകയെന്നതാണ്. ഇതിനോടകം സൂചിപ്പിച്ചതു പോലെ, സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്; യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മനുഷ്യരുടെ സംഘമാണ് സഭ (എഫെ. 5:23, 25; അപ്പൊ. പ്രവ 20;28). കർത്താവിന്റെ ഇച്ഛയെ അനുസരിക്കുന്നതിനായി നിങ്ങളുടെ വിശ്വാസം നിങ്ങളെ നയിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്ക പ്പെടുന്നു (6:3, 4, 17, 18). ആ ഘട്ടത്തിൽ, ദൈവം നിങ്ങളെ സഭയോട് ചേർക്കുന്നു (അപ്പൊ. പ്രവ. 2:36-38, 41, 47; കെജെവി; കാണുക 1 കൊരി. 12;13). നിങ്ങൾ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമാകുന്നു. നിങ്ങളുടെ വിശ്വാസം, സ്നാനമേൽക്കുന്നതിലൂടെ നിങ്ങൾ പ്രകടിപ്പിച്ചി ട്ടില്ലെങ്കിൽ, ഉടൻ തന്നെ അങ്ങനെ ചെയ്യുന്നതിന് ഞാൻ നിങ്ങളെ പ്രോത് സാഹിപ്പിക്കുന്നു.

മൂന്നാമതായി (ഈ ചർച്ചയുടെ മുഖ്യമായ ഊന്നൽ ഇതാണ്), നിങ്ങൾ ഒരിക്കൽ ക്രിസ്തുവിനോട് വിവാഹ ബന്ധത്തിലൂടെ ചേർന്നു കഴിഞ്ഞാൽ, നിങ്ങൾ അതേ പോലെ *പ്രവർത്തിക്കേതു്.* ഞാൻ വിവാഹിതന ായപ്പോൾ (വളരെ "പക്വതയാർജ്ജിച്ച" പത്തൊൻപതാം വയസ്സിൽ), എനിക്ക് വിവാഹത്തെ ക്കുറിച്ച് അവ്യക്തമായൊരു ചിത്രം മാത്രമേ ഉണ്ടായിരുന്നുള്ളു. വിവാഹിതനായി ത്തീരുകയെന്നാൽ എന്താണ് അർത്ഥമെന്ന് മനസ്സിലാക്കു ന്നതിനായി ഞാൻ അൻപതു വർഷങ്ങളിലേറെ ചെലവഴിച്ചു കഴിഞ്ഞിര ിക്കുന്നു; എനിക്ക് ഇനിയുമേറെ പഠിക്കാനുണ്ട് (എന്റെ ഭാര്യയ്ക്ക് നിങ്ങളോട് പറയുവാൻ കഴിയുന്നതു പോലെ). ഒരു പക്ഷേ നിങ്ങൾ ആത്മീയമായി പുതി യതായി വിവാഹം ചെയ്യപ്പെട്ട, അതായത് പുതിയതായി വിശ്വാസത്തി ലെത്തിയ ക്രിസ്തീയ വിശ്വാസിയായിരിക്കാം. അങ്ങനെ യെങ്കിൽ, ഈ പാഠത്തിന്റെ മുഖ്യ ഉദ്ദേശ്യങ്ങൾ നിങ്ങളുടെ പുതിയ ബന്ധത്തിൽ ഉൾപ്പെട്ടിരിക്കുന്നത് എന്താണെന്ന് മനസ്സിലാക്കുന്നതിനായി നിങ്ങളെ സഹായിക്കു കയെന്നതാണ്. നിങ്ങൾ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരു ഭാഗമാണെന്നും നിങ്ങൾക്ക് ഇനിപ്പറയുന്ന ഗുണങ്ങൾ വളർത്തിയെടുക്കേണ്ട തുണ്ടെന്നും നിങ്ങൾ മന സ്സിലാക്കേണ്ടതുണ്ട്: പ്രതിബദ്ധത, വിശ്വസ്തത, ഫലദായകത്വം, സഹായിക്കു ന്നതിനുള്ള ഒരുക്കം, സ്നേഹം.

**വ്യത്യസ്ത ഭർത്താക്കൻമാർ (7:4)**

ന്യായപ്രമാണത്തോട് "വിവാഹം ചെയ്യപ്പെട്ടിരിക്കുന്ന" അവസ്ഥ എന്തായിരിക്കും? വിട്ടുവീഴ്ചയ്ക്കൊരുങ്ങാത്ത, എല്ലാറ്റിലും പൂർണ്ണത വേണമെന്ന് നിർബന്ധബുദ്ധിയുള്ള ഒരു വ്യക്തിയുമായി വിവാഹം ചെയ്യപ്പെട്ട യുവപ്രായത്തിലുള്ള ഒരു വധുവായി നിങ്ങളെത്തന്നെ സങ്കൽപ്പിക്കുക. അയാൾ മോശം സ്വഭാവമുള്ള ഒരു വ്യക്തിയല്ല. എന്നാൽ, സ്വയം "പൂർണ്ണത" പുലർത്തുന്ന ഒരു വ്യക്തിയെന്ന നിലയിൽ, അയാൾ നിങ്ങൾക്കും എല്ലാറ്റി ലും പൂർണ്ണത വേണമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ ദിവസവും നിങ്ങൾ

ചെയ്യേണ്ട കാര്യങ്ങളുടെ ഒരു പട്ടിക അയാൾ തയ്യാറാക്കുന്നു. പട്ടികയിലുള്ള ഓരോ ഇനവും പൂർണ്ണതയോടെ ചെയ്യുന്നതിലുള്ള പരാജയത്തിന് ഒരു ഒഴിവുകഴിവും അയാൾ സ്വീകരിക്കുന്നില്ല. തന്റെ നിർബന്ധങ്ങൾ പൂർത്തീക രിക്കപ്പെടുന്നത് സംബന്ധിച്ച്, അയാൾ ഒരു സഹതാപവും കാണിക്കാ തിരിക്കുകയും അതിൽ തന്നെ ഉറച്ചു നിൽക്കുകയും ഒരിക്കലും സഹായം നൽകാതിരിക്കുകയും ചെയ്യുന്നു (ഗലാ. 3:10). അത്തരമൊരു മനുഷ്യനുമായുള്ള വൈവാഹിക ബന്ധം നിങ്ങൾക്ക് ആസ്വാദ്യകരമായിരിക്കുമോ അതോ ഓരോ ദിവസത്തെയും അഭിമുഖീകരി ക്കുന്നത് നിങ്ങൾക്ക് അതീവ വൈഷമ്യമുള്ളതായിരിക്കുമോ? ന്യായപ്രമാണത്തോട് ''വിവാഹം ചെയ്യപ്പെട്ടിരിക്കുന്ന'' അവസ്ഥ ഇങ്ങനെയായിരിക്കും. അത് ആവശ്യങ്ങൾ ഉന്നയിച്ചു; അത് പരാജയത്തെ തുറന്നു കാട്ടുകയും പരാജയത്തെ ന്യായം വിധിക്കുകയും ചെയ്തു; എന്നാൽ അത് സ്ഥിരമായി ഒരു പ്രതിവിധിയും നൽകിയില്ല. അതേ പോലെ, യഥാർത്ഥത്തിലുള്ള ഒരു പ്രത്യാശയും.

എന്നാൽ, ക്രിസ്തുവിനോട് ''വിവാഹം ചെയ്യപ്പെട്ടിരിക്കുന്ന'' അവസ്ഥയെന്താണ്? ക്രിസ്തു പൂർണ്ണതയല്ലേ? അതേ, ന്യായപ്രമാണത്തേക്കാൾ അനന്തമായി പൂർണ്ണതയുള്ളയാൾ (എബ്രാ. 4:15; 9:14). ന്യായപ്രമാണം ചെയ്ത പോലെ അത്രത്തോളം തന്നെ ക്രിസ്തു ചെയ്യുന്നതിനായി ആവശ്യപ്പെട്ടോ? അതേ, അതിലേ ക്കാളുമേറെ (മത്തായി 5:27, 28; എഫെ. 5:27). എന്നാൽ എന്താണ് വ്യത്യാസം? കർത്താവ് നമ്മെ സ്നേഹിക്ക ുന്നുവെന്നതാണ് വ്യത്യാസം; അവിടുന്ന് അത്രയ ധികം സ്നേഹ ിക്കുന്നതിനാൽ, നമുക്ക് വേണ്ടി മരിക്കുവാൻ തയ്യാറായി (എഫെ. 5:25). ഒരു വ്യത്യാസം കൂടി – അവിടുത്തെ സ്നേഹം മൂലം, നമുക്ക് ചെയ്യുന്ന തിന് സാധിക്കാത്തവ ചെയ്യുന്നതിനായി കർത്താവ് നമ്മോട് ആവശ്യപ്പെടില്ല.

**മനുഷ്യവർഗ്ഗത്തിന്റെ ആന്തരിക പോരാട്ടങ്ങൾ (7:14-25)**

പ്രാചീന കാലത്തെ രചനകളിൽ മുതൽ ഇന്നത്തെ കൃതികളിൽ വരെ, മനുഷ്യ വർഗ്ഗത്തിന്റെ ആന്തരിക പോരാട്ടങ്ങളെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ നിറെയയുണ്ട്. റോബർട്ട് ലൂയിസ് സ്റ്റീഫൻസൺ-ന്റെ ഡോ. ജെക്കൈൽ ആൻഡ് മിസ്റ്റർ ഹൈഡ് എന്ന് ക്ലാസിക് ഗ്രന്ഥത്തിൽ ഈ ആന്തരിക പോരാട്ടത്തിന്റെ അത്യന്തമായ ഒരു ഉദാഹരണം കാണാം.[69] കുറേക്കൂടി സമീപ കാലത്ത്, *ദ് മിസ്സിംഗ്* എന്ന ശീർഷകമുള്ള ഒരു ''പാശ്ചാത്യ'' ചിത്ര ത്തിൽ, വിശ്വാസഘാതകനായ ഒരു ഇൻഡ്യാക്കാരൻ നായക കഥാപാ ത്രത്തോട് ഇങ്ങനെ വെല്ലുവിളിയുയർത്തി: ''നിങ്ങളുടെ ഉള്ളിൽ രണ്ട് നായകളുണ്ട്. ഒന്ന് ദുഷ്ടത നിറഞ്ഞത്; മറ്റേത് നല്ല സ്വഭാവമുള്ളത്. ദുഷ്ടത നിറഞ്ഞ നായ്, നല്ല സ്വഭാവമുള്ള നായയോട് എപ്പോഴും പോരടിക്കു ന്നു ... ഏതാണ് വിജയിക്കുക?'' ആദ്യം നായക കഥാപാത്രം ഇങ്ങനെ പറഞ്ഞു, ''എനിക്കറിയില്ല''; എന്നാൽ പിന്നീട് അയാൾ ഒരു അന്തിമ നിഗമനത്തിലെത്തുന്നു: ''ഞാൻ ഏറ്റവുമധികം തീറ്റി കൊടുക്കുന്നത് ഏതിനാണോ അത്.''[70]

തീർച്ചയായും, റോമർ 7:14–25–ൽ പൗലോസ് എഴുതിയ സംഘർഷം, കൃത്യമായും ഇവിടെ നൽകിയ ഉദാഹരണങ്ങളുടെ അതേ വിധത്തിലുള്ളതായിരുന്നില്ല. ആ സംഘർഷങ്ങളിൽ, ദുഷ്ടത പ്രവർത്തിക്കുന്നതിനുള്ള ആന്തരി കമായ ഒരു ഇച്ഛയുണ്ടായിരുന്നു. എന്നാൽ പൗലൊസിന്റെ സംഘർഷങ്ങളിൽ നൻമ മാത്രം പ്രവർത്തിക്കുന്നതിനുള്ള ഹൃദയപൂർവ്വമാ

യാരു ഇച്ഛയായിരുന്നു ഉണ്ടായിരുന്നത് – തുടർച്ചയായി അദ്ദേഹത്തിന് പൂർത്തീകരിക്കുന്നതിന് കഴിയാതിരുന്ന ഒരു ഇച്ഛ. എങ്കിൽത്തന്നെയും, പൗലൊസിന്റെ ആന്തരികമായ ഈ സംഘർഷം, മനുഷ്യരാശിയുടെ ആന്തരിക പോരാട്ടങ്ങളോട് സമാനമാണ്. ഇത് നമ്മിൽ ഓരോരുത്തരുടെയും ജീവിത ങ്ങളിൽ പ്രായോഗികമായി ഉപയോഗ പ്പെടുത്താവുന്ന കാര്യങ്ങൾ നമുക്ക് നൽകുന്നു.

കൺട്രി (ഒരു സംഗീതശൈലി) ഗായകനായിരുന്ന ജോണി കാഷ്, രണ്ട് നായകളുടെ ചിത്രങ്ങൾ പുറം കവറിൽ നൽകിയിട്ടുള്ള ഒരു ആൽബം ഒരിക്കൽ പുറത്തിറക്കി. ഒരു നായ വെളുത്ത വരകളോടു കൂടിയ കറുത്ത നിറ ത്തിലുള്ളതും മറ്റേത് കറുത്ത വരകളോടു കൂടിയ വെളുത്ത നിറത്തിലുള്ളതും ആയിരുന്നു. ഒരു അഭിമുഖത്തിൽ കാഷ് ഈ രണ്ട് നായകളും തന്നെത്തെ ന്നയാണ് പ്രതിനിധീകരി ക്കുന്നത് എന്ന് പറഞ്ഞു: "ഞാൻ വല്ലാതെ മോശമായിരുന്നപ്പോൾ, ഞാൻ അത്ര യേറെ മോശമായിരുന്നില്ല. ഞാൻ നല്ലവനാകുന്നതിന് ശ്രമിക്കുകയായിരുന്നപ്പോൾ, എനിക്ക് അത്രയേറെ നല്ലവനാകുന്നതിനും കഴിഞ്ഞില്ല."[71] "ഞാൻ ചില സമയങ്ങളി ലായിരുന്നതു പോലെ തന്നെ, എല്ലായ്പ്പോഴും എനിക്ക് നല്ലവനായിത്തീരുന്നതിന് കഴിഞ്ഞ ിരു ന്നുവെങ്കിലെന്ന് ഞാൻ ആശിക്കുന്നു"[72] എന്ന് പറഞ്ഞ വ്യക്തിയോട് നമ്മിൽ ഭൂരിഭാഗം പേർക്കും സഹാനുഭൂതി പ്രകടിപ്പിക്കുവാൻ കഴിയും.

**ആശ ക്രിസ്തുവിൽ കാണുന്നു (7:14-25)**

റോമർ 7:14–25–ലെ പൗലൊസ് ചൂണ്ടിക്കാണിക്കുന്ന പ്രാഥമികമായ വസ്തുത, ന്യായപ്രമാണത്തിന് കീഴിലുള്ള, ക്രിസ്തുവില്ലാത്ത ഒരു വ്യക്തി ആത്മീയ പരാജയ ത്തിലേക്ക് നിപതിക്കുന്നതിന് വിധിക്കപ്പെട്ടവനാണ് എന്നായിരുന്നു. ന്യായപ്രമാ ണത്തിന് വിശുദ്ധീകരിക്കുവാൻ കഴിഞ്ഞില്ല; അതിന് കഴിയുമായിരുന്നുമില്ല. അങ്ങനെ, വർഷങ്ങളായി പൗലൊസിന്റെ വാക്കുകൾ വിശുദ്ധൻമാരുടെയും പാപികളുടെയും ഹൃദയങ്ങളെ ഒരേ പോലെ സ്പർശിച്ചിട്ടുണ്ട്. ആയിരങ്ങൾ പറഞ്ഞിട്ടുണ്ട്, "അദ്ദേഹം പറയുന്നതിന്റെ അർത്ഥമെന്താണെന്ന് ശരിക്കും എനിക്ക് അറിയാം. എനിക്കും അങ്ങനെ തന്നെ തോന്നിയിട്ടുണ്ട്!"

ഈ വചന ഭാഗത്തിൽ നിന്ന് എന്ത് പ്രായോഗിക പാഠമാണ് നാം സ്വീകരിക്കുക? പ്രാഥമികമായ ഒരു പാഠം, ജീവിതം ആശയറ്റതാണ് എന്നതാണ് എന്ന് ചിലർ കരുതുന്നുവെന്നതാണ്. അവർ പറയും, "അപ്പൊസ് തലനായ പൗലൊസിന് അത് പൂർത്തീകരിക്കുന്നതിന് സാധിച്ചില്ലെങ്കിൽ, ഞാൻ എന്തു കൊണ്ട് ശ്രമിക്ക പോലും ചെയ്യണം?" പ്രകടമായും, അവർ വാക്യം 25–ന്റെ ആദ്യഭാഗം വിട്ടു കളഞ്ഞുവെന്ന് മനസ്സിലാക്കാം. ക്രിസ്തു കൂടാതെയുള്ള ജീവിതം ആശാരഹിതമാണ് എന്നത് യാഥാർത്ഥ്യം തന്നെയാണ് – എന്നാൽ ദൈവത്താൽ സകലവും സാദ്ധ്യമാണ്! (ഫിലി. 4:13; കാണുക മർക്കൊസ് 10:27)

അർദ്ധ മനസ്സോടെ ക്രിസ്തീയ ജീവിതം ജീവിക്കുന്നതിനുള്ള ശ്രമങ്ങൾ ന്യായീകരിക്കുന്നതിനായി ഈ വചനഭാഗം ഉപയോഗിക്കുന്ന വ്യക്തികള ുണ്ട്:[73] "എന്നെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ പാപം എന്നെ കുഴയ്ക്കുന്നു; പക്ഷേ, കുഴപ്പമില്ല, കാരണം പൗലൊസിനും ഇതേ പ്രശ്നം തന്നെയുണ്ടായിരുന്നു. പൗലൊസിന് ആ ജീവിതം കൊള്ളാവുന്നതാ യിരുന്നുവെങ്കിൽ, എനിക്കും ഇത് മതിയാകും." ഇങ്ങനെ ചിന്തിക്കുന്നവർ

വാക്യങ്ങൾ 24, 25 എന്നിവ അവഗണിക്കുകയാണ്. പൗലൊസിന് പരാജയം "കൊള്ളാവുന്നത്" ആയിരുന്നില്ല. പരാജയം അദ്ദേഹത്തെ കർത്താവിലേക്ക് നോക്കുന്നതിന് പ്രേരിപ്പിച്ചു. അവിടുന്ന് അദ്ദേഹത്തിന് വിജയം നൽകി (8:37).

മൂല്യവത്തായ നിരവധി പാഠങ്ങൾ നമുക്ക് 7:14–25–ൽ നിന്ന് പെറുക്കിയെടുക്കാവുന്നതാണ്:[74] *അറിവ് മാത്രമായുള്ളത് അപര്യാപ്തമാണ്.* അറിവ് പ്രധാനമാണ് (അജ്ഞത പ്രോൽസാഹിപ്പിക്കുന്നതിന് ആരും ആഗ്രഹിക്കില്ല); എന്നാൽ അതിന് സ്വയം ഈ പാപരോഗം നിറഞ്ഞ ലോകത്തിന് സൗഖ്യം നൽകുന്നതിന് സാദ്ധ്യമല്ല. ചിലർ വിശ്വസിക്കുന്നത്, "ആളുകൾ കൂടുതൽ അറിവ് നേടുമ്പോൾ, അവർക്ക് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുവാൻ കഴിയും" എന്നാണ്. എന്നാൽ അറിവിന്റെ അപര്യാപ്തതയായിരുന്നില്ല പൗലൊസിന്റെ പ്രശ്നം. അദ്ദേഹത്തിന് എന്താണ് ചെയ്യേണ്ടതെന്നും എങ്ങനെയാണ് ചെയ്യേണ്ടതെന്നും അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന് അതേ വിധത്തിൽ അത് ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല.

*നിർണ്ണയം കൈക്കൊള്ളൽ മാത്രം അപര്യാപ്തമാണ്.* കൂടുതൽ നന്നായി ജീവിക്കണമെന്ന നിർണ്ണയത്തിലെത്തുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാൽ ഇത് എല്ലാ പ്രശ്നങ്ങൾക്കും നിവാരണം കൊണ്ടു വരുന്നില്ല. ചിലർ കരുതുന്നത് ആളുകൾ പരാജയപ്പെടുന്നതിന് കാരണം, അവർ "കഠിനമായി പരിശ്രമിക്കാത്തതു കൊണ്ടാണ്" എന്നാണ്. പൗലൊസ് ശരിയായ കാര്യങ്ങൾ ചെയ്യുന്നതിന് ആഗ്രഹിച്ചിരുന്നു. മാത്രവുമല്ല, ശരിയായി ചെയ്യുന്നതിന് അദ്ദേഹം അതീവമായ പരിശ്രമം നടത്തുകയും ചെയ്തു. എന്നിട്ടും അദ്ദേഹം പരാജയമടഞ്ഞു.

*പ്രശ്നം എന്താണെന്ന് മനസ്സിലാക്കുന്നതു കൊ് മാത്രം ഫലം ലഭിക്കുന്നില്ല.* "മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു താൻ വിടുവിക്കപ്പെടേണ്ടതാണ്" (7:24) എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന് അതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുന്നതിന് കഴിഞ്ഞിരുന്നില്ല. കൃത്യമായ രോഗനിർണ്ണയം മാത്രം നിഷ്ഫലമായിരുന്നു; അദ്ദേഹത്തിന് ഒരു പ്രതിവിധി ആവശ്യമായിരുന്നു.[75]

*പ്രത്യാശ യേശുക്രിസ്തുവിലാണ് കണ്ടെത്തുന്നത്.* തീർച്ചയായും, ഈ വചനഭാഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാഠം, പൗലൊസ് ആയിരുന്നതു പോലെ നിരാശ നമ്മെ കീഴ്പ്പെടുത്തിക്കളയുമ്പോൾ, പ്രത്യാശയുണ്ട് എന്നതാണ്. നമ്മുടെ പ്രത്യാശ, പാപത്തിൽ നിന്നും മരണത്തിൽ നിന്നും നമ്മെ വിടുവിക്കുന്ന ക്രിസ്തുവിലാണ്. പൗലൊസ് ഉദ്ഘോഷിക്കുന്നു, "നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു!'" (7:25). വേദപുസ്തകത്തിലെ ഭയാനകമായ വാർത്തയുടെ പിന്നാലെ ഏറ്റവും ആഹ്ലാദകരമായ വാർത്തയുമെത്തുന്നു!

### പ്രശ്നം തുറന്നു കാട്ടപ്പെടുന്നു (7:14-25)

*പീനട്ട്* എന്ന കോമിക് സ്ട്രിപ്പിൽ, ലൂസിയുടെ "സൈക്യാട്രിക് സ്റ്റാൻഡി" ലേക്ക് ചാർളി ബ്രൗൺ എത്തുന്നു. ലൂസി ചോദിക്കുന്നു, "പിന്നെയും നിരാശനായോ ചാർളി ബ്രൗൺ?" എന്നിട്ട് അവൾ പറയുന്നു: "നിങ്ങൾ നിങ്ങളായതാണ് നിങ്ങളുടെ പ്രശ്നം." ചാർളി ബ്രൗൺ പ്രതികരിച്ചു: "എനിക്ക് അതിൽ എന്തു ചെയ്യാൻ കഴിയും?" ലൂസി പറഞ്ഞു: "ഞാൻ ഉപദേശം നൽകുന്നതായി ഭാവിക്കുന്നില്ല; ഞാൻ പ്രശ്നം ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്യുന്നത്."[76]

ന്യായപ്രമാണം എന്താണോ ചെയ്തത്, അതേ പോലെയാണ് ലൂസിയും ചെയ്തത്: അത് പ്രശ്നം ചൂണ്ടിക്കാട്ടി എന്നാൽ യഥാർത്ഥത്തിലുള്ളതോ സ്ഥിരമായുള്ളതോ ആയ ഒരു നിവാരണം അത് നൽകിയില്ല.

റോമാ ലേഖനം അദ്ധ്യായം 7-ലെ പൗലൊസിന്റെ ഊന്നൽ, മോശയുടെ ന്യായപ്രമാണത്തിലായിരുന്നു. ഒരർത്ഥത്തിൽ ന്യായപ്രമാണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഏത് നിയമത്തെക്കുറിച്ചും നമുക്ക് പറയാവുന്നതാണ്. നിയമത്തിന് പ്രശ്നം ചൂണ്ടിക്കാട്ടുവാൻ സാധിക്കും. എന്നാൽ നാം കൽപ്പന കൾ അനുസരിക്കാതിരിക്കുമ്പോൾ ഉണ്ടാകുന്ന കുറ്റബോധം നീക്കുന്നത് നിയമത്തിന്റെ സ്വഭാവത്തിലില്ല. ജഡത്തിന്റെ ബലഹീനത കാരണം, നമുക്ക് പൂർണ്ണതയോടെ നിയമം പാലിക്കുവാൻ - ഏത് നിയമമായാലും - കഴിയില്ല. അതു കൊണ്ടാണ് നമുക്ക് ക്രിസ്തു ഏറ്റവും അടിയന്തിരമായി അത്യന്താപേക്ഷിതമായിരിക്കുന്നത് (7:25). ക്രിസ്തുവില്ലെങ്കിൽ നമുക്ക് വിലപിക്കുവാൻ മാത്രമേ കഴിയുകയുള്ളു, ''അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ!'' (7:24).

### ആത്മാവ് ബലപ്പെടുത്തിയിരിക്കുന്നു (7:14-25)

14 മുതൽ 25 വരെയുള്ള വാക്യങ്ങൾ ചിത്രീകരിക്കുന്നത്, നല്ല മനുഷ്യനായി ജീവിക്കുന്നതിനും തന്റെ സ്വന്തം ശക്തിയിൽ നല്ല പ്രവർത്തികൾ ചെയ്യുന്നതിനും ശ്രമിക്കുന്ന, ന്യായപ്രമാണത്തിന് കീഴിലുള്ള ഒരു വ്യക്തിയെയാണ്. വ്യക്തിഗത മായതിനെ വ്യഞ്ജിപ്പിക്കുന്ന ''ഞാൻ'' എന്ന സർവ്വനാമം, തുടർച്ചയായി വചന ഭാഗത്തിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ തുടർന്നു വരുന്ന ഭാഗവുമായി തികഞ്ഞ വൈരുദ്ധ്യം പുലർത്തുന്നതാണ് ഈ വചനഭാഗം. അദ്ധ്യായം 7, ''എനിക്ക്'' തനിച്ച് പ്രവർത്തിക്കുന്നതിന് സാദ്ധ്യമല്ല എന്ന് കാണിക്കുന്നു. എന്നാൽ അദ്ധ്യായം 8, ''ഞാൻ'' അധികം പരിശുദ്ധാത്മാവിന് ചെയ്യുവാൻ കഴിയും എന്ന് പറയുന്നു.

ഈ വചനഭാഗത്ത് നിന്നും കൂടുതൽ പൊതുവായ ഒരു പ്രായോഗിക സത്യം നമുക്ക് രൂപപ്പെടുത്തുവാൻ കഴിയുമോ? തീർച്ചയായും. സമർപ്പണമുള്ള ക്രിസ്തീയ വിശ്വാസികൾ പോലും, ദൈവം പ്രദാനം ചെയ്യുന്ന ആത്മീയ സ്രോതസ്സുകൾ അവഗണിച്ചുകൊണ്ട് ചിലപ്പോൾ അവരുടെ സ്വന്തം ശക്തിയിലൂടെ നൻമ പ്രവർത്തിക്കുന്നതിന് ശ്രമിക്കാറുണ്ട്.

### മനുഷ്യന്റെ ബലഹീനത (7:14)

നിങ്ങൾ എണ്ണച്ചായം ഉപയോഗിച്ചുള്ള ചിത്രരചന പഠിപ്പിക്കുന്ന ഒരു ക്ലാസിലാണ് എന്ന് സങ്കൽപ്പിക്കുക. നിങ്ങളുടെ മുൻപിൽ ഒരു ചിത്രം - ഉദാത്തമായ ഒരു മാസ്റ്റർപീസ് - വെച്ചിരിക്കുന്നു. അത് പകർത്തി വരയ്ക്കുന്നതിനായി നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾ നിങ്ങളുടെ വർണ്ണങ്ങൾ മിശ്രിതപ്പെടുത്തി നിങ്ങളുടെ ക്യാൻവാസിൽ പുരട്ടുന്നു. നിങ്ങളുടെ പെയിന്റിംഗിൽ നിങ്ങൾ അതീവ ശ്രദ്ധയോടെയുള്ള പരിശ്രമം നടത്തുന്നു. നിങ്ങളുടെ കഴിവിന്റെ പരമാവധി നിങ്ങൾ പ്രയോഗിക്കുന്നു. എങ്കിൽത്തന്നെയും, നിങ്ങളുടെ ക്യാൻവാസിലുള്ള ചിത്രം, നിങ്ങൾ പകർത്തുന്നതിന് ശ്രമിക്കുന്ന ചിത്രവുമായി അൽപ്പം പോലും സാമ്യം പുലർത്തുന്നില്ല. ഇതിന്റെ അർത്ഥം ആ ഉൽകൃഷ്ട കലാസൃഷ്ടിയ്ക്ക് ന്യൂനതകളുണ്ടെന്നാണോ? അല്ല, പ്രശ്നം നിങ്ങളിലാണ്; നിങ്ങളുടെ കഴിവിന്റെ പരിമിതികൾ മൂലം.

ഇതേ പോലെ, ന്യായപ്രമാണം അതിന്റെ വിശുദ്ധിയോടും നീതിയോടും നൻമയോടും കൂടി പൗലൊസിന്റെ മുൻപിൽ വെച്ചിരുന്നു - പൗലൊസിനോട് അത് "പകർത്തുവാൻ" (അതിന്റെ ചട്ടങ്ങൾ അനുസരിക്കുവാൻ) ആവശ്യപ്പെട്ടു. അദ്ദേഹം അതിന് ഏറ്റവും കഠിനമായി ശ്രമിച്ചു; തന്റെ കഴിവിന്റെ പരമാവധി പ്രയോഗിച്ചു. എന്നിട്ടും, അദ്ദേഹത്തിന്റെ ശ്രമങ്ങൾ അപര്യാപ്തമായി ത്തീർന്നു. തെറ്റ് ന്യായപ്രമാണത്തിന്റേതായിരുന്നില്ല, എന്നാൽ പൗലൊസിന്റെ കുറവുകളായിരുന്നു.

---

കുറിപ്പുകൾ

[1]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 189. [2]James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 186. [3]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 182. [4]Stott, 193. [5]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 271–72, n. 10. [6]Writers have criticized Paul for his "lack of logic." How audacious it is for uninspired men to criticize an inspired man because he does not adhere to human rules of logic! [7]Some avoid a change in the figure by pointing out that a wife "dies as a wife" when her husband dies. In other words, she is still a woman but is no longer a wife. [8]Morris, 273. [9]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 93. [10]D. Martyn Lloyd-Jones, *Romans: An Exposition of Chapters 7:1—8:4* (Grand Rapids, Mich.: Zondervan Publishing House, 1973), 51–54.

[11]John MacArthur, Jr., *Romans 1—8*, The MacArthur New Testament Commentary (Chicago: Moody Press, 1991), 362. [12]Stott, 196. [13]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 221. [14]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 50 (emphasis added). [15]One argument for "spirit" (small "s") is that there is no definite article in the Greek text before the word translated "spirit." The text literally reads "in newness of spirit." [16]Morris, 277. [17]The English words "desire" and "desires" are found elsewhere in Romans, where they refer to good desires (9:18; 10:1). However, those words are translated from a different Greek word. [18]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 140. [19]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 440. [20]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 94.

[21]Vine, 151 (emphasis added). [22]Morris, 283. In Revelation 12:9, Satan is identified as the one "who deceives the whole world" (see 2 Cor. 2:11; 11:14; Eph. 6:11). [23]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 138. Similar points are made in Barclay, 96. [24]J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*, The Standard Bible Commentary (Cincinnati: Standard Publishing, n.d.), 353. [25]Paul probably used "the Law" and "the commandment" interchangeably. If any distinction is to be made, it may be between "the Law" as a whole and "the commandment" as one component of the Law. [26]Barclay, 97. [27]Moo, 233. [28]J. W. MacGorman, "Romans 7 Once More," *Southwestern Journal of Theology* (Fall 1976): 31. [29]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 63. [30]Edwards, 184.

[31]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 103. [32]For example, compare Mt. 17:11 and 17:12. [33]It might also be noted that the average Jew probably did not have that kind of inner turmoil (see 10:1–4). [34]Thomas, 51–52. [35] Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 72. [36]Some ancient manuscripts have the related word σαρκικός (*sarkikos*), but the manuscript evidence favors *sarkinos*. The two words are similar in meaning. [37]See *For Further Study: A Word Study on "Flesh"*

(Sarx), page 442. [38]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 914. [39]The text contains several first class conditional sentences in which "if" basically means "since." [40]Bauer, 504.

[41]See Ibid., 338; Edwards, 192. [42]Elsewhere, Paul used inner/outer imagery in a Christian context (see 2 Cor. 4:16; Eph. 3:16), as opposed to a non-Christian context. [43]Philippians 2:13 says that God can help us "both to will and to work." [44]Some find three different "laws" in verse 23, but the first and the third are both said to be in the "members" of his body. Therefore, they probably refer to the same "law." [45]H. G. Wells, *The History of Mr. Polly* (New York: Duffield and Co., 1909), 6. [46]Rogers, 108. [47]Bauer, 988. [48]C. G. Wilke and Wilibald Grimm, *A Greek-English Lexicon of the New Testament*, trans. and rev. Joseph Henry Thayer (Edinburgh: T. & T. Clark, 1901; reprint, Grand Rapids, Mich.: Baker Book House, 1977), 614. [49]Some believe that "death" in this verse refers to physical death. [50]Bruce, 147; see Virgil *Aeneid* 8.485–488.

[51]Those who interpret "the body of this death" in verse 24 to mean "the body doomed to physical death" think the first part of 7:25 refers to the bodily resurrection (see Rom. 8:11; 1 Cor. 15:53–57). Probably, 7:25a should not be confined to such a limited interpretation. [52]James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation Publishing House, 1973), 275. [53]MacGorman, 34. [54]Stott, 214. [55]Morris, 274. [56]Ibid., 293. [57]Vine, 242–43. [58]In the context of 7:8–13, "the commandment" specifically refers to the commandment not to covet (7:7). [59]The term "commandment" (ἐντολή, *entolē*), meaning "law," always has a definite article in the Greek text (7:8–13). [60]Rogers, 101.

[61]Non-proselyte Gentiles were never bound by the Law, even in Old Testament times. [62]Moo, 223. [63]Adapted from Charles R. Swindoll, *The Grace Awakening* (Fullerton, Calif.: Insight for Living, 1990), 15; D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 148. [64]Morris, 271. [65]Bruce, 121. [66]Some attempt to isolate Romans 7:1–6 and say that there is no scriptural reason for divorce, but a basic principle of interpretation is to consider all that the Bible says on a given subject. [67]MacArthur, 364. [68]Briscoe, 144. [69]This illustration was given in Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 53. [70]Ron Howard, prod., *The Missing* (Santa Monica, Calif.: Revolution Studios, 2003).

[71]Quoted in Craig Brian Larson, ed., *Contemporary Illustrations for Preachers, Teachers, & Writers* (Grand Rapids, Mich.: Baker Books, 1996), 184. [72]Quoted by Glen Pace in a sermon preached at Judsonia church of Christ, Judsonia, Arkansas, c. 2001. [73]This thought is based on comments by Moo, 246, and Jim Hylton, *Just Dying to Live* (Kalamazoo, Mich.: Master's Press, 1976), 78. [74]These lessons are adapted from Barclay, 100. [75]Jim McGuiggan noted, "The bulk ... of our teaching and preaching is diagnosis. As important as this is, it isn't the whole answer at all. Cancer diagnosed remains cancer and needs more than recognition" (Jim McGuiggan, *The Book of Romans*, Looking Into The Bible Series [Lubbock, Tex.: Montex Publishing Co., 1982], 228). [76]Townsend, 57.